MALAYALANADU WEEKLY, QUILON AUGUST 25 1974
PHONES 2825, 3362

മലയാളനാട് വാരിക

പത്രാധിപർ
എസ്. കെ. നായർ

താളുകൾ മറിക്കുമ്പോൾ

കത്തുകൾ 2

ലേഖനം:
ആശാൻകവിതയുടെ അന്തർധാര
—സി. പി. ശ്രീധരൻ 3
വിശ്വാസത്തകർച്ചയല്ല സ്പന്ദനമാണ് —മിഹിരൻ 17
പ്രിയചങ്ങാതി, ചങ്ങമ്പുഴേ.
—ജി. പി. ശങ്കരമംഗലം 47

കവിത:
യുറേക്ക —പി. നാരായണക്കുറുപ്പ് 9

കഥ:
അവരോഹണം —രാജാമണി 10
എന്റെ മൃതശരീരം എരിയുന്ന നേരം —എം. സി ചാക്കോ 22
ഭിക്ഷാടനം —യു. എ. ഖാദർ 28

നോവൽ:
കുട്ടംതെററി മേയുന്നവർ
— എം. മുകുന്ദൻ 25
ആയിരം കാതം ദൂരെ
—പെരുമ്പടവം ശ്രീധരൻ 31
ആത്മഹത്യാമുനമ്പ്
—എം. ഡി. രത്നമ്മ 37
ബോബി
—കെ. എ. അബ്ബാസ് 54

പംക്തികൾ:
സാഹിത്യവാരഫലം
— എം. കൃഷ്ണൻനായർ 15
സ്ത്രീ അവളുടെ ഭംഗി
—വി. ടി നന്ദകുമാർ 43
കഷായം —സുകുമാർ 49
ഗ്രന്ഥവിമർശനം
—പി. ഭാസ്കരനുണ്ണി 51
മുഖഭാഗചിത്രങ്ങൾ
—വി. ബി. സി. നായർ 59

മുഖചിത്രം
ഫോട്ടോ ഹരിശിവറാം

പുസ്തകം ആറ് ലക്കം പത്തൊന്ന് 1150 ചിങ്ങം 9

ചെമ്പൻകുഞ്ഞു് കരയുന്നു

മലയാളനാട്ടിൽ ഈ ലക്കത്തിൽവന്ന വി. ബി സി. നായരുടെ ലേഖനം വായിച്ചു. അതിൽ ശ്രീ. കൊട്ടാരക്കരശ്രീധരൻനായക്കു് "ചോററാനിക്കരഭഗവതി"യുടെ ഔട്ട്ഡോർ സെററിൽവച്ചു് ഉണ്ടായി എന്നു് അനുസ്മരിക്കുന്ന രംഗം സത്യസന്ധമാണെന്നു് അറിയിച്ചുകൊള്ളട്ടെ!

ഒരു കാറിൽ അദ്ദേഹത്തെ ചോററാനിക്കരകൊണ്ടുവന്നു. കൂടെ അദ്ദേഹത്തിന്റെ ഇളയകുട്ടിയും ഉണ്ടായിരുന്നു. കളിക്കാനോ, മററു പ്രാഥമികകൃത്യങ്ങൾ നിർവഹിക്കാനോ സൗകര്യമില്ലാത്ത ഒരു മുറിയിൽ അദ്ദേഹത്തെ കുടിയിരുത്തി. ഞാനും ശ്രീ കാലാക്കൽ കുമാരനും ഇതേ ഗതികേടിൽപെട്ടു് തൊട്ടടുത്തമുറിയിൽ ഴയുകയായിരുന്നു. മാത്രമല്ല ഒരു പാവപ്പെട്ട നടിയും, അവരുടെ അമ്മയും. അവർ തിരിച്ചുപോയ കഥ ഒരു ഇതിഹാസമാണു് നടിയുടെ പേരു് രഹസ്യമായിരിക്കട്ടെ!

ഒരാഴ്ചയോളം ഞങ്ങൾ—കൊട്ടരക്കര, കാലാക്കൽ.നടി, ഞാൻ ആ ക്യാമ്പിൽ ജീവിച്ചു.

എന്നോടു് ഇ ഗതിയെ പെരുമാറിയതിൽ എനിക്കു് ദുഃഖം തോന്നിയില്ല. പ്രസിദ്ധനും, പ്രശസ്തനും ആയ ആ നാടകാചാര്യനോടു് ആ നർമ്മാതാവു് ഇങ്ങനെ പെരുമാറുന്നതായിരുന്നു. ഷൂട്ടിംഗ് പൂർത്തിയാക്കാൻ കഴിയാതെ അദ്ദേഹം ക്യാമ്പിൽനിന്നും യാത്രപറയുമ്പോൾ ഒരു മാല പണയംവച്ചു് കൃപാ വാങ്ങേണ്ടിവന്നു.

ഇതേ ഗതികേടു് ക്യാമറാമാൻ ശ്രീ. മാധവനിനായക്കു്, എനിക്കും കാലാക്കലനും ഉണ്ടായി.

യാത്രതിരിക്കുമ്പോൾ അദ്ദേഹം എന്നോടു പറഞ്ഞ ഒരു വാചകം ഞാൻ ഓർക്കുന്നു; സുകു ഞാൻ "കൊട്ടരക്കര ശ്രീധരൻനായരായിപ്പോയി ശ്രീധരിയായിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കയില്ലായിരുന്നു."

ഒരു ശോകാന്തകഥാപാത്രംപോലെ അദ്ദേഹം കൈവീശി യാത്രപറയുമ്പോൾ എനിക്കു് വിളിച്ചുപറയണമെന്നുതോന്നി:

—"കർത്താവേ, ഇവർ ചെയ്യുന്നതും, പറയുന്നതും എന്താണെന്നു് ഇവർക്കുപോലും അറിഞ്ഞുകൂടാ."

—വൈക്കം സുകുമാരൻനായർ
സംഗമം തിയേറേറഴ്സ്
കോഴിക്കോടു്.

...*...

മനോഹരമായ വിവർത്തനം

'ഡബ്നർ' മാസികയിൽവന്ന കമലാദാസ്സിന്റെ പ്രബന്ധത്തെപ്പററി സാഹിത്യവാരഫലത്തിലെ ശ്രീ. കൃഷ്ണൻനായരുടെ ആസ്വാദനം അനുയോജ്യമായിരിക്കുന്നു. അവരുടെ ചിത്രത്തിൽ ദർശിക്കാവുന്ന സൌന്ദര്യവും, വിഷാദഭാവവും, ശാന്തതയുമെല്ലാം അവരുടെ തൂലികാത്തുമ്പിൽനിന്നുമുറുന്ന മഷിയിലടങ്ങിയിട്ടില്ലേ? ഡബ്നറിലെ പ്രബന്ധം ഒന്നിലധികം തവണ ഞാൻ വായിച്ചു അതു് പൂർണ്ണമായും ശ്രീ കൃഷ്ണൻനായർ വിവർത്തനംചെയ്തു് പ്രസിദ്ധീകരിച്ചിരുന്നെങ്കിലെന്നു്, അദ്ദേഹം ഒരു ഖണ്ഡികയ്ക്കു് നൽകിയിട്ടുള്ള മനോഹരമായ വിവർത്തനം വായിച്ചപ്പോൾ ഞാനാഗ്രഹിച്ചുപോയി.

പുനലൂർ ശ്രീധരൻ, പ.നാ.

—o—

മലയാളനാടു് വാരിക അറിയിപ്പു്.

അടുത്തലക്കം മലയാളനാടു് വാരിക ഓണപ്പതിപ്പായി പ്രസിദ്ധീകരിക്കുകയാണു്. ഓണം അവധി പ്രമാണിച്ചു് ഓഫീസും പ്രസ്സും ആഗസ്റ്റ് 29, 30, 31 എന്നീ തീയതികളിൽ അവധി ആയതുകൊണ്ടു് സെപ്ററംബർ 8-ാംതീയതിയിലെ മലയാളനാടു് വാരിക ഉണ്ടായിരിക്കുന്നതല്ല

—മാനേജർ.

ആശാൻ കവിതയുടെ അന്തർധാര

സി. പി. ശ്രീധരൻ

കുമാരനാശാന്റെ ജന്മശതാബ്ദി അവസാനിച്ചു—ആശാൻ അർഹിക്കുന്നതും അർഹിക്കാത്തതുമായ എത്രയോ വിശേഷണങ്ങളും വിമർശനങ്ങളും നാം കേട്ടു. പക്ഷേ, നിത്യവർത്തമാനത്തിന്റെ മഹാകവിയായ ആ മനുഷ്യന്റെ സ്വതന്ത്ര അനാവരണം ചെയ്യുന്നതിനും, കാലാവതിവർത്തിയായ ആ കവിതകളുടെ നിഗൂഢസൌന്ദര്യച്ചെപ്പുകൾ തുറക്കുന്നതിനുമുള്ള പരിശ്രമങ്ങൾ നിരൂപകപക്ഷത്തുനിന്നു് ഇനിയാണുണ്ടാകേണ്ടതു്. ശതാബ്ദിയാഘോഷവേളയിൽ അലയടിച്ചുയർന്ന ശബ്ദഘോഷങ്ങളിൽനിന്നകന്നുമാറി, നിസ്സംഗമായും ഏറെക്കുറെ വസ്തുനിഷ്ഠമായും വിലയിരുത്താനുള്ള സ്വസ്ഥതയും സൗകര്യവും ഇപ്പോൾ കൂടുതലായിരിക്കുമല്ലോ. ആശാൻ വിപ്ലവപ്രസ്ഥാനത്തിന്റെ നായകനായിരുന്നോ, ആശാൻകവിതയിൽ വിപ്ലവസ്ഫുലിംഗങ്ങളേ കാണാനില്ലേ, വാദിച്ചുജയിക്കുകയല്ലല്ലോ, കാവ്യവിമർശനങ്ങളുടെ ലക്ഷ്യം. ഏതായാലും, ഈ രണ്ടു പക്ഷക്കാരും മിക്കപ്പോഴും യോജിച്ചുകണ്ടിട്ടുള്ള ഒരു കാര്യത്തെക്കുറിച്ചു ചിന്തിക്കുകയാണു് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

സ്തോത്രകൃതികളെഴുതുകയും, അമ്പലനടയിൽ ഭജനമിരിക്കുകയും, ധ്യാനത്തിലും പ്രാർത്ഥനയിലും മുഴുകുകയും ചെയ്ത കുമാരകവി ബംഗാളിൽപോയി തിരിച്ചുവന്നതോടെ ഒരു പുനർജ്ജന്മമുണ്ടായി വീണപൂവു് ആശാന്റെ പുനർജ്ജന്മത്തിന്റെ പ്രകടനപത്രികയാണു്. അഥവാ വീണപൂവിന്റെ ചെമ്പനയോടെ സ്തോത്രകൃതികളുടെ കർത്താവായ ആ പഴഞ്ചൊല്ലു കുമാരനാശാൻ വിപ്ലവശക്തിയായി പുനരവതാരം ചെയ്തിരിക്കുന്നു: ആശാൻകവിതയെ സമഗ്രപഠനം നടത്തുന്ന വിമർശകന്മാർക്കു് ഈ അടിത്തറ ആശാൻബോധപൂർവ്വം ശ്രമിച്ചിരുന്നുവെന്നേ വ്യാഖ്യാനമുള്ളൂ. കവിയുടെ അവതാരികകളും പ്രസ്താവനകളും വായിച്ചാലറിയാം, ഒരു മാസ്ററർപീസാനന്തരം ആശാൻ എഴുതുന്നതിനു് അദ്ദേഹം രചിച്ചതെന്നു്. 'മാസ്റ്റർപീസ്' (മഹത്കൃതി) ഏതെന്നു സംശയിക്കത്തക്കവിധം ഉൽകൃഷ്ടകൃതികളെഴുതിയ ഒരു മാസ്റ്റർമൈൻഡ് (മഹാമനസ്സ്) കൃപപ്പെട്ടുത്തിയതാണു് ആ മാസ്ററർപീസ്ക്കുകൾ എങ്കിലും. തീവ്രചിന്തകൾക്കിടയിലും സർഗ്ഗവൈഭവം കത്തിജ്വലിക്കുന്ന മഹാപ്രതിഭകൾക്കു്, അബോധമനസ്സിന്റെയും ഉപബോധമനസ്സിന്റെയും ടോർച്ചുവെളിച്ചമില്ലാതെ മാത്രമേ സഞ്ചരിക്കുവാൻ കഴിയൂ. ആ കൈവിളക്കിന്റെ പ്രകാശമത്രേ, കവിയുടെ യഥാർത്ഥ ആശാൻബോധപൂർവ്വം ശ്രമിച്ചിരുന്നുവെന്നേ വ്യാഖ്യാനമുള്ളൂ. കവിയുടെ അവതാരികകളും പ്രസ്താവനകളും വായിച്ചാലറിയാം, ഒരു മാസ്ററർപീസാനന്തരം ആശാൻ എഴുതുന്നതിനു് അദ്ദേഹം രചിച്ചതെന്നു്. 'മാസ്ററർപീസ്' (മഹത്കൃതി) ഏതെന്നു സംശയിക്കത്തക്കവിധം ഉൽകൃഷ്ടകൃതികളെഴുതിയ ഒരു മാസ്ററർമൈൻഡ് (മഹാമനസ്സ്) കൃപപ്പെട്ടുത്തിയതാണു് ആ മാസ്ററർപീസ്ക്കുകൾ എങ്കിലും. തീവ്രചിന്തകൾക്കിടയിലും സർഗ്ഗവൈഭവം കത്തിജ്വലിക്കുന്ന മഹാപ്രതിഭകൾക്കു്, അബോധമനസ്സിന്റെയും ഉപബോധമനസ്സിന്റെയും ടോർച്ചുവെളിച്ചമില്ലാതെ മാത്രമേ സഞ്ചരിക്കുവാൻ കഴിയൂ. ആ കൈവിളക്കിന്റെ പ്രകാശമത്രേ, കവിയുടെ യഥാ

ർത്ഥ സ്വത്വത്തെ തെളിച്ചുകാട്ടുന്ന ഉപാധി.

സ്തോത്രകൃതികളുടെ രചനയ്ക്കു യോക്കിയ വൈകാരിക പ്രേരണകളും മാനസികാവസ്ഥകളും, വിശ്വാസപ്രമാണങ്ങളുമൊക്കെ വിണപൂവ്വിനെപ്പറ്റി കരുന്നവരെയുള്ള കൃതികൾ ചെയ്യുമ്പോഴും പ്രതിഭയുടെ കലവറയിൽ ജീവത്തായിത്തന്നെ വർത്തിച്ചിരുന്നുവെന്നു മാത്രമല്ല, ഖണ്ഡകാവ്യങ്ങളുടെ ഇതിവൃത്തപരിണാമത്തെ നാടകീയമാക്കി സ്വാഭാവികതയുടെ പരിവേഷം നൽകുന്ന ഒരു ശിൽപതന്ത്രമായി രൂപപ്പെടുകപോലും ചെയ്തിരുന്നുവെന്നു തെളിയും. അചഞ്ചലവും ദൃഢവിശ്വാസവുമായ ആസ്തിക്യബോധത്തിലും കവിഞ്ഞ ഒരു വിശ്വാസത്തെയാണ് ഞാൻ സൂചിപ്പിക്കുന്നതു്.

ആസ്തിക്യബോധത്തിന്റെ ശക്തിധാരകൊണ്ടാണ് വീണപൂവിന്റെ ഓരോ ഇതളും കാന്തിമത്താവിധം വിടർന്നതെന്നകാര്യം ആർക്കും നിഷേധിക്കാനാവില്ല

'ചൈതന്യവും ജഡവുമായ്—
കലരാംജഗത്തി
ലേതെങ്കിലും വിടിവിലീശ്വര
വൈഭവത്താൽ'
'ഈശാജ്ഞയാപോലെ വരു—
മൊക്കെയുമൊക്കപ്പുവേ.'

എന്നീ പ്രഖ്യാപനങ്ങൾ കവിയുടെ ആത്മചേതനയുടെ സഹജസ്വഭാവം സ്ഫുടീകരിക്കാൻ മതി. ഈ വിശ്വാസപ്രഖ്യാപനം ഒരു കലാതന്ത്രമായി, സർഗ്ഗതപസ്യയിലുടനീളം കൊണ്ടുനടന്നിരുന്നതിന്റെ ലക്ഷ്യങ്ങൾ ഇനി പരിശോധിക്കുക. ഹൃദയത്തിന്റെ തീച്ചൂളയിൽനിന്നു പതഞ്ഞൊഴുകുന്ന പ്രാർത്ഥനയ്ക്കു നൂറുശതമാനവും ഫലംകിട്ടുമെന്ന ദൃഢവിശ്വാസംവഴി, ഓരോ പ്രതിസന്ധിയും തരണംചെയ്യുവാൻ സാധിക്കുമെന്നതാണ് ഈ കലാതന്ത്രത്തിന്റെ പൊരുൾ.

നളിനിയിൽ ഉണർന്നിരുന്ന ഈ വിശ്വാസവും ശിൽപസൂത്രവും ഒളിഞ്ഞും തെളിഞ്ഞും കാണാം. 'അഥവാ മനോജ്ഞതാരാം പൂവുതാൻ ഭഗവദർച്ചനാർഹമാം' എന്നുതുടങ്ങിയ പദ്യപ്രസ്താവനകളുടെ കാര്യത്തിലല്ലെങ്കിൽ

ജീവിതാന്തകൻ നശിച്ചു പാടിനുൾ—
പ്പൂവു ജീവഗതിയോർത്തു ചെയ്കയാം,
ദേവദേവപദസേവയെന്നമീ—
ഭൂവിലാവിലതപോവതിന്നിവൾ'

ഭൂമിയിൽ ദുഃഖോപഹമായ ഒററക്കാര്യം ദേവദേവപദസേവമാത്രമാണെന്ന് ആശാൻ ധരിച്ചിരുന്നു. നളിനിയുടെ ഈശ്വരധ്യാനലീനമായ ജീവിതം ഇഷ്ടദേവനെ നേടിയേ അവസാനിക്കൂ എന്ന് ആശാൻ കരുതിയിട്ടുണ്ടെന്ന് ആ കഥാഗതി മന്ത്രിക്കും. മനസ്സ് ഭഗവദ്പാദപത്മത്തിലുന്നിനില്ക്കുവാൻ വയ്യാത്തവിധം, ദിവാകരചിത്ത നളിനിയുടെ ഉപബോധത്തിന്റെ അപ്രതിരോധ്യപ്രവാഹത്താൽ അസ്വസ്ഥമാവുകയായി. വീണ്ടും വിനതയകന്നി മാനസം പ്രതിനിവൃത്തമാക്കുവാൻ തൊട്ടടുത്ത സരസ്സിൽ നോക്കുകയാണ്. എന്നിട്ടു തനിയേ പാടിപ്പോയി.

'സ്വാമിയാം രവിയെ നോക്കിനില്ല—
മെൻ
താമരേ, തരളവായുവേററു നീ
ആമയം തടവിടായ്ക, തൽക്കര—
സ്തോമമുണ്ട് തിരിയുന്നതറിക്കിലും'

ഒരു പ്രപഞ്ചസത്യത്തെ കാണുന്നുകയാണ് നളിനി. സ്വന്തം ഭർത്താവിനെയോ ഈശ്വരനേയോ ഉററുനോക്കിയിരിക്കുന്ന താമരേ, നീ ചപലമായ കാററുതട്ടി ദുഃഖിക്കേണ്ട, നീ ആരെയാണോ തിരയുന്നതു്, ആ ദേവന്റെ കരങ്ങൾ ചുററിലുണ്ട്.' ഇതു നളിനിയുടെ ഉപബോധചിത്തം സ്വന്തം ഹൃദയമലരോടു പറയുന്നതാകണം—അങ്ങനെ സ്വന്തം മനഃശാന്തി കണ്ടെത്താൻ. ഈശ്വരരൂപചിന്തനൃത്തമാലാവരണം ചെയ്യപ്പെട്ട താൻ അതു കാണുകയും അനുഭവിക്കുകയും ചെയ്യുന്നില്ലല്ലോ. ചപലചിന്തകളുടെ പ്രേരണയാൽ! വസ്തുവത്തിൽ നളിനിക്കു ഈശ്വരനും കാമുകനും തമ്മിൽ അവിടെ ഭേദമില്ല ദിവാകരന്റെ രൂപത്തിലേ ഏതീശ്വരനെക്കുറിച്ചും ചിന്തിക്കുവാനുവൾക്കു് സാധ്യമ്മ ഈ ഉപബോധമനസ്സിന്റെ ആശംസയും മാർഗ്ഗദർശനവും ഫലിക്കുതന്നെചെയ്തു. ആ പൊട്ടക്കുളത്തിൽ ദിവാകരൻ അങ്ങോട്ടു കടന്നുചെല്ലുകയാണല്ലോ.

നളിനീദിവാകരസംഭാഷണം ശ്രദ്ധിച്ചാൽ നളിനിയുടെ പൂർവ്വകഥയുടെ ചുരുളുകൾ നിവർത്തും മാതാപിതാക്കൾ നിശ്ചയിച്ച വിവാഹത്തിൽനിന്നുരക്ഷിക്കാൻ രാത്രി ആത്മഹത്യചെയ്യാൻ ഭാവിക്കുമ്പോൾ നളിനി നെഞ്ചുരുകി അന്ത്യപ്രാർത്ഥന നടത്തുകയാണ്.

"ജീവിതം തന്നെയനുഗ്രഹിക്ക, വൻ—
ഭൂവിലുണ്ടു ഗിരിജേ? വലഞ്ഞുടൻ
ഈവിധം ദുനിവതാമശക്തഞാൻ,
ദേവി, നിൻപദമണയ്ക്കയബികേ!"

അർത്ഥഗർഭമാണ് ഈ പ്രാർത്ഥന. ഗിരിജയോടാണല്ലോ പ്രാർത്ഥന. ഉഗ്രതപസ്സുകൊണ്ടു പ്രേരോഭിലാഷം സാക്ഷാത്കരിച്ചു സാക്ഷാൽ പാർവ്വതിയോടുതന്നെയാണ് കാമുകസിദ്ധിയ്ക്കുതലയും മുറുക്കിയിറങ്ങിത്തിരിച്ച നായിക പ്രാർത്ഥിക്കേണ്ടതു്. 'നമ്മെപ്പോലെ നിശ്ചയദർഢ്യവും, മനഃശക്തിയുമില്ലാത്തതുകൊണ്ടു ഗത്യന്തരമില്ലാതെയാണ് ഞാനീ സാഹസം ചെയ്യുന്നതു്. അതുകൊണ്ടു എന്റെ ജീവിതേശനെയനുഗ്രഹിക്കുക. അവൻ ഭൂവിയിലെവിടെയോ ഉണ്ട്. എന്നെ നിൻപദമണയ്ക്കു' എന്നാണല്ലോ പ്രാർത്ഥന. 'എന്നെ നിൻപാദമണയ്ക്കു' യെന്നതിന് മററൊരർത്ഥംകൂടി മനസ്സിൽ തുളുമ്പുകയുന്നു 'നിന്റെ അവസ്ഥയിലെന്നയും എത്തിയ്ക്കുക—അഥവാ ഇഷ്ടവരലാഭമെന്ന ജന്മസാഫല്യം നേടുന്നതു്, ഹേ, ശക്തസ്വരൂപമണിയായ അംബികേ എന്നെ തുണയ്ക്കുക.' അർത്ഥമേതായാലും അതു സാധിക്കാൻപോകുന്നു. രണ്ടാമത്തെ അർത്ഥത്തിൽ തന്നെയാണ് പ്രാർത്ഥന ഫലിച്ചതു്.

അതാ, ഒരു യോഗിനിവന്നവളെ ആത്മഹത്യയിൽനിന്നു രക്ഷിച്ചു കരയ്ക്കണയ്ക്കുന്നു. പിന്നീട് ആ യോഗിനി ആശ്രമത്തിൽ കൊണ്ടാക്കി തപശ്ചര്യകളൊക്കെ അഭ്യസിപ്പിച്ചു.

'കാമിതം വരുമെങ്കിലേ വേഗമെ—
ന്നാമഹാമഹതി ചെയ്യുനുഗ്രഹം
പ്രേമമാന്ന ഗുരുവിൽ പ്രസാദമാം
ക്ഷേമമുലമഹ ശിഷ്യലോകരിൽ.

സാധാരണഗതിയിൽ നാം നിർഗ്ഗണ്യങ്ങളാക്കിത്തള്ളുന്ന ശ്ലോകങ്ങളാണ് ഇവ. കവി പ്രതിഭയുടെ അന്തഃപുരം തുറക്കുന്ന താക്കോലുകളാണ് അവ മാറുന്ന ഇഷ്ടഗുരുവിന്റെയും, യോഗികളുടെയുമൊക്കെ മഹാപ്രസാദമായ അനുഗ്രഹങ്ങൾ ഫലവത്താകുമെന്നാണല്ലോ ആശാന്റെ ധാരണ. അതോടൊപ്പം മറെറാന്നുകൂടി സംഭവിച്ചു.

'ഇന്നലെബ്ഭഗണമദ്ധ്യഭൂവിൽത്താൻ
നിന്നുകൂപ്പിയ വസിഷ്ഠഭാമിനി,
വന്നുനിദ്രയതിക്കു 'ഏതിക്കനിൻപ്രിയൻ
വന്നു' എന്നതളിനാൾ ദയാവതി.'

വസിഷ്ഠഭാമിനി അരുന്ധതിയാണല്ലോ. അരുന്ധതിയുടെ പൂർവ്വകഥയറിയുന്നവർക്ക് ആ ആരാധയുടെ ഫലം എന്താണെന്നറിയാം. ഇഷ്ടവരലാഭത്തിനു് അരുന്ധതിനക്ഷത്രത്തെ ആരാധിക്കുന്നപതിവു് ഇന്നും നമ്മുടെനാട്ടിൽനന്നു് അപ്രത്യക്ഷമായിട്ടില്ല. 'അരുന്ധതീദേവതയെ പ്രാർത്ഥിച്ചതു് ഇന്നലെയാണ്. ആ ദേവി രാത്രിത്തന്നെ ഉറക്കിൽ സ്വപ്നദർശനം നൽകി—ഭൂഴനേൽക്കു നിന്റെ പ്രിയൻ വന്നു കഴിഞ്ഞു' എന്നണർത്തിച്ചു. ക്ഷിപ്രഫലദായകമാണ് ഏതാത്മാർത്ഥപ്രാർത്ഥനയുമെന്ന ദൃഢവിശ്വാസം കേരളത്തിൽ ലയിച്ചുകിടക്കുന്ന കവിയ്ക്കു, നളിനീദിവാകരസംയോഗത്തിനു് ഇതു സ്വാഭാവികവും വിശ്വസനീയവും ഹൃദയഹാരിയുമായ ഒരു പശ്ചാത്തലമൊരുക്കുവാൻ കഴിയും. അന്യഥാ, അവിശ്വസനീയമായ ഒരേച്ചുകൂട്ടലായി തീർന്നേനെ ഈ കഥാസന്ധി.

ആശാൻ നിരീശ്വരവാദിയും യുക്തിവാദിയുമൊക്കെയാണെന്നവരെ ജന്മശതാബ്ദിപ്രസംഗങ്ങളിലും പ്രബന്ധങ്ങളിലും മുഴങ്ങിക്കേട്ടിരുന്നു. അവർക്കു ചിന്തിക്കാൻ വേണ്ടതു് ഈ കഥാഘടനയിലുണ്ട്. രണ്ടുമാസംമുമ്പ് സൺഡേ സ്റ്റാൻഡേർഡിൽ കണ്ട ഒരു ലേഖനത്തിൽ ഒരു കാര്യം വിശദമാക്കിയതോർക്കുന്നു. അമേരിക്കയിലെ ഒരു യൂണിവേഴ്സിററിയിൽ പ്രാർത്ഥനയ്ക്കു ഫലമുണ്ടാകുമോ എന്നറിയാൻ നടത്തിയ പരീക്ഷണത്തിന്റെ ഫലമാണതു്. ഒരേ സാഹചര്യത്തിൽ രണ്ടുചെടികൾ നട്ടു—ഒന്നിന്റെ വളർച്ചയ്ക്കുവേണ്ടി നിരന്തരമായ പ്രാർത്ഥനകൾ നടത്തി. അതിൽ പ്രാർത്ഥനാവിധേയമായ ചെടിയുടെ വളർച്ച വിസ്മയാവഹമായിത്തീരുകയുണ്ടായി. ഇത്തരം പരീക്ഷണങ്ങൾ ശാസ്ത്രീയമായിത്തന്നെ നടത്തപ്പെട്ടതിന്റെ ഫലങ്ങൾ അടുത്തകാലത്തു് ഒട്ടേറെ വായിക്കുകയുണ്ടായി. ജോൺ ജെ. ഹോണിഗ്മാൻ എന്ന ഒരു വിശ്വശാസ്ത്രജ്ഞൻ ഈയ്യിടെയിറക്കിയ Understanding Culture എന്ന ഗ്രന്ഥത്തിൽ പ്രാർത്ഥനയുടെ ഫലശൂന്യതയെക്കുറിച്ചും മററും സംസാരിക്കുന്നതു സൂക്ഷിച്ചുവേണമെന്നു മുന്നറിയിപ്പുനൽകിയതു വെറുതെയാവില്ല. ഏതായാലും കമാ

നാശാന് ഒരുവിഭാഗം ശാസ്ത്രജ്ഞന്മാരുടെയെങ്കിലും പിന്തുണയുണ്ടെന്നു തീർച്ച

നളിനിയിൽനിന്നു് ഈപ്രമേയം സ്ഥാപിക്കുന്നതിന്നു് കൂടുതൽ ദൃഷ്ടാന്തങ്ങൾ ഉദ്ധരിക്കണമെന്നില്ല ഈശ്വരകൃപയാൽ മാത്രമേ, ദേഹിക്കു നെടുമോഹനിദ്രവിട്ടുണരുവാൻ കഴിയൂ എന്നിടത്തു് ജ്ഞാനയോഗത്തിനുമുപരി ഭക്തിയോഗത്തിന്റെ സ്വാധീനമില്ലെയെന്നും ചിന്തിക്കുക.

ആശാൻ യഥാർത്ഥ വിപ്ലവകാരിയുടെ വിശ്വരൂപം പ്രദർശിപ്പിക്കുന്നതു് ദുരവസ്ഥയിൽ മാത്രമാണു്. അവിടെയെത്തുമ്പോൾ കവിയ്ക്കുമറ്റൊരു ജന്മം ലഭിച്ചിരിക്കുകയാണു് എന്നു വാദിക്കുന്നവരുമുണ്ടു്. ശരിയാവാം—തെറ്റാവാം. പക്ഷേ, സ്ത്രീകൃതികൾക്കബീജാധാനം ചെയ്ത പ്രതിഭയുടെ ഈ സവിശേഷവികാരവിശ്വാസങ്ങൾ വീണപൂവിലും നളിനിയിലും ലീലയിലുംകൂടി കടന്നുവന്ന കൂടുതൽ ബലവത്തായ രൂപം കൈക്കൊള്ളുന്നതു് 'ദുരവസ്ഥ'യിലാണെന്നു തീർത്തുപറയാം. നായികയെ ഓരോ വിഷമസന്ധിയിലും രക്ഷപ്പെടുത്തുന്നതു്, പ്രാർത്ഥനയാണു്; കഥയുടെ പരിണാമഗതിയെ അസ്വാഭാവികതയുടെ നേരിയ ലാഞ്ഛനപോലുമില്ലാതെ നയിക്കുന്നതു പ്രാർത്ഥനയാണു്. ഓരോ പ്രാർത്ഥനയും ഓരോ പ്രതിസന്ധിയെ കഴിവാക്കുന്നു. മറ്റൊരു പ്രാർത്ഥനയിലേക്കു നയിക്കുന്നു.

ദുരവസ്ഥയിൽ ഈശ്വരവിശ്വാസത്തെ വിളംബരംചെയ്യുന്ന അസംഖ്യം ഈരടികളുണ്ടു്.

'എന്നാൽ, കടിലിലുമെന്തെങ്കിലും നന്മയൊന്നുണ്ടാം, ദൈവം ദയാലുവല്ലേ!'

എന്നു തുടങ്ങിയവ. നമുക്കവയെ മറികടന്നുപോവുക. ചാത്തന്റെ ചാളയിൽ ഏകാകിയായി കഴിയുകയാണു്, ഏകാന്തബന്ധനത്തിൽ കഴിയുന്ന തുല്യദുഃഖിതയായ മൈനയോടു് ആത്മകഥയുടെ താളുകൾ തുറന്നുകാട്ടുന്ന സാവിത്രി.

"ഏകട്ടേയശ്വാസം നമ്മൾക്കിനി—
നമ്മേ
ശോകത്തിലാഴ്ത്തിയ ദൈവംതന്നെ."

എന്നു പറയുമ്പോൾ സുഖദുഃഖങ്ങളൊക്കെ ഈശ്വരകല്പിതമാണെന്ന ദൃഢബോധവും, ആ ദുഃഖത്തിൽനിന്നു കരകയറാനുള്ള പ്രാർത്ഥനയും ഉള്ളടക്കിയിരിക്കുന്നു. പറഞ്ഞുപറഞ്ഞു തന്റെ ഭാവിയെയോർത്തു് അസ്വസ്ഥയായ സാവിത്രി മനം നൊന്തു പ്രാർത്ഥിച്ചു.

"എന്തുചെയ്യേണ്ടതെങ്ങോട്ടുപോകേണ്ട
തീയന്ധകൂപത്തിലടിഞ്ഞതോ ഞാൻ.
അന്തമില്ലാത്തൊരാഴത്തിലേയ്ക്കിതാ
ഹന്ത!താഴുന്നു താഴുന്നു കഷ്ടം!
പിന്തുണയും പിടിയും കാണാതുൾഭയം
ചിന്ത! ദുഃസ്വപ്നത്തിലെന്നപോലെ
പൊന്താനുഴറുന്നു കാൽക്കിട്ടുന്നി-
ല്ലെന്റെ
ചിന്തേചിറകുകൾ നൽകണേ നീ."

വെന്തുരുകുന്ന ആ നിഷ്കളങ്കഹൃദയത്തിന്റെ പ്രാർത്ഥനയുടെ ഫലമെന്നോണം അന്തരീക്ഷം കാട്ടുചിറാക്കൽ പറന്നുവന്നു മുന്നിലിരിക്കുന്നു. പിന്നീടവയെ കേന്ദ്രീകരിച്ചാണല്ലോ ഭാവിയെ രൂപപ്പെടുത്തുന്നതു്.

"മഴ്കുന്നോരെന്നിലലിഞ്ഞതുവാ-
പരമാകലരാം ദേവതമാർ
ഏകിയതൈശ്വര്യം വഹിച്ചുവരുന്നതാ-
മാകാശചാരികളായ ചിങ്ങൾ"

എന്നാണു് സാവിത്രിയുടെ നിഗമനം. ആ പറവകളുടെ ജീവനുതുല്യ പിന്തുടർച്ചയെന്നായിരിക്കും അവർ കൊടുത്തയച്ച സന്ദേശം!

(ശേഷം 62-ൽ)

ടെലിവിഷനോടു മല്ലിടാൻ??

ലൈഫ് പുനഃപ്രസിദ്ധീകരിക്കുന്നു. ഓറൽ ക്ലാസ്സുകളെ വെല്ലുവിളിച്ചുകൊണ്ടു് **P T C** യും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു. *S. S. L. C. MATRIC, P.D.C., B.A, M.A.*, പരീക്ഷകൾ ക്ലാസ്സോടെ ആദ്യപ്രാവശ്യംതന്നെ പാസ്സാകാൻ പഠിപ്പും, പ്രായവും കാണിച്ചു് അപേക്ഷിക്കുക—

P. T. COLLEGE

Manacaud, Trivandrum -9
PHONE - 3237

പി. നാരായണക്കുറുപ്പ്

കുലുങ്ങിച്ചിരിക്കട്ടെ കൂകട്ടെ, ഞാനി-
ന്നറിഞ്ഞുപോയ് അത്യന്ത-
മാത്മീയ സത്യം.
അതെന്താണതെന്താണു്?—
തിങ്ങളങ്ങാടിത്തിരക്കിട്ടുകേറാ-
തൊരുഴത്തിലെത്തു.
ചെകിട്ടത്തടിക്കുന്ന പോലാ രഹസ്യം
പതുക്കെപ്പറഞ്ഞിടാം—ആർക്കാം
ചിരിക്കാം.
"പ്രപഞ്ചത്തിനെന്നേ വേണമെന്നില്ല,
പ്രപഞ്ചത്തിനോർത്താൽ
പ്രപഞ്ചംതന്നെയും
വേണമെന്നില്ല.
എനിയ്ക്കെന്നെയും പിന്നെ
വേണമെന്നില്ല."
ചിരിക്കാൻതക്കതെന്തെടോ കൂവാത്തതെന്തു
തിരിഞ്ഞില്ലിതും കഷ്ടം
ഒങ്കിലോ നിങ്ങൾ
തിരിച്ചിഴഞ്ഞെത്തുവിൻ
ഫാമിലി പ്ളാനിംഗ്-
നടത്തുന്ന ക്യാമ്പിലോ മച്ചിൻപുറത്തോ.
അല്ലല്ല—നിങ്ങൾക്കുമല്ലം തലയ്ക്കേശി-
യെന്നാൽ മിട്ടുക്കൻ വരും നമുക്കോടാം.
കിറുക്കിന്റെ കോണകം മാത്രമേ മിച്ചം
വെറും മിഥ്യ, മററുള്ളതെക്കെപ്പറത്താം.
യുറേക്കാ— യുറേക്കാ—"
നിരത്തിലൂടോടാം
മരിയ്ക്കുവാൻകൂടി നാം പേടിയില്ലാത്തോർ.
തമസ്സായി ബോധം ചുരുങ്ങുകൂടുന്ന
സമുജ്ജ്വലം നമ്മൾതന്നാത്മഭാവണ്യം.
അന്ധിച്ചിരിച്ചോട്ടെ നാട്ടുകാർ,
എന്തോ-
ന്നറിഞ്ഞു കുരങ്ങുകൾ ലിംഗപൂജക്കാർ!
ഉറഞ്ഞു നാം തുള്ളിയിട്ടിമണ്ണിൽനിന്നും
മറഞ്ഞിട്ടുവേണം ഈ മുമ്പന്ത്രവാക്യം
കുറിച്ചു ചില്ലിട്ടുവയ്ക്കുന്നതസ്സിൽ വയ്ക്കാൻ
നമസ്കരിക്കാൻ, പിന്നെ ഗായത്രിയാക്കാൻ:
"പ്രപഞ്ചത്തിനെന്നേ വേണമെന്നില്ല
പ്രപഞ്ചത്തിനോർത്താൽ
പ്രപഞ്ചംതന്നെയും
വേണമെന്നില്ല.
എനിയ്ക്കെന്നെയും പിന്നെ
വേണമെന്നില്ല."
മനസ്സിലായില്ലെങ്കിൽ ലീശ്വരൻ തന്നോ-
ടിതൊന്നു ചോദിക്കുവിൻ നേരിട്ടുതന്നെ.
പറഞ്ഞിട്ടുമദ്ദേഹം— 'ഈ ജ്ഞാനമെല്ലാം
മറന്നു —കിറുക്കിന്റെ കോണകം മിച്ചം.

തിളയ്ക്കുന്ന ലാവാദ്രവത്തിൻപുറത്തൊ-
ടന്നേ പോയ്ലാക്കുൾക്കണ്ണുയില്ല.
കുരുന്നുകാററായിങ്ങു ശേഷിപ്പതില്ലാ
പ്രിയപ്പെട്ട നിങ്ങൾതൻ സങ്കടംപോലും.
അതാണെന്റെ ശൂന്യത
അതാണെന്റെ പൂർണ്ണത
(അറിഞ്ഞുവോ ദൈവം
പറഞ്ഞപ്പൊളെല്ലാം.)
ഇനിപ്പോരുതോഴാ! നമുക്കൊത്തുകൂകാം
നമുക്കൊന്നുമേവേണ്ട
ജീവിതം പുപ്പ്പ്യ!
മരണവും പുപ്ഫ്യ
നമുക്കു നാം പുപ്ഫ്പ്പ,
തെറിയ്ക്കട്ടെ സന്മാർഗ ദുർമാർഗകവചം
കിറുക്കിന്റെ കോണകം മാത്രമേമിച്ചം

വെറും മിഥ്യ മററുള്ളതെക്കെപ്പറത്താം
നിരത്തിലൂടോടാം നമുക്കു
വേണ്ടാത്തതു നാം . . . .
'യുറേക്കാ—യുറേക്കാ—ജീവിതം
ഫ്യൂപ്ഫ്യ'
അഴക്കിൽ പൊതിഞ്ഞൊരു
വാഴമാണം താ-
നനശ്വരതാ; മൃത്യുനമ്മൾതൻ സിദ്ധി.
ഭൂഗീയമിനിത്യതയ്ക്കുള്ളൊരു ദാഹം
ഭൂഗീയം പഴഞ്ചനാത്മദുഃഖങ്ങൾ
കുലുങ്ങിച്ചിരിച്ചാർത്തു
കൂകുവോർ, ബോധം-
തെളിഞ്ഞോർ,
അവർ മാത്രമാണെന്റെ കൂടെ.

—o—

കുറിപ്പു്: യുറേക്ക=ഞാൻ കണ്ടുപിടിച്ചു കുളിമുറിയിൽവച്ചു് ഒരു ശാസ്ത്രതത്ത്വത്തെ പ്രഖ്യാപിച്ചുണ്ടായ ആർക്കിമിഡീസ് "യുറേക്ക" എന്നാർത്തുവിളിച്ചുകൊണ്ടു് തെരുവിലൂടെ ഓടി.

ചെറുകഥ

ഒരു വട്ടം കൂടി

രാജാമണി

എവിടെ തുടങ്ങണമെന്നും എവിടെ അവസാനിപ്പിക്കണമെന്നും അയാൾക്കറിവില്ല. തുടങ്ങണം. തുടങ്ങിയേപററു. എന്നിട്ട് അവസാനിപ്പിക്കണം. അതനിവാര്യവും. ഇനി താമസിക്കരുത്.

ഇടനാഴിയിലെ ചുമൽകസേരയിൽ അയാൾ ഇരുന്നു.

അവൾ അടുത്ത മുറിയിലാണ്. വളകൾ കിലുങ്ങുന്ന ശബ്ദം ഇടയ്ക്കിടെ പുറത്തെത്തുന്നു. അവൾ എന്തിന്, തനിയെ കെട്ടിടത്തിനകത്തുള്ള ഒരു മുറിയിൽ വാതിൽ ബന്ധിച്ച് ഒരന്യയേപ്പോലെ—

ഇന്നത്തെ തുടക്കം കടുവിലത്തേതാണ്, പക്ഷേ, അടുപ്പിച്ചെടുക്കാൻ എത്ര സംവത്സരങ്ങൾ കാത്തുനിന്നു? ഇനി ഒന്നും ഓർക്കരുത്.

ഇടനാഴിക്കടുത്തുള്ള മുറിയിൽ കരുകരെ ചിരിക്കുന്ന മാലതി എന്ന പേരുള്ള അയാളുടെ ഭാര്യ.

"മാലതി" അയാൾ വിളിച്ചു.

അവൾ വിളികേട്ടില്ല. പകരം കിലുങ്ങുന്ന കുപ്പിവളകളുടെ ആരവം പുറത്തേക്കൊഴുകിവന്നു.

"മാലതി" ശബ്ദം വീണ്ടും ഉയർന്നു.

വാതിൽ തുറന്ന് മാലതി പുറത്തുവന്നു.

എന്നിട്ട്, അയാളെ ഒരുപരാധികണക്കെ, ഒരിക്കൽമാത്രം നോക്കി, തല താഴ്ത്തി, മാറിനിന്നു.

"മാലതി" അയാൾപറഞ്ഞു. "നിനക്ക് ഈ ഉദ്യമത്തിൽ ഖേദം തോന്നുന്നില്ലേ?"

ഉണ്ടെന്നും ഇല്ലെന്നും അവൾ പറഞ്ഞില്ല. അടുത്തക്ഷണത്തിൽ മാലതി എന്ന പേരുള്ള അയാളുടെ ഭാര്യ പഴയതുപോലെ, മുറിക്കകത്തുകയറി, വാതിൽ ബന്ധിച്ച്.....

വീണ്ടും അവൾ മുറിക്കകത്ത് കയറിയതിൽ അയാൾക്ക് ഖേദം തോന്നി.

'മാലതി കേൾക്കൂ. മുറി തുറന്നു പുറത്തുവരൂ. ഇതു ഞാനാണു വിളിക്കുന്നത്"

ഇല്ല. മുറിക്കകത്ത് അനക്കമില്ല. കിലുങ്ങുന്ന വളകളുടെ ആരവം പോലും—

എവിടെ തുടങ്ങി, എവിടെ അവസാനിപ്പിക്കണം എങ്ങിനെയെന്ന് ആദ്യം തോന്നിയത്, ഇവിടെ തന്നെ— ഇവിടെ ആരംഭിച്ച്—

'ഞാൻ പുറത്തിറങ്ങിവരാം' അകത്തുനിന്നും അവളുടെ ശബ്ദം.

'ഞാൻ മുറി നിൽക്കാം. പുറത്തുവരൂ'

മാലതി പുറത്തുവന്നു. എന്നിട്ട് ഫോൾഡിങ്ങ് ചെയർ വലിച്ച്, അയാൾക്കഭിമുഖമായി, കുറച്ചകന്ന്—

അയാൾ അവളുടെ മുഖത്തേക്കുനോക്കി. കലങ്ങിയതെങ്കിലും, കണ്ണുകൾ പകൽവെളിച്ചത്തിൽ തിളങ്ങുന്നില്ലേ?

തീരുമാനം ഒടുവിലത്തേതാണെന്നയാൾക്കറിയാം ഇനി തിരിഞ്ഞുനോക്കരുത്.

മോചനം എന്നു നേടിക്കൊടുക്കുമെന്ന് അവൾ ചിന്തിച്ചിട്ടില്ലാത്തപോലെ. ഒട്ടിച്ചേരാൻ എന്തു തിടുക്കമായിരുന്നു. ഇപ്പോൾ അതിനേക്കാളേറെ വേദന അനുഭവിക്കുന്നില്ലേ?



തുടക്കം അയാൾ കുറിച്ചു.

'മാലതി, നോക്കൂ. ഈ ജീവിതമെന്നതു് ഒരു മായപോലെ നിനക്ക് തോന്നുന്നുണ്ടോ? എത്രയാക്കെ സഹിച്ചാണ് നാം ഒന്നുചേർന്നത്? മോചനത്തിനു നീയാണ് തുനിഞ്ഞത്. സമയംവൈകിയിട്ടില്ല. നീയെന്നെ വെറുതെ സംശയിക്കുന്നു"

പുറത്തെ വാതിലിൽ ആരോ മുട്ടുന്ന ശബ്ദം. അയാൾ എഴുന്നേററു. പക്ഷേ, അതിനകം അവൾ വാതിൽ തുറന്നു

ഓർമ്മയിൽ പൊന്തിവന്ന ഒരു മുഖം. തന്റെ വിവാഹത്തിനു സാക്ഷിനിന്ന മനുഷ്യൻ.

സാക്ഷി അവളുടെ മുന്നിൽ നോക്കുന്നു. എന്നിട്ടും ചിരിക്കാൻ ബുദ്ധിപ്പെട്ടു. ഇല്ല. അയാളുടെ നോട്ടം അവളിൽ തന്നെ—

സാക്ഷിയുടെ പരുക്കൻശബ്ദം മുറിക്കകത്ത്—

"എല്ലാം ഒരുക്കങ്ങളും കഴിഞ്ഞോ."

മാലതി തലകുലുക്കുന്നു.

സാക്ഷി അയാളോടായിട്ട് പറയുന്നു—

'വൈകണ്ട. നമുക്കിറങ്ങാം.'

ഇനി രണ്ടാംഘട്ടം.

കോടതിവളപ്പിലേക്കുതന്നെ പുറത്തിറങ്ങി. തൊട്ടുപിന്നിൽ മാലതി. എന്നുപറയുള്ള ഒരു സ്ത്രീ. താഴ്ത്തപ്പെട്ട ശിരസ്സുമായി. നിരത്തിലിറങ്ങി, തിരിഞ്ഞുനോക്കിയപ്പോൾ മുഷിഞ്ഞനോട്ടങ്ങൾ എണ്ണുന്ന സാക്ഷി...

കാത്തുകിടന്നിരുന്ന ടാക്സി.

പിൻവാതിൽ തുറന്നുപിടിച്ച് അയാൾ പറഞ്ഞു "വിരോധമില്ലെങ്കിൽ കയറാം."

മാലതി എന്ന യുവതി ഒന്നും പറയാതെ കാറിൽ കയറി. വാതിൽ ശക്തിയായടച്ച്, മുൻവാതിൽ തുറക്കാൻ ഒരുമ്പെട്ട അയാളോട്, അവൾ.

'വിരോധമില്ലെങ്കിൽ ഇവിടെ കയറാം.'

'അടുത്തിരിക്കാനുള്ള സ്വാതന്ത്ര്യംപോട്ടിച്ചുകഴിഞ്ഞല്ലേ നാം ഇറങ്ങിയതു"

അയാൾ പിൻസീറ്റിൽതന്നെ കയറി.

ഒന്നും മനസ്സിലാകാത്ത വൈഡ്വർ അവരെ തുറിച്ചുനോക്കി.

നഗരത്തിന്റെ അടുപ്പാൾ തിരക്കു കുറവായ ഒരു പാതയിലൂടെ കാർ മുന്നോട്ടു നീങ്ങി. തെണ്ടുകയറിയ വള്ളങ്ങൾ കുത്തി നിറഞ്ഞ ഒരു കനാലിന്റെ പാലത്തിൽ കാർ പ്രത്തി.

"ഇറങ്ങുത്തു" അയാൾ പറഞ്ഞു.

കാർ നിന്നു. മാലതി എന്ന യുവതി പുറത്തിറങ്ങി. അവൾ ചോദിച്ചു: ഇറങ്ങുന്നില്ലേ.'

ചോദിച്ചുട്ടെങ്കിലും അയാൾ പുറത്തിറങ്ങി.

നിരത്തിലെ മൺപൊടി ഉയർത്തിക്കൊണ്ടു് കാർ ഇരച്ചുനീങ്ങി.

'ഇനി തടസ്സങ്ങളില്ലാതെ നിനക്കു വേഗത്തിൽ നീങ്ങാം' അയാൾ അതിനകം വളരെദൂരം പോയ്കഴിഞ്ഞിരുന്ന കാറിനെ വിരൽചൂണ്ടി പറഞ്ഞു. 'അതുപോലെ'

എത്രനേരം അവരിങ്ങനെ നിന്നു?

കനാൽവെള്ളത്തിൽ ഉയർന്നും താഴ്ന്നും നീങ്ങിക്കൊണ്ടിരുന്ന ചീഞ്ഞഴുകിയ തൊണ്ടുകൾ...

നഷ്ടപ്പെട്ടുകഴിഞ്ഞ ഒരു മനുഷ്യനെ വീണ്ടും ഒരിക്കൽകൂടി നോക്കി, പെട്ടെന്നു വിണ്ടെടുത്ത ഒരു വിഡ്ഢിത്തത്തിന്റെ ശക്തി

ശംഖ് മുഹമ്മദ് അബൂബക്കർ പുത്രന്മാരുടെ
ഏററവും മികച്ച മാക്ക്
K.E.Mo. ABOOBACKER
ശംഖ്
REGISTERED TRADE MARK
ശംഖ് മാക്ക്
കൈത്തറി കൈലികൾ, കൈലേസുകൾ
അടുത്ത തരം കൈലികൾ
മററു മാക്കുകളിലും ലഭ്യമാണ്
നിങ്ങൾക്ക് ഏററവും നല്ലതു് ആവശ്യമുണ്ടെങ്കിൽ തൊടുപുഴക്കു ശംഖ് മാക്ക്
നിർമ്മിച്ചു് വിൽക്കുന്നവർ
മുഹമ്മദ് അബൂബക്കർ & കമ്പനി, മദ്രാസ്.
ഞങ്ങളുടെ കൊല്ലത്തെ ഷോറും ചാമക്കടയിൽ, മെയിൻ റോഡിലുള്ള കായംകുളം സേട്ടു ബിൽഡിംഗിൽ പ്രവർത്തിക്കുന്നു.
ബ്രാഞ്ചുകൾ: മധുര, കൽക്കട്ട, ബോംബെ.

ക്കടിമപ്പെട്ടിട്ടുന്നവണ്ണം മാലതി എന്ന യുവതി പറഞ്ഞു.

'ഒന്നും പറയാനില്ലേ.'

ഇനി പറയാനും കേൾക്കാനും ഒന്നും അവശേഷിക്കുന്നില്ല. നമുക്കു പിരിയാം. എവിടെവച്ചെങ്കിലും ഒരിക്കലും കാണാനിടവരാതെ...

ഇതു ഓർമ്മകൾ.

പ്രൊഫസർ കൃഷ്ണസ്വാമി പറഞ്ഞതു് മറക്കാൻ കഴിയുന്നില്ല.

"താനൊരു ഡോമനാംബുലിസ്റ്റാണു്

ശരിതന്നെ. ഏതുനിമിഷവും മാലതി ആയിരുന്നു മനസ്സിൽ.

അടിത്തറ ഇളക്കിമറിക്കപ്പെട്ട കുടുംബാന്തരീക്ഷം. പിണങ്ങിയ അമ്മ. സംസാരിക്കാത്ത അച്ഛൻ.

മുന്നിൽ പ്രതീക്ഷകളുടെ ഇരച്ചുകയററം. ഒന്നും ചിന്തിക്കാനില്ല. എല്ലാം മാലതിക്കാകട്ടെ—

"ഞാനിന്നലേയും കരഞ്ഞു."

"എന്തിനു്?"

അവൾക്കു മറുപടിയില്ല.

'നീ കരയരുതു്. നിനക്കു് ജീവിക്കാൻ വിശ്രമിക്കാൻ എന്റെ തണലില്ലേ.'

പകൽവെളിച്ചത്തിൽ, ജനങ്ങൾ നോക്കിനിൽക്കെ, പകച്ചുനിന്ന കുടുംബബന്ധുക്കൾക്കു് മുന്നിലൂടെ, നിരത്തിൽ ഓടിയെത്തിയ ഒരു പെൺകുട്ടി. തന്റെ ശരീരത്തിൽ തൊട്ടുകൊണ്ടു്...

എന്തോ പറയാൻ ബദ്ധപ്പെടുന്നുണ്ടായിരുന്നു അയാൾ...

എനിക്കു ശക്തിയുണ്ടു്. എതിർക്കാൻ ആരെങ്കിലും വരുന്നുണ്ടോ? ഇല്ല.

നടന്നുകൊൾക. ജേതാവിനെപ്പോലെ.

എനിക്കൊരു സാക്ഷിയെ ആവശ്യമുണ്ടു്. മാലതിയെ ഞാൻ കിഡ്നാപ്പ് ചെയ്തതല്ലെന്നു് ചോദിക്കുന്നവരോടു് പറയാൻ.

എനിക്കു സാക്ഷിയെ കിട്ടി.

"ഭയപ്പെടണ്ട" പട്ടണത്തിലേക്കു് ബസ്സ്കാത്തു നാൽക്കവലയിൽ നിൽക്കുന്ന ഞങ്ങളോടു് സാക്ഷി പറഞ്ഞു.

'നിങ്ങളെ ഞാനിക്കുറയില്ല'

കവലയിലെ മരത്തണലിൽനിന്നു് ചിരിക്കുന്ന സാക്ഷി.

എന്റെ പിറകിൽനിന്നിരുന്ന മാലതിയെ വിരൽചൂണ്ടി സാക്ഷി പറഞ്ഞു.

'കുട്ടി എന്നെ അറിയും.'

തിരിഞ്ഞു മാലതിയെ നോക്കി. അവൾ കണ്ണുകൾ ചിമ്മിയടച്ചു. അവൾക്കറിയില്ലായിരുന്നു.

"രജിസ്റ്റർകച്ചേരിയിലേക്കല്ല.'

സാക്ഷിപറയുന്നു "ഈ പെൺകുട്ടി സ്വമേധയാ നിങ്ങളുടെകൂടെ ഇറങ്ങിവന്നവളാണെന്നു് എനിക്കറിയാം. നിങ്ങൾ രജിസ്ററർകച്ചേരിയിലേക്കാണു് ബസ്സ് കാത്തുനിൽക്കുന്നതെന്നും ഞാൻ വിശ്വസിക്കുന്നു"

ഞാൻ പറയുന്നു...

വിശ്വാസം തെററിയിട്ടില്ല. ഈ നിൽക്കുന്ന പെൺകുട്ടിയെ ഞാൻ സ്നേഹിച്ചു ജീവനും മുഴുവനും എതിർത്തു, ഒന്നുകൂടി നിങ്ങൾ മനസ്സിലാക്കണം. ഇവളുടേയും എന്റേയും ബന്ധുക്കൾ വിഷപ്പാമ്പുകളാണു് ഇന്നുച്ചയ്ക്കു്, ഞാൻ തനിയെ ഇവളുടെ വീട്ടുപടിക്കൽ കാത്തുനിന്നു. നേരത്തെ പറഞ്ഞതനുസരിച്ചു്, ഞാൻ വിളിക്കാതെ അവളിറങ്ങിവന്നു.

"നാളെ പട്ടണത്തിൽ കാണാം."

സാക്ഷി നടന്നുനീങ്ങി.

പിറകെ ഞങ്ങളും ഗ്രാമം വിട്ടു.

വല്ല യഹോട്ടലുകളിലൊന്നിൽ കയറിക്കൂടാം. പേടിക്കാനൊന്നുമില്ല.

മാലതിക്കു് സമ്മതം.

വിവാഹത്തിനുമുൻപു് ഘോഷിക്കാൻ കിട്ടിയ രാത്രി.

ഇരുട്ടിനെ കീറിത്തുളച്ചുവരുന്ന വെളിച്ചം ഹോട്ടൽമുറിയിലിരുന്നു് ഞങ്ങൾ നോക്കിക്കണ്ടു.

ഇതാ, സാക്ഷി ഞങ്ങളെക്കാത്തു് റിസപ്ഷൻ കൗണ്ടറിൽ.

...ഞാൻ നേരത്തെവന്നു. ഇനി പുറപ്പെടാം...സാക്ഷിയുടെ ശബ്ദം.

ഞങ്ങളിറങ്ങി.

മുന്നിൽ ഒരു വഴികാട്ടിയെപ്പോലെ സാക്ഷി. പിന്നിൽ മാലതി. ഒരു പുറംചട്ടപോലെ ഒടുവിൽ ഞാൻ.

അങ്ങിനെയാണു് ഞങ്ങൾ വിവാഹിതരായതു്.

...*...

"ഞാൻ സ്നേഹിക്കുന്നതൊക്കെ നശിക്കുന്നു"

വർഷങ്ങൾക്കു മുൻപ്പാണ് ഇതു സംഭവിച്ചതു്. ഈ ലേഖനമെഴുതുന്ന ആളിന്റെ കുട്ടിക്ക് ചെവിയിൽ എന്തോ കഠിനസുഖം വന്നു കുട്ടിയെ ഒരാളിന്റെകൂടെ ആശുപത്രിയിൽ അയച്ചു. ഡോക്ടർ ചെവി പരിശോധിച്ച് മരുന്നൊഴിച്ചിട്ട് അടുത്തദിവസം ചെല്ലാൻ ആജ്ഞാപിച്ചു. ഡോക്ടറുടെ ഫീസ് കൊടുക്കണമെന്ന് ഞാൻ തീരുമാനിച്ചെങ്കിലും രണ്ടാമത്തെ ദിവസംതന്നെ എനിക്ക് അദ്ദേഹത്തെ കാണാൻ കഴിഞ്ഞില്ല. അന്നു ഡോക്ടറെ കണ്ടിട്ടുവന്ന എന്റെ കുട്ടി നിലവിളിച്ചുകൊണ്ടാണ് വീട്ടിലെത്തിയതു്. കാരണമന്വേഷിച്ചപ്പോൾ ഡോക്ടർ ഒരു കഥപറഞ്ഞതു മനസ്സിലാക്കി. അച്ഛന് എത്ര രൂപ ശമ്പളമുണ്ടെന്ന് അന്വേഷിച്ചിട്ട് ഡോക്ടർ, കുട്ടിയോടു കഥ പറയുകയായി. "ഞാൻ ഇതുപോലെ കാതിൽ രോഗമുള്ള കൊച്ചുരാമൻ എന്നൊരു പയ്യനെ ചികിത്സിച്ചു. ദിവസവും കൊച്ചുരാമൻ ചികിത്സയ്ക്കു വരും. പക്ഷേ, എത്ര മരുന്നൊഴിച്ചാലും സുഖക്കേടു പോവുകയില്ല. ചെവിയാകെ പഴുത്തു; എല്ലിൽ പഴുപ്പുകയറി. അതു തലച്ചോറിൽ വ്യാപിച്ചു. കൊച്ചുരാമൻ മരിച്ചുപോകുകയും ചെയ്തു." അന്നു പത്തുവയസ്സും പ്രായമുണ്ടായിരുന്ന എന്റെ മകൾ നിലവിളിച്ചുകൊണ്ട് വീട്ടിലേക്ക് ഓടിവന്നതിൽ തെറ്റൊന്നുമില്ല. ഡോക്ടറുടെ ഒരു വിധത്തിലും സംശയിക്കാത്ത ഞാൻ വിഷാദഗ്രസ്തനായിബ്ഭവിച്ചു. മകളുടെ രോഗം ഗൗരവാവഹമായിരിക്കുമെന്നതു തന്നെ ഞാൻ വിചാരിച്ചു. അങ്ങനെ ഞാൻ ദുഃഖത്തിൽവീണ് ചൈതന്യരഹിതനായി ഇരിക്കുമ്പോൾ ഒരു സ്നേഹിതൻ വീട്ടിലെത്തി. അദ്ദേഹം കാര്യം മനസ്സിലാക്കിയിട്ടു പറഞ്ഞു:—"സർ ഈ ഡോക്ടർ പണത്തിനുവേണ്ടി എല്ലാവരെയും വിരട്ടുന്നവനാണ്. നമുക്കു ഡോക്ടർ സുകുമാരനെ കാണാം." "സ്നേഹിതന്റെ സാഹായ്യത്തോടെ ഞാൻ ഡോക്ടർ സുകുമാരനെക്കണ്ടു. അദ്ദേഹം മകളുടെ ചെവി നോക്കിയിട്ട് രണ്ടുതുള്ളി മരുന്നൊഴിച്ചു. അതുകൊണ്ട് അസുഖം മാറുമെന്ന് അറിയിക്കുകയും ചെയ്തു." എനിക്കു വിശ്വാസമായില്ല പക്ഷേ, രോഗം ആ രണ്ടുതുള്ളി മരുന്നുകൊണ്ടു ഭേദമായി. കൊച്ചുരാമന്റെ കഥപറഞ്ഞ് കുട്ടിയെ പേടിപ്പിച്ച ഡോക്ടർക്കു പണവും ധാരാളമുണ്ടായിരുന്നു. അവരിൽ ഒരുത്തനെ ഉദ്ദേശിച്ചാണ് ഒരു സംസ്കൃതകവി "വൈദ്യരാജനമസ്തുഭ്യം യമരാജസഹോദര യമസ്തു ഹരതി പ്രാണാൻ വൈദ്യഃ പ്രാണാൻ ധനാനി ച" (കാലന്റെ സഹോദരനായ വൈദ്യശ്രേഷ്ഠനു് നമസ്കാരം. കാലൻ പ്രാണനെ ഹരിക്കുന്നു. വൈദ്യൻ പ്രാണനെയും ധനത്തെയും അപഹരിക്കുന്നു) എന്നു പ്രഖ്യാപിച്ചതു്. കഥനപടുവായ വൈദ്യരാജാവിന്റെ ധനാപഹരണചിന്തയോടു് ബന്ധപ്പെട്ട ക്രൂരത്വം എന്റെ ഹൃദയത്തെ വല്ലാതെ മഥിച്ചുകൊണ്ടിരിക്കുന്നുണ്ട് ഈ കാലഘട്ടത്തിലും. അതുകൊണ്ടാണ് ശ്രീ. മാതയിൽ രാധാകൃഷ്ണൻ ചന്ദ്രിക ആഴ്ചപ്പതിപ്പിലെഴുതിയ പാപിക്കുന്നകഥ എന്നെ ചലനം കൊള്ളിച്ചതു്. പാപി ചെവിഡോക്ടറല്ല, കണ്ണുഡോക്ടറാണ്. അയാൾ രോഗികളുടെ കൈയിൽനിന്നു പണം പിടിച്ചുവാങ്ങുന്നു; പേടിപ്പിച്ചും മററുവിധത്തിലും. ജോലിയുള്ളവരിൽനിന്നു പണം പിടിച്ചുപറിക്കാൻ എളുപ്പമുണ്ട്. രോഗിക്ക് "കണ്ണുകാണാൻ" വയ്യ എന്നു സർട്ടിഫൈചെയ്താൽ അയാളുടെ ജോലി പോയതുതന്നെ. അതുകൊണ്ടു പണം എത്ര വേണമെങ്കിലും അയാൾ ഡോക്ടർക്കു കൊടുക്കും. അങ്ങനെ ഡോക്ടർ ധനികനായി. അയാൾ വിവാഹംകഴിച്ചു. ആദ്യത്തെ ഡോക്ടറുടെ ഭാര്യ പ്രസവിച്ചില്ല. ഒടുവിലൊരുദിവസം അവൾ പെററിട്ട കുഞ്ഞിനു രണ്ടുകണ്ണുമില്ല. അവയുടെ സ്ഥാനത്തു് രണ്ടു കുഴികൾമാത്രം. പണ്ടെങ്ങോ പഠിച്ച ന്യൂട്ടന്റെ Laws of Motion ഓർമ്മവരുന്നു. അതിലെ മൂന്നാമത്തെ നിയമം:— To every action there is an equal and opposite reaction — ഏതു പ്രവർത്തനത്തിനും അതിനു തുല്യവും വിപരീതവും ആയ പ്രതിപ്രവർത്തനമുണ്ട്. നാം ഒരാളെ വഞ്ചിച്ചാൽ മറെറാരാൾ നമ്മെ വഞ്ചിക്കും. കൊലപാതകിയെ മറെറാരുവൻ കുത്തിക്കൊല്ലും നാം ഒരുവനെ സഹായിച്ചാൽ വേറൊരുത്തൻ നമ്മെ സഹായിക്കും. ആക്ഷനും റിയാക്ഷനും തുല്യമാണെന്ന് ഓർമ്മിക്കണം പാവപ്പെട്ട രോഗികളെ ഇടിച്ചുപിഴിഞ്ഞു് പണം സമ്പാദിച്ചതിനു ഡോക്ടർക്ക് പ്രകൃതി കൊടുത്ത ശിക്ഷയാണ് കുട്ടിയുടെ അന്ധത്വം. ആശയം കൊള്ളാം. എന്നെ അതു ചലിപ്പിക്കുകയുംചെയ്തു. പക്ഷേ, ആ ആശയപ്രതിപാദനം കലയായിട്ടില്ല. കലയുടെ ലോകത്തു് സഹൃദയർ അംഗീകരിക്കുന്ന കാര്യകാരണബന്ധങ്ങൾ ഉണ്ടാവണം. എങ്കിലേ രസാനുഭൂതി ജനിക്കൂ. അന്യനെ ഉപദ്രവിച്ചാൽ ഈശ്വരൻ നമ്മെ ശിക്ഷിക്കും എന്നു കുഞ്ഞുങ്ങളോടു പറയുന്നതല്ലിലാണ് മാതയിൽ രാധാകൃഷ്ണൻ പ്രാസംകൂടിയ നമ്മോടു പ്രഖ്യാപിക്കുന്നതു്. ഉല്കൃഷ്ട ആവഹിക്കുന്ന ഒരു സംഭവത്താൽ— ഡോക്ടറുടെ ക്രൂരമായ പ്രവൃത്തിയാൽ— ചലനംകൊണ്ട ഞാൻ, ആസ്വാദകനെന്ന നിലയിൽ ആ കഥയുടെ ബലിശരീരം കണ്ടു ചിരിക്കുന്നു. മൃശയിൽ ഉരുകിയൊലിക്കുന്ന ദ്രാവകംപോലെ പൂർവനിശ്ചിത രൂപങ്ങളിൽ പാർന്നുവീഴുന്നതല്ല കല

"സാഹിത്യത്തിലെ അത്ഭുതം" എന്നു വിളിക്കപ്പെടുന്ന ഫ്രഞ്ചെഴുത്തുകാരൻ മർസൽ ഐമേ (Marcel Ayme) "ഭിത്തികളിലൂടെ നടക്കുന്നവൻ" — "The walker through walls"— എന്നൊരു കഥയെഴുതിയിട്ടുണ്ട്. രജിസ്ട്രേഷൻ മിനിസ്ട്രിയിലെ ഒരു മൂന്നാംഗ്രേഡ് ക്ളാർക്കിന്റെ കഥയാണതു്. ഭിത്തികളിലൂടെ നടന്ന് അപ്പുറത്തുചെല്ലാൻ തനിക്കു കഴിവുണ്ടായിരിക്കുന്നുവെന്ന് ഒരുദിവസം അയാൾ കണ്ടുപിടിച്ചു. ക്ളാർക് ഡോക്ടറെക്കണ്ടു കാര്യം പറഞ്ഞപ്പോൾ അദ്ദേഹം അയാൾക്കു മരുന്നുകൊടുത്തു. വർഷത്തിൽ രണ്ടു ഗുളികവീതം കഴിക്കാനാണ് ഡോക്ടർ നിർദ്ദേശിച്ചതു്. ക്ളാർക് ഒരെണ്ണംകഴിച്ചു. ശേഷമുള്ളതു് ഒരു ഡ്രായറിലെവിടെയോ ഇട്ടു. അക്കാര്യം അയാൾ മറന്നുപോകുകയുംചെയ്തു. മരുന്നു വേണ്ടതുപോലെ കഴിക്കാത്തതുകൊണ്ട് ക്ളാർക്കിന്റെ ഭിത്തിഭേദനസിദ്ധിക്കു ഒരു ന്യൂനതയും സംഭവിച്ചില്ല. ഒരുദിവസം അയാളെഴുതിയ ഒരെഴുത്തിന്റെ 'ഡ്രാഫ്റ്റ്' മേലുദ്യോഗസ്ഥനു് ഇഷ്ടമായില്ല. അയാൾ ക്ളാർക്കിനോടു തട്ടിക്കയറി. കോപാകുലനായിബ്ഭവിച്ച അയാൾ ഏതോ പ്രലോഭനത്തിനു് വിധേയനായ മട്ടിൽ തല ഭിത്തിയിൽ ഇടിക്കടത്തി അടുത്ത മുറിയിലിരിക്കുന്ന മേലുദ്യോഗസ്ഥനോടു പറഞ്ഞു:— "സർ, നിങ്ങളൊരു കഴിവുകെട്ടവനും വിഡ്ഢിയും കോമാളിയുമാണ്." ഇങ്ങനെ ഒരുദിവസം 23 പ്രാവശ്യം തല ചുമരിലൂടെ കടത്തി അയാൾ പറഞ്ഞു. പേടിച്ച മേലുദ്യോഗസ്ഥൻ ക്ളാർക്കിന്റെ മുറിയിൽ വരുമ്പോൾ അയാൾ കസേരയിൽ മലർന്നിരിക്കുന്നതു കാണാം. പിന്നീടു് അയാൾ മോഷണം തുടങ്ങി. ബാങ്ക് കവർച്ചചെയ്തു. ഭാര്യയെ മുറിയ്ക്കുള്ളിൽ പൂട്ടിയിട്ടതിനു ശേഷം അവളുടെ ഭർത്താവു് ജോലിക്കു പോകുമ്പോൾ ക്ളാർക്കു ചുവരിലൂടെ കടന്നുചെന്ന് അവളുമായി വേഴ്ച നടത്തി. അങ്ങനെയിരിക്കെ അയാൾക്കു സുഖക്കേടു വന്നു. മേശയ്ക്കകത്തുകിടന്ന ഗുളികകൾ ആസ്പിരിനാണെന്നു വിചാരിച്ചു് അയാൾ അവയെടുത്തു തിന്നു. ഒരുദിവസം, മുമ്പു പറഞ്ഞ സ്ത്രീയുമായി രമിച്ചതിനുശേഷം

എം. കൃഷ്ണൻനായർ

കരിങ്കൽമതിലിലൂടെ കടക്കുമ്പോൾ അയാൾ പൊട്ടുന്നനവേനിന്നുപോയി. ഗുളിക ആസ്പിരിനാണെന്നു വിചാരിച്ചു കഴിച്ചതിന്റെ ഫലമായിരുന്നു അതു്. ഒരുവർഷംമുമ്പു് ഈ നടത്തമെഴിവാക്കാൻ ഡോക്ടർ തനിക്കു നൽകിയ മരുന്നാണു് അതെന്നു് അയാൾ ഓർമ്മിച്ചതേയില്ല. അങ്ങനെ കരിങ്കൽമതിലിനുള്ളിൽ അയാൾ ബന്ധനസ്ഥനായി. രാത്രിസമയത്തു് പാരീസിലെ ബഹളം ഒഴിയുന്ന വേളയിൽ പക്ഷികൾ ആ സ്ഥലത്തു് വന്നെത്തുമ്പോൾ ശ്വാസം മുട്ടുന്ന ശബ്ദം അവ കേൾക്കും. അതു് മററുപക്ഷികളുടെ പാട്ടാണെന്നു് അവയ്ക്കു തോന്നിപ്പോകും. പക്ഷേ, അതു യഥാർത്ഥത്തിൽ ക്ളാക്കിന്റെ ദയനീയനാദമായിരുന്നു. ഇതിനെക്കാൾ അവിശ്വസനീയമായ വേറൊരു കഥയുണ്ടോ? എങ്കിലും ഇതു വായിക്കുമ്പോൾ നമുക്കു് ഒരു രൈവരസ്യവും ജനിക്കുന്നില്ല. ഇല്ലെന്നു മാത്രമല്ല, നാം രസിക്കുകയും ചെയ്യുന്നു. അതാണു് കലയുടെ മാന്ത്രികശക്തി. നമ്മുടെ കഥാകാരന്മാർ യഥാർത്ഥ സംഭവങ്ങൾ വർണ്ണിക്കുമ്പോഴും നമുക്കു വിശ്വാസമുണ്ടാകുന്നില്ല.

* * *

ചന്ദ്രികആഴ്ചപ്പതിപ്പിലെ കഥവായിച്ചിട്ടു് നമ്മുടെ കഥാകാരന്മാരെയാകെ കുററപ്പെടുത്തിയതു് ശരിയോ? ശരിയല്ലെന്നു് കങ്കുമം വാരികയിലെ ഒരു കഥ പ്രഖ്യാപിക്കുന്നു. ശ്രീ. പി. ആർ. നാഥന്റെ 'പാവകൾക്കു മാത്രം പ്രിയം'—അതൊരു കലാശില്പമാണു്. യാഥാർത്ഥ്യത്തെ വിട്ടു നിഴലിനെ ആദരിക്കുന്ന ആധുനികസംസ്കാരത്തിനുകൊടുക്കുന്ന ശക്തിയേറിയ ഒരടിയാണു് അക്കഥ പ്രസവിച്ചു് അധികമാസമായിട്ടില്ലാത്ത കുഞ്ഞിനെ കാണാൻ ചെന്ന ഒരു സ്ത്രീ കുഞ്ഞിന്റെ അമ്മയോടു പറഞ്ഞു — "ഹാ നിങ്ങളുടെ കുട്ടിയ്ക്കു സൗന്ദര്യമുണ്ടു്." ഉടനെ അമ്മ മറുപടി നൽകി:— 'ഇതു സാരമില്ല. ഇവന്റെ ഫോട്ടോയുണ്ടു്.' അതിൽ അവനു കൂടുതൽ ഭംഗിയുണ്ടു്.' ഇതാണു് നിഴലിനെ ആരാധിക്കൽ. ഈ കാപട്യത്തെയാണു് പി ആർ. നാഥൻ മനോഹരമായി ആലേഖനം ചെയ്യുന്നതു്. ഒരു വ്യാപാരശാല. അവിടെ സ്റ്റഫ്ചെയ്ത മൃഗങ്ങളുണ്ടു്. ജീവനുള്ള പട്ടിയെ വാങ്ങാത്ത മനുഷ്യൻ പട്ടിയുടെ സ്റ്റഫ്ചെയ്ത മൃതദേഹം വാങ്ങുന്നു. ശിശുക്കളെ മനുഷ്യനുവേണ്ട. ജീവനില്ലാത്ത പാവക്കുഞ്ഞുങ്ങളെ അവനുകൂടിയേ തീരൂ. കഥ പറയുന്നയാൾ ഒരുദിവസം മനുഷ്യക്കുഞ്ഞിനെ വിലയ്ക്കുവാങ്ങി വിൽപ്പനയ്ക്കു മേശമേൽ വച്ചു. ആരും അതിനെ മോഹിച്ചില്ല പകരം പാവക്കുഞ്ഞുങ്ങളെ വാങ്ങിക്കൊണ്ടുപോയി. വ്യാപാരശാലയുടെ ഉടമസ്ഥൻ ഇക്കാര്യമറിഞ്ഞപ്പോൾ അയാളോടു പറഞ്ഞു:— "കൊണ്ടുപോയി കൊല്ലു്. മാംസവും അസ്ഥികളും വേർപെടുത്തിക്കളഞ്ഞു് പഞ്ഞിയും വെട്ടുതുണികളും നിറയ്ക്കു്" ഈ കല്പന അനുസരിച്ചു് അയാൾ കുഞ്ഞിന്റെ മൃദുലമായ ഗളനാളത്തിൽ വിരലുകൾ അമർത്തുമ്പോൾ കഥ അവസാനിക്കുന്നു. ജി. ശങ്കരക്കുറുപ്പിന്റെപ്രഭാഷണമുണ്ടെങ്കിൽ അതു കേൾക്കാതെ ആർ. കൃഷ്ണന്റെ ടെന്നീസ്കളി കാണാൻ പോകുന്ന, കൈനിക്കര കുമാരപിള്ളയോ ടി. ആർ. കുമാരൻനായരോ അഭിനയിക്കുമ്പോൾ അതു കാണാതെ ചലച്ചിത്രത്തിൽ നായകൻ നായികയുടെ പിറകേ ഓടുന്നതു കാണാൻ പോകുന്ന നമ്മുടെ കപടസംസ്കാരത്തെ പി. ആർ. നാഥൻ എത്ര ശരിയായി പരിഹസിക്കുന്നു. അദ്ദേഹത്തെ നമുക്കു് അഭിനന്ദിക്കാം. കങ്കുമം വാരികയിൽ ഒരു റഷ്യൻകഥയുടെ തർജ്ജമയുണ്ടു്. (കെ. എ കൊട്ടങ്ങല്ലൂരിന്റെ തർജ്ജമ) അക്കഥയും സുന്ദരമായിരിക്കുന്നു.

* * *

ഫ്രഞ്ചു് സാഹിത്യകാരനായ ഷാങ്കോക് തോവിന്റെ (Jean Cocteau 1889 – 1963) സുഹൃത്തായിരുന്ന Raymond Radiguet (1903–1923) വിഖ്യാതമായ ഒരു പ്രേമകഥ എഴുതിയിട്ടുണ്ടു്. Devil in the Flesh എന്നാണു് അതിന്റെ പേരു്. (Translated by Robert Baldick — Penguin Modern Classics —വില 30 p) മാസ്ററർപീസായി —പ്രകൃഷ്ടകൃതിയായി — പരിഗണിക്കപ്പെടുന്ന ആ കൊച്ചുനോവലിലെ ഒരു കഥാപാത്രം പറയുന്നു:— 'Roses have

(ശേഷം 53-ൽ)

മലയാളസാഹിത്യം ചുട്ടും ചുരുമ്പല്ലാത്തതായിരിക്കുന്നു.

കഴിഞ്ഞ ദശകം കൊണ്ടുപിടിച്ച ചലനംകൊണ്ടു് പ്രക്ഷുബ്ധമോ പ്രലോഭനീയമോ ഒക്കെയായി കഴിഞ്ഞുപോയിരുന്ന നമ്മുടെ സാഹിത്യത്തിനു് ഇന്നീ ദുർഗ്ഗതി വന്നുഭവിക്കാൻ കാരണം? പത്രമാസികകളിൽ പലതിലും പലരും ഈ പ്രശ്നത്തെപ്പററി ഉറക്കെച്ചിന്തിക്കുന്നതു കേൾക്കുകയുണ്ടായി. ഇപ്പോൾ വായനക്കാരുടെയും, ബന്ധപ്പെട്ട സാഹിത്യോപാസകരുടെയും ശ്രദ്ധയാകർഷിച്ചുകൊണ്ടു് 'മലയാളനാടി'ന്റെ മുഖഭാഗചിത്രങ്ങളിൽ ശ്രീ വി. ബി. സി. നായർ ചോദിക്കുന്നു:— "മലയാളത്തിലെ തൂലികകൾ തുരുമ്പുപിടിച്ചുവോ?" ശ്രദ്ധേയമാണു് ഈ ചോദ്യം.

സാഹിത്യത്തേയും, അതു് കാലബിന്ദുക്കളിലിണക്കിച്ചേർക്കുന്ന ചിരസ്മരണീയവ്യക്തികളേയും, അതു സമഷ്ടിയിലെന്നതു

മലയാളത്തിലെ തൂലികകൾ

തുരുമ്പുപിടിച്ചുവോ? (ചർച്ച)

എന്നാക്രോശിച്ച മറെറാരു തലമുറയോടെ ത്തുടർന്നു ജീവിക്കാനുള്ള ശക്തി അവർക്കു കൊടുത്തിരുന്നില്ലേ?

ഉവ്വു്. അവരുടെ ഒപ്പമുണ്ടായിരുന്ന ഇളംതലമുറതന്നെയായിരുന്നു അവരുടെ ശക്തി. പക്ഷേ, അവരെ താങ്ങിയ നമ്മൾ അവരെ കള്ളികളിൽ നിർത്തി തളർത്തിക്കളഞ്ഞു. അവരെ വായിച്ചനമ്മൾ ചരസ്സിനെയും കഞ്ചാവിനെയും പൂജിക്കാനൊരുങ്ങി. അവരെഴുതിയതിനെയെല്ലാം ഇസങ്ങളുടെ ചട്ടക്കൂട്ടിൽ തളച്ചിട്ടുകണ്ടു അവരെ കാമു എന്നും കഫ്കയെന്നു ക്രൂസ്സെന്നും എലിയട്ടെന്നും ഓനീലെന്നും ബെക്കററെന്നും വിളിച്ചധിക്ഷേപിച്ചു നമുക്കൊരു കാക്കനാടൻ

വിഭ്രാന്തസൗന്ദര്യമല്ല, സ്പന്ദനമാണു്

മിഹിരൻ

പോലെ വ്യക്തിയിലുണർത്തിവിടുന്ന പരിണാമസംഘട്ടനങ്ങളേയും, മോഹിപ്പിക്കലിന്റെ താളങ്ങളേയും ഉൾക്കൊള്ളാൻ ശ്രമിക്കുന്ന ഒരു തലമുറയുടെ ശബ്ദമാണു് ശ്രീ. നായരുടെ ചോദ്യത്തിലുള്ളതു് പ്രസ്തുത ചോദ്യത്തിനുത്തരം പറയേണ്ടവർ, പൊതുവായിപ്പറഞ്ഞാൽ കഴിഞ്ഞ ദശകത്തിൽ നമുക്കു വ്യാമുഗ്ധനിമിഷങ്ങൾ പ്രദാനം ചെയ്തവരാണു്. അവർ മറുപടി പറയാതിരിക്കില്ല എങ്കിലും, ഞാനൊന്നു ചോദിക്കട്ടെ—

അവരെവിടെ?

ആദ്യമായി ഈ ചോദ്യത്തിനാണെന്നു തോന്നുന്ന മറുപടി പറയേണ്ടതു്. ഒരു ദശകത്തിനപ്പുറം പിടിച്ചുനൽക്കാൻ ഈ ചെറുപ്പക്കാരുടെ ഉൾക്കരുത്തുകൾക്കെന്തു കരുത്തില്ലാതെയായി? ഈ ചെറുപ്പക്കാരെ വായിക്കുകയും ഇവരെ മനസ്സിലാക്കുകയും ചെയ്ത ഒരു തലമുറ "ഇവരെ ക്രൂരിക്കു"

യെങ്കിൽ, വെർജിനിയാവൂൾഫ് ഉണ്ടായെങ്കിൽ ക്രോഷേ ഉണ്ടായെങ്കിൽ നമുക്ക് സ്വന്തമായി, അവരുടെ പേരുകളിൽ കാർബൺ കോപ്പിചെയ്യപ്പെട്ട മുണ്ടശ്ശേരിയെയും മാരാരെയും ഗുപ്തൻനായരേയുമായിരുന്നു ആവശ്യമെന്നു തോന്നുന്നു.

തകഴിയും ദേവും മററും അവരെ വ്യാവർത്തനം ചെയ്യപഹസിച്ച വാൾക്കരുള്ളികളിൽ പരുങ്ങിനിന്നില്ല. മററുള്ളവർ പറയുന്നതിനപ്പുറം, അവർക്ക് അവരുടെയുള്ളിൽ തിളച്ചുതുള്ളിയ ഒട്ടു രുദ്രമെങ്കിലും അതിലേറെ വൃദ്ധിദങ്ങളായിരുന്ന ആർജ്ജവത്തിന്റെ ചിനപ്പുകളായിരുന്നു രചനയുടെ പശ്ചാത്തലമൊരുക്കിയത്— കാലികസംസ്കാരത്തിന്റെ ഈടുവയ്പുകളെ ഫലവത്തായ ചൂഷണത്തിലൂടെ ഉൾക്കൊള്ളാൻ, ഒട്ടൊക്കെ ഉപരിപ്ലവമായിട്ടാണെങ്കിൽകൂടെ, ആ ഉപരിപ്ലവതയുടെ പതിനടങ്ങ് അന്തർധ്വാദനയോടെ അവർക്കു കഴിഞ്ഞു. അവർ അവരുടെ യജ്ഞത്തിൽ വിജയിച്ചില്ലെന്നു പറയാൻ ആർക്കുകഴിയും? ഇന്ന് അവർ കാട്ടുന്ന കൊഞ്ഞനം അവരിലെ സാഹിത്യകാരന്മാരുടെ വകയല്ലെന്നറിയുക. സാഹിത്യം നേടിക്കൊടുത്ത സമ്പന്നത അവരെ പച്ചമനുഷ്യരാക്കുകയും, പ്രസ്തുത പച്ചമനുഷ്യരുടെ കണ്ണുകളിൽ ജോണ്ടിസ് ഊറിക്കൂടുകയും അവർ കാണുന്ന മഞ്ഞച്ച ലോകത്തെ നോക്കി സങ്കീർണ്ണവും അവരുടെ വൃദ്ധചേതനയ്ക്കജ്ഞേയവുമായ നവയുഗത്തിന്റെ വളവുതിരിവുകളെനോക്കി അപഹസിക്കയും ചെയ്യുന്നുവെന്നു മാത്രം. മലയാററുകിന്റെ ഒരു കാർട്ടൂണിൽ (മലയാളനാട്— പ്രഥമലക്കം) "ചന്ദ്രനിലെന്തു നടന്നു" എന്നൊരു നമ്പൂതിരിസ്സൻ ചോദിക്കുന്നതുപോലെയേ ഉള്ളൂ. അതു്. എന്തായാലും അവർ തലമുറയെ മോഹിപ്പിച്ച എഴുത്തുകാരുടെ തലമുറയുടെ പ്രതിനിധികളല്ലേ? തീർച്ചയായും അവരല്ല നമ്മുടെ ഇന്നത്തെ മാന്ദ്യത്തിനു കാരണം. കുവിക്കൂവി, ചിനക്കിച്ചിനക്കി അവരുടെ ശബ്ദം നറുമ്പക്കുകയും, പ്രതിഭ വത്തീകപേടന്നൊരു പഴമയായ ത്തീരുകയും ചെയ്തു. ഇനി യവരെഴുതുവാൻ, എഴുതി നമുക്കാനന്ദവും നമ്മൾപ്പണ്ണാമപവനനും,വിതാൻനാം നിർബ്ബന്ധപ്പെടുക്കുന്നു. അവരെഴുതിനമ്മളെ ബോറടിക്കുന്നതു്, എഴുതിപ്പിച്ചു് നമ്മൾ സ്വയം ബോറടിക്കുന്നതും തെററാണു്. കാരണം വിലകുറഞ്ഞുപോകുന്ന ഈ ഏർപ്പാടിൽ മുങ്ങി അവരുടെ ചരിത്രാതിശായികളായ കൃതികളുടെ മജ്ജയെങ്കിലും തുരുമ്പിക്കാതിരിക്കേണ്ടതു് നമ്മുടെ ആവശ്യമാണു്. (വാർദ്ധക്യം ബാധിച്ചിട്ടും യുവശക്തിയുടെ പ്രതീകമായ ഇശ്ശേരിയെന്ന കവേ, ഒളപ്പമണ്ണായെന്ന രുദ്രസംഗീതമേ, മാപ്പ്!) അതിരിക്കട്ടെ, ചെവോമും മോപ്പസങ്ങും എന്ന സംബുദ്ധിയിൽനിന്നും ഇടറിക്കിതിച്ചു് അവർ അവരുടെ വ്യക്തിസ്വത്വം നിലനിർത്തിയതെപ്പററിയാണു് നാം പറഞ്ഞുവന്നതു്. അതിൽ അവർ വിജയിച്ചുവല്ലോ.

എന്നാൽ, നമ്മുടെ അത്യാധുനികരെന്നു മുദ്രകുത്തപ്പെട്ടവരുടെ കാര്യമോ? നമുക്കവരിൽ മുമ്പാരിൽമുമ്പനായ കാക്കനാടനെ ഒന്നു ചികഞ്ഞുനോക്കാം. കാക്കനാടൻ 'വസൂരി'യെഴുതി കാക്കനാടൻ 'സാക്ഷി'യെഴുതി. 'ഏഴാംരുദ്ര'വും 'ഉഷ്ണമേഖല'യും 'അജ്ഞതയുടെ താഴ്‌വര'യും എഴുതി. അദ്ദേഹം ഇപ്പോൾ 'അടിയറവു്' പറഞ്ഞിരിക്കുകയാണു് വായനയുടെ പരപ്പും ആഴവും ആശയനിർവ്വേദങ്ങളിലൂടെ ആ എഴുത്തുകാരനു് അനുഭൂതിയുടെ പുതിയ മാനങ്ങൾ തേടിക്കൊടുത്തിരുന്നു. 'പ്രേഗ്' വായിച്ചിരുന്ന കാക്കനാടനായിരിക്കാം വസൂരിയെഴുതിയതു്. പക്ഷേ, പ്രേഗ് വായിച്ചതുകൊണ്ടല്ലേയല്ല. എന്നാൽ ജനം പറഞ്ഞതങ്ങനെയല്ല. അവർ പുകഴ്ത്താനായുധം തേടി. ആ പുകഴ്ത്തലിൽ തന്റെ വേരഴുകുന്നകാര്യം കാക്കനാടൻ അറിഞ്ഞുവോ ആവോ! സാക്ഷിയിലെ ഭാരതിയമായ നാരായണൻകുട്ടിയുടെ ദുഃഖം, പണക്കൊഴുപ്പും യാന്ത്രികസംസ്കാരവും കരണ്ടുതിന്ന പാശ്ചാത്യന്റെ ദുഃഖമല്ലതന്നെ. അതു് വിട്ടുതലിലേക്കൊരു സാക്ഷിസംവാദമാകുന്നു. ഉഷ്ണമേഖലയിലെ ഉപകഥാപാത്രങ്ങളുടെ അഭിവാദനങ്ങൾ എന്റെ അഹബുദ്ധിയെ കിടിലം കൊള്ളിക്കുകയും എന്നിലെ ഊരുചുററുന്ന ചൂഷിതവർഗ്ഗത്തിന്റെ ഇരുകൈകളിലും മുഷ്ടികളണിയിക്കുകയും ചെയ്യപ്പോൾ അതിലെ പ്രധാന കഥാപാത്രമായ ശിവൻകുട്ടിയെട്ടത്തുണ്ടിഞ്ഞ പ്രതിജീവിതത്തിന്റെ അർത്ഥശൂന്യതയുടെ കവചം എന്നെ ഒട്ടാകെ നിരാശനാക്കുകതന്നെ ചെയ്തു. സാക്ഷിയിൽനിന്നും എപ്പോർപെററ ഉഷ്ണമേഖലയിലേക്കു നടന്നെത്തിയപ്പോഴേക്കും കാക്കനാടന്റെ സ്വത്വം ചിതറുകയും, അല്ലത്വമെന്ന അന്യഥാത്വം അവിടെ കുടിയേറുകയും ചെയ്തു. പക്ഷേ, ഇടയ്ക്കു പൊട്ടിവീണ, ആ അജ്ഞതയുടെ താഴ്‌വരയോ? അതു വീണ്ടും നമ്മളെ വ്യാമുഗ്ദ്ധരാക്കിക്കെങ്കിൽ, ബലായി കാക്കനാടൻ 'അടിയറവെഴുതിയതു കണ്ടില്ലേ? വഴിനിറഞ്ഞെത്തിയ വ്യാവർത്തനത്തിന്റെ മുൻവിധികളിൽപെട്ട് എഴുത്തുകാരൻ കഴുന്നു. ഈയിടെ ഒരിക്കൽ കാക്കനാടന്റെ എന്റെ പ്രിയപ്പെട്ട എഴുത്തുകാരന്റെ ഒരു കഥ വായിച്ചിട്ട് ഞാൻ സ്വയം ചോദിച്ചുപോയി: കാക്കനാടൻ , മരിച്ചുപോയോ?

പുതിയ ആശയങ്ങൾ, പുതിയ വികാരങ്ങൾ, തങ്ങളുടെ പ്രതിഭയിലിണക്കി ശില്പഭംഗിയോടെ നമ്മുടെ കാക്കനാടനും സുഗതകുമാരിയും മററുമവതരിപ്പിച്ചപ്പോൾ നിരൂപകന്മാർ, മാർഗ്ഗമദ്ധ്യേ കണ്ടെത്തിയ ഈ മുഗ്ദ്ധപ്രകാശങ്ങൾ, ഇവിടെയെങ്ങനെ എന്നന്ധരുതപ്പെട്ടു. അവർ നിരൂപകന്മാരുടെ പുത്തൻതലമുറ, പുതിയ എഴുത്തുകാരുടെ വശംചേർന്നിന്നു് വിശകലനം നടത്തി. അമ്പതുകളിൽ യൂറോപ്പിലെത്തിയ വെള്ളിവെളിച്ചം ഇന്നിതാ ഇവിടെയുമെത്തിയിരിക്കുന്നുവെന്നു് നിരൂപകരൊട്ടൊട്ടുംനിന്നു് കലാകാരന്മാരും കാഹളമൂതി. "ഞങ്ങൾക്കച്ഛനും അമ്മയും വേണ്ട, വീടും സമൂഹവും വേണ്ട, ഞങ്ങൾ ആകാശത്തുനിന്നും നൂലിൽ വന്നിറങ്ങിയവരാണു് പഴയ എഴുത്തുകാരെ ഞങ്ങൾ പമ്പകടത്തും ചരസും കഞ്ചാവും സ്വയംഭോഗവും സ്വവർഗ്ഗഭോഗവുംകൊണ്ടു് ഞങ്ങളിവിടെ മാററം വരുത്തും." അവസാനം തോന്നുമ്പോഴൊക്കെ കള്ളനാണയങ്ങൾപോലും ഇറക്കിവിട്ടു് ഇവർ നമ്മളെ ചതിക്കാനൊരുമ്പെട്ടു. അഥവാ, ശ്രീചക്രമെഴുതിയ സാക്ഷിയെഴുതിയ കാക്കനാടൻ അടിയറവെഴുതില്ലായിരുന്നു. 'മയൂഴിപ്പുഴയുടെ തീരങ്ങളിൽ' എഴുതിയ യുകുന്ദൻ കൂട്ടുകെററിമേയുന്നവർ എഴുതിക്കൂട്ടിയിരുന്ന മററുള്ളവരുടെ വേനലും ഉത്തുപത്രങ്ങളിൽ തിരുത്തും എഴുതിയ പത്മരാജൻ രതിനിർവേദവും, പാരഞ്ഞിലെ കാററും പുക്കണ്ണടയുടെഴുതില്ലാരുന്നു. അയ്യപ്പപ്പണിക്കരും സച്ചിദാനന്ദനും ആ കവിതകളെഴുതില്ലായിരുന്നു. അവരെ തുടർന്നുവന്ന തലമുറയ്ക്കു് ഇതായിരിക്കും മഹദ്സാഹിത്യമെന്നുകണ്ടു് അതനുകരിക്കേണ്ടി വരില്ലായിരുന്നു.....

പ്രഗത്ഭനും പ്രതിഭാശാലിയും പരിണതപ്രജ്ഞനുമായ നിരൂപകന്റെ കാര്യം അല്പം പരിശോധിക്കാം. സാഹിത്യകൃതിയെ സാഹിത്യകൃതിയായിക്കണ്ടറിയുന്ന ശ്രീ എം. കൃഷ്ണൻനായർതന്നെയാകട്ടെ ആദ്യം. സ്വയുക്തികൾ സമർത്ഥിക്കുന്നതിൽ അസുലഭമായ പാടവം പ്രദർശിപ്പിക്കുന്ന ഇദ്ദേഹം ചേമികളിലൊന്നും പെടാത്തതു കേവലാസ്തിത്വത്തിനുടമയാണെന്നു് ശത്രുക്കൾപോലും സമ്മതിക്കും. ആധുനികമോ അത്യാധുനികമോ ജീവിതദർശനമോ നിഷേധമോ എന്തായാലും കലകലയായിരിക്കണം, അതിന്റെ സൗന്ദര്യത്തെ ചവിട്ടിമെതിക്കുന്നതെന്തും പുകഞ്ഞകൊള്ളി എന്ന പക്ഷക്കാരൻ. ആരുടെ ചുമലിലും തുങ്ങാതു ഉള്ളതുവെട്ടിത്തുറന്നു പറയുന്ന പ്രകൃതക്കാരൻ. നമ്മുടെ സാഹിത്യനിരൂപണരംഗത്തു്, ആ ഒരാററ കാരണത്താൽ തന്റെ പേരിൽ ഇത്രയേറെ ചിത്രവധം ചെയ്യപ്പെട്ടിട്ടുള്ള മറെറാരാളും കാണുകയില്ല അതുപോട്ടെ; ഇസങ്ങളെയെല്ലാം ധിക്കരിച്ചിട്ടുതന്നെ തോന്നംപടി എഴുതിയിട്ടും. ഓരോരോ രചനകളെയും ലക്ഷണങ്ങളുടെ, സങ്കേതങ്ങളുടെ ചട്ടക്കൂട്ടിൽ നിർത്തി കാണുന്നതിലാണദ്ദേഹത്തിനു താല്പര്യം. 'മയൂഴിപ്പുഴയുടെ തീരങ്ങളിൽ എന്ന കൃതിയെപ്പററി അദ്ദേഹം പറഞ്ഞു: .....“എന്നി -എക്സിസ്റ്റേറൻഷ്യലാശയങ്ങൾക്കു രൂപം കൊടുത്തതാണു് പ്രസ്തുത കൃതി. വിഭിന്ന പ്രവർത്തനങ്ങളിലൂടെ എല്ലാ മനുഷ്യരും. അബ്സേധായ മരണത്തിലെത്തുന്നതിനെ നോവലിസ്റ്റു ചിത്രീകരിക്കുന്നു” സംഗതി ശരിയാണു്. കൃതി അദ്ദേഹത്തിനിഷ്ടമായി എന്നു മുമ്പാരിക്കലും പറഞ്ഞിരുന്നു. എന്നാൽ “എക്സിസ്റ്റേറൻഷ്യൽ' എന്നു പറയുമ്പോൾ അവിടെ മുൻവിധിയുടെ അഥവാ ക്ളാസ്സിഫിക്കേഷന്റെ കടന്നാക്രമണം വരുന്നില്ലേ? ഈ നോവൽ വായിക്കുമ്പോൾ മറെറാരാശയഗതിയുടേയും കൂട്ടുപിടിക്കാതെ കഥാകാരന്റെ ഹൃദ്

ബ്ബല്യത്തിൻെയും മൃദുലതയുടേയും പരുപരുപ്പിൻെറയും ശാന്തിയുടേയും ചലനത്തിൻെറയും ദൈന്യതയുടേയും ധീരതയുടെയും പ്രണയത്തിൻെറയും വെറുപ്പിൻേറയും സൗന്ദര്യത്തിൻേറയും വൈരൂപ്യത്തിൻെറയും ബന്ധുരചിത്രങ്ങൾ സഹൃദയനെ സംവേദനത്തിൻെറ പുതിയ മേഖലകളിലേക്കെത്തുന്നില്ലേ? ഉണ്ട്. പക്ഷേ, നമ്മുടെ നിരൂപകന്ക് ഇസങ്ങൾക്കപ്പുറം പോകാൻ കഴിയുന്നില്ല. ഒരു കഥ വായിക്കുമ്പോൾ, ഇതു് 'അലിഗറി' എന്ന വിഭാഗത്തിൽ പെടുന്നു; അതുകൊണ്ടു കലയല്ല. ഒരു കവിത വായിച്ചിട്ട് ഇതു് സററൈററാണ്; സററൈററർ കവിതയല്ല എന്നൊക്കെ പറയുന്നതിൽ യുക്തിയുണ്ടായിരിക്കാം. പക്ഷേ എഴുത്തുകാരൻ ലക്ഷണങ്ങളുടെ മുൻവിധിയോടെയല്ല എഴുതുന്നതെങ്കിലോ? 'ശോഭിക്കുന്നവരുടെ' സുവിശേഷ'മെഴുതി ആധുനികസാഹിത്യകാരന്മാക്ക് താത്വികസംസ്കൃതിയുടെ പശ്ചാത്തലവും പ്രചോദനവുംകൊടുത്തതായാളാണ് ശ്രീ. കെ. പി. അപ്പൻ അദ്ദേഹം, പക്ഷേ സ്വയംഅറിയാതെയെന്നെങ്കിലുമവക്ക് മനുഷ്യമനസ്സുകളുടെ പുടിപ്പുകൾ കൊടുക്കുകയാണുണ്ടായതു്. അവതിടെ പരിവർത്തനമുണ്ടാക്കുമെന്ന ധാരണയിൽ അപ്പനെപ്പോലുള്ളവർ പറഞ്ഞുവച്ചതൊക്കെ മാധ്യമമായി പരിണമിച്ചതിൻെറ ഹേതു അവരെ തരംതിരിച്ച് ഒതുക്കിനിർത്തിയതുതന്നെയല്ലേ? ഒരു സാഹിത്യസൃഷ്ടിയേയും മുൻവിധിയോടെ സമീപിക്കാൻ പാടില്ലതുന്നെ. എഴുതുന്നതു് ഏതു് ഇസക്കാരനായാലും, വായിച്ചശേഷമേ ഇതാണെഴുതിയതു് എന്ന് ഗീർവ്വാണിയായി ചിന്തിക്കേണ്ടതുള്ളു. പിന്നെ കലയെ നമ്മൾ ഇസങ്ങളിൽ പെടുത്തേണ്ട ഭാരവും ഒഴുങ്ങിക്കിട്ടും

പടിഞ്ഞാറൻകാററിൽ പറന്നെത്തിയ ദുഃഖത്തിൻെറ മേലങ്കിയും അതിൻെറ പ്രകീർത്തനത്തിൽനിന്നുണ്ടായ ആത്മവഞ്ചനയുടെ ശബ്ദവും അപ്പേരിൽ എടുത്തണിഞ്ഞ പൊങ്ങച്ചവും നമ്മുടെ എഴുത്തുകാരെ ത്രിശങ്കുസ്വർഗ്ഗത്തിലെത്തിച്ചു. അവരൊരു മിഥ്യയുടെ നാല്പവലയിലെത്തി. സർവ്വജ്ഞതരന്ന ഭാവം. അവർ ഉയന്ന പുരികങ്ങൾ കള്ളുകുമ്പോളങ്ങളിൽ നന്നകടംവാങ്ങി ധരിച്ചു മാത്രമോ, രാമായണത്തെയും മഹാഭാരതത്തെയും ചുട്ടുകരിക്കണമെന്ന് പുരോഗമന പ്രസ്ഥാനക്കാർ വിളിച്ചുകൂവിയ അതേ സ്വരത്തിൽ, അവർ പഴയ കൃതികളെയും തൽക്കർത്താക്കളെയും പുലഭ്യം പറഞ്ഞു. കയറിനില്ക്കാൻ കിട്ടിയ മൺകൂനകളിലൊക്കെ കയറിനിന്ന് അവർ തങ്ങളുടെ പൊങ്ങച്ചസഞ്ചി വലിച്ചു തുറന്നു. വിഴുപ്പലക്കി. അവിടെയും നിന്നില്ല; അവരന്യോന്യംതന്നെയും 'തിരുത്തൽവാദ'ങ്ങൾ നടത്തി. വിഖ്യാതനായൊരു ആധുനികനായ ശ്രീ. കെ. പി. നിർമ്മൽകുമാർ, സമകാലികനും മലയാളകഥാസാഹിത്യത്തിൽ ശ്രദ്ധേയമായൊരു ശൈലിയുടെ ഉപജ്ഞാതാവുമായ ശ്രീ. സി. രാധാകൃഷ്ണൻെറ കൃതിയെ വിമർശിച്ചതു് (മലയാളനാട്ടിലെ പുസ്തകാഭിപ്രായം) വ്യക്തിയെ ഉപഹസിക്കുന്ന സാഹിത്യതരമായ ഒരു രീതിയിലായിരുന്നു. രാധാകൃഷ്ണൻ അതിനു മറുപടി കൊടുക്കുകയും ചെയ്തു. ഈ സോല്ലുണ്ടാടത്തിയ നിർമ്മലകുമാർ 'എന്തിലുംമീതേ വിളങ്ങുന്ന ദൈവം' എന്നൊരു ഭാവം! നിസ്സംഗനായ, സന്ന്യാസബാധിതനായ മിഥ്യാവിധ്വംസകനു Pseudo-rebel) അതാണല്ലോ ഇവരുടെ മുഖഭാവം! തന്നേപ്പോലൊരുവനോട് ഇതു തോന്നേണ്ട കാര്യമെന്തു്? ഇവക്ക് നിരൂപകരോടുള്ള നീരസവും ഇതേ വിധം താണതരത്തിലുള്ളതുതന്നെ. ഏവക്ക് ചിഷ്ടമുള്ള പൊങ്ങച്ചമൊന്നും പ്രസംഗിക്കാതിരുന്നിട്ടുള്ള ചുരുക്കം ചിലരുണ്ട്: വിജയൻ, എം. സുകുമാരൻ, പത്മരാജൻ മുതൽപേർ. സ്വഖിയിയും ഇതേവകപ്പിൽത്തന്നെയുണ്ടായിരുന്നു; അടുത്ത ചില ദിവസങ്ങൾക്കുമുമ്പുവരെ. പക്ഷേ, തൻെറ ഒരു കൃതിയെപ്പററി ഒരു നിരൂപകൻ രണ്ടക്ഷരം ഖണ്ഡനരൂപേണ പറഞ്ഞപ്പോൾ ചെമ്പു തെളിഞ്ഞുപോയി. നല്ല കവിതകൾ—ഉപാലംഭകൃതികൾ—എഴുതാനുള്ള പി. നാരായണക്കുറുപ്പാണ് മററൊരാൾ. സ്വന്തം വിഴുപ്പ് പൊതുസ്ഥലത്തിട്ടു കഴുകിയിട്ട് കഷ്ടം, നിരാശരാകുക!

ഇനി നമുക്ക് ഏററവും പുതിയ നാമുകളെപ്പററിയാണ് ചിന്തിക്കേണ്ടതു്. ഇക്കഴിഞ്ഞ രണ്ടോ മൂന്നോ വർഷങ്ങളിലെ ആനുകാലികങ്ങളെടുത്തുനോക്കിയാൽ ഹൃദയത്തെ മഥിച്ച ഒരു ശബ്ദശകലത്തിൻെറ ഉടമയെ എടുത്തുകാട്ടുക വിഷമം. അതുകൊണ്ടുതന്നെയാണല്ലോ 'നമുക്കിപ്പോൾ ഇങ്ങനെ ഉറക്കെയൊന്നു ചിന്തിക്കേണ്ടതായി വന്നതും എന്തേ പുതിയ നാമുകൾ കരുത്തല്ല. നമ്മുടെ മണ്ണിൽ വളമില്ലേ? ഇതു് ഊഷരഭൂമിയായിത്തീർന്നുവോ?

മാതൃഭൂമി ആഴ്ചപ്പതിപ്പ് ഒരു പരീക്ഷണമെന്നവണ്ണം പുതിയ നാമുകൾ കണ്ടെത്താനുള്ള ശ്രമം വിഷുപ്പതിപ്പിലൂടെ നടത്താറുണ്ടല്ലോ. ഇക്കൊല്ലത്തെ മത്സരം അമ്പേ പരാജയമായിരുന്നു എന്നു പ്രഖ്യാപിച്ചുകൊണ്ടും ഒരൊററ രചനപോലും ആശാവഹമായി ഇല്ലായിരുന്നുവെന്ന് പരിദേവനംചെയ്തുകൊണ്ടുമാണ് വിഷുപ്പതിപ്പ് പുറത്തുവന്നതു്. വിഷുപ്പതിപ്പിലൂടെ നൂണ്ടുപാറൽ നടത്തുന്ന ഏതൊരാൾക്കും ഈ പ്രസ്താവം ശരിതന്നെയെന്നു കാണാം. പ്രകാശത്തിൻെറ ഒരു കണികയെങ്കിലും തേടിയ ആസ്വാദകൻ അമ്പേ തരിച്ചു തന്നുപോയി. ഈ മത്സരത്തിൽ പങ്കെടുത്ത എൻ. പി. ചെക്കുട്ടി എന്നൊരു ചെറുപ്പക്കാരൻ, തൻെറ തലമുറ വഞ്ചിക്കപ്പെട്ടവരെന്നും നിരാശതയുടെ പത്മവ്യൂഹത്തിൽ തങ്ങളെ പൂട്ടിയിട്ടവർ, ഇനിയിങ്ങുണരാത്തവധം തങ്ങളെ ശക്തിഹീനരാക്കിയെന്നും പ്രലപിക്കുന്നതു് (ദേശാഭിമാനി – ബാലപംക്തിയിൽ) കേട്ടു. ഇതിൽ ഒല്ലും ശരിയുണ്ട്. അനുകരണഭ്രമത്തിലകപ്പെട്ടുപോയ ഈ വളത്തലമുറയുടെ കൈത്തററിനുള്ളിൽ കൊടുക്കുമുമ്പ്, ആ തെററിനു മണ്ണിളക്കിയ ഹിപ്പോക്രിററുകളുടെ തെററിനെ കാണ്ട മതിയാവൂ. തിരുത്തിയേ കഴിയൂ നൈലിസം (Nihilism), സാഡിസം, എക്സിസ്റ്റൻഷ്യലിസം എന്നിങ്ങനെ പലപേരിലുള്ള നിരാശതാവാദത്തിൻെറ, നിറമുള്ള മേലങ്കിയെടുത്തണിഞ്ഞ്, അതാരോപിക്കപ്പെട്ട് ആത്മഭീതികളുടെ സ്വയംനിർണ്ണയപ്പുറുദിസയിൽ കിടന്നു പുളഞ്ഞ് ഉദരംഭരികളായിത്തീർന്നവരുടെ, ഭ്രാവാക്യസദൃശങ്ങളായ ജൽപ്പനങ്ങൾകേട്ട് നമ്മുടെ യുവതലമുറയ്ക്ക് നല്ലതേതു് പൊല്ലതേതു് എന്നു തിരിച്ചറിയാൻ കഴിയാതായി. ഖസാക്കിൻെറ ഇതിഹാസം വായിച്ച അവർ, കണ്ടതെല്ലാം അത്രത്തോളം വലിയ ഇതിഹാസങ്ങളെന്നണ്ണി. ഫരിദാബാദിലെ മണിമുഴങ്ങിയപ്പോൾ, നിഷാദസങ്കീർത്തനം ചെവിക്കൊണ്ടപ്പോൾ പിന്നെക്കേട്ട അനുരണനങ്ങളെല്ലാം സത്വരം സംശുദ്ധമെന്ന് പക്ഷേ, അറിയാതെ ഞെട്ടുപായി. അവർ കണ്ണു മഞ്ഞളിച്ചവരും കാതുതകിയവരുമായി. അവർ, ആ നജ്ഞ, ഹിപ്പോക്രിസിയുടെ, ആത്മവഞ്ചനയുടെ, നാരദേധം തുടരാൻ, ഇമിമ്പലക്കു വിഴുങ്ങാൻ, ഇറങ്ങിപ്പുറപ്പെട്ടു. ഫലമോ, അവർക്ക് അവരുടെ വേരുകളററു. അവക്കൊരു ശബ്ദവും ശബ്ദത്തിൻെറ ശക്തിയും ഇല്ലാതായി.

ഒരു തുടക്കത്തിൽനിന്ന്, തുടക്കത്തിലേ അടിഞ്ഞുപോയൊരുണർവിൽനിന്ന് നാം മയക്കത്തിലേക്കു വഴുതിവീണതിൻെറ മുഖ്യകാരണമേ ഇത്രയുംകൊണ്ട് വിശദീകൃതമായുള്ളു. ഇനി സാധാരണമെങ്കിലും അതീവശ്രദ്ധേയങ്ങളായ മററുചില കാര്യങ്ങളുണ്ട്.

ഇതിഹാസങ്ങൾ സാധാരണങ്ങളല്ല. ഒരു ദശകത്തിൽ ഒരു എം. സുകുമാരനും ഒരു വിജയനും ഉണ്ടായതുതന്നെ ഒട്ടുനിസ്സാരമായൊരു നേട്ടമൊന്നുമല്ല – പൊല്ലാത്ത പരസ്യങ്ങൾകൊണ്ട് നാം അവരെ പൊറുതിമുട്ടിക്കരുതു്. വിജയൻെറ മററൊരു നോവൽ വരുന്നതായി 'മലയാളനാട്ടിൽ' പരസ്യം കണ്ടിരുന്നു. വർഷം രണ്ടായിട്ടും ആ 'കടൽത്തിര' അകലങ്ങളിൽ തങ്ങി നിൽക്കുന്നതേയുള്ളു. എൻ. പി. മുഹമ്മദിൻെറ 'ഞാൻ' വരുന്നതായി മലയാളനാട്ടിൽ എഴുതിയിരുന്നു. ഞാൻ ഞങ്ങളുടെ മനസ്സിൽകിടന്നഴുകിയിട്ടും അതിങ്ങെത്തിയില്ല. പാടില്ല; ഇതുപാടില്ല. കൃതി പുറപ്പെട്ടുമുമ്പ് 'പുലി വരുന്നേ' എന്നു നാം പറയാൻ പാടില്ല. അതും, ഇത്യാദിവിഷയങ്ങൾ ഗൗരവബുദ്ധ്യാ കൈകാര്യംചെയ്യുന്ന സാഹിത്യോപാസകരുൾപ്പെടുന്ന പത്രസംവിധാനങ്ങളിലെങ്കിലും അവർ തന്നിയെ എഴുതട്ടെ. എഴുതി നമുക്കയച്ചുതരട്ടെ. പിന്നെ നമ്മൾ അവക്ക് വെള്ളിനാണയങ്ങൾ കൊടുക്കാം. ഇതിഹാസങ്ങളെങ്കിൽ ഇതിഹാസങ്ങളെന്നും, ചവറെങ്കിൽ ചവറെന്നു തെണ്ണി, നമുക്കവയെ ആരോഹണാവരോഹണാദികളാൽ 'ആദരി'ക്കാം. വിജയനും മുകുന്ദനും മുഹമ്മദുമല്ല മുന്നിലിതുവരെയെഴുത്താത്തവരെഴുതിയാൽത്തന്നെയും

(ശേഷം 41-ൽ)

എന്റെ മുഖമിതാ പിറക്കുന്നു

കിടയത്തുന്ന സന്ധ്യാകാശം. കടലിന്റെ വിള്ളലിൽ മുങ്ങിപ്പോയ സൂര്യൻ തുവിയ ചുവന്ന ബിന്ദുക്കൾ, ഇരുട്ടിന്റെ നാവിൻതുമ്പിൽ. മരിച്ചുപോവുന്ന ഒരു സന്ധ്യ. താഴ്‌വരയിലെ വലിയ പാറക്കെട്ടിൽ അമർന്നിരിക്കുമ്പോഴോർമ്മിച്ചു..... ഈ പാറക്കെട്ടിലാണ് താനെപ്പോഴും അഭയം കണ്ടെത്താറുള്ളത്. കടന്നുപോവുന്ന കാലങ്ങൾക്കു സാക്ഷിയായി, എന്റെ സ്വകാര്യദുഃഖങ്ങൾക്കു സാക്ഷിയായി, ജനിമൃതികൾക്കു സാക്ഷിയായി നില്ക്കുന്ന പാറ. ഈ പാറയുടെ വിള്ളലുകളിൽ, മഴവെള്ളം നിറഞ്ഞു് കിടന്നിരുന്ന ഒരു സന്ധ്യയ്ക്കു്—

നീണ്ടുവിടർന്ന് നീലിച്ച കണ്ണുകളും മെല്ലിച്ച ശരീരവുമുള്ള മാലിനി. അന്ന് മാലിനിയോടു പറഞ്ഞു...

'ഇപ്പോൾ ആകാശത്തിന് നിന്റെ ചുണ്ടുകളുടെ നിറമാണ്!'

മാലിനിയെന്നു തന്റെ മുറപ്പെണ്ണ് പാറയുടെ അളുക്കിൽ നിറഞ്ഞുനിന്ന വെള്ളത്തിൽ വീണുപോയൊരെറുമ്പിനെ ഒരു കരിയിലത്തുമ്പിലുയർത്താനുള്ള ശ്രമത്തിലായിരുന്നപ്പോൾ.

അപ്പോൾ ആകാശം ധൂസരവർണ്ണത്തിൽ...വേനലിൽ നഗ്നയാക്കപ്പെട്ട മരങ്ങൾക്ക് മുകളിൽ, മുരടിച്ച ചില്ലകളിൽ, ഇരുട്ടിന്റെ മുകളങ്ങൾ വളരുന്ന കൂടുകൾ. നേർത്ത തണുപ്പൊഴുകുന്ന കാററിന്റെ മുരളലിനോടൊത്ത്, എവിടെനിന്നോ ഒഴുകിയെത്തുന്ന സന്ധ്യാസ്തോത്രം. കടലിന്റെ വിള്ളലിൽ മുങ്ങിപ്പോയ സൂര്യൻ തുവിയ ചുവന്ന ബിന്ദുക്കൾ, ഇരുട്ടിന്റെ നാവിൻതുമ്പിൽ. മരിച്ചുപോവുന്ന ഒരു സന്ധ്യ. താഴ്‌വരയിലെ വലിയ പാറക്കെട്ടിൽ അമർന്നിരിക്കുമ്പോഴോർമ്മിച്ചു..... ഈ പാറക്കെട്ടിലാണ് താനെപ്പോഴും അഭയം കണ്ടെത്താറുള്ളത്. കടന്നുപോവുന്ന കാലങ്ങൾക്കു സാക്ഷിയായി, എന്റെ സ്വകാര്യദുഃഖങ്ങൾക്കു സാക്ഷിയായി, ജനിമൃതികൾക്കു സാക്ഷിയായി നില്ക്കുന്ന പാറ. ഈ പാറയുടെ വിള്ളലുകളിൽ, മഴവെള്ളം നിറഞ്ഞു് കിടന്നിരുന്ന ഒരു സന്ധ്യയ്ക്കു്—

രവിയേട്ടൻ ഒരു കവിയാണെന്ന് ഞാൻ മറന്നു...'

അതെ കുട്ടീ. രവിയേട്ടൻ ഒരു കവിയാണ്. രവിയേട്ടനെ ഒരു കവിയാക്കി പുനർസൃഷ്ടിച്ചതു് നീയാണ്. നിന്റെ കണ്ണുകളിൽ നോക്കുമ്പോൾ, എന്റെ വിരൽത്തുമ്പുകൾ തരിക്കാറുണ്ട്.

ദുഃഖത്തിന്റെ ഛായ ആകാശത്തിന്. നക്ഷത്രക്കണ്ണുകൾ പതിയെ തുറക്കുന്നു. മനസ്സിന്റെ കോണുകളിൽ മയങ്ങിക്കിടക്കുന്ന ഓർമ്മകൾക്ക് വേദനയുടെ രുചി. അവയുടെ സൂചിമുനത്തുമ്പാൽ, മനസ്സ് ആയിരം സൂക്ഷിരംവീണ ഒരു കളിപ്പന്ത്. ഓർമ്മ ഒരു രഥചക്രംപോലെ ഉരുണ്ടുപോവുമ്പോൾ, കണ്ടുമറന്ന ഒരു സ്വപ്നത്തിന്റെ ഇതൾപോലെ മാലിനി.

ഒരു മഴക്കാലപരാഹ്നം. തേക്കുപൂത്തകാലം. ചന്ദനമരക്കാട്ടിനരികിലൂടെ നടക്കവേ, പിന്നിൽ മാലിനി ഒരു തിഴൽ പോലെ. പുഴയിൽ സൂര്യപ്രകാശം മയങ്ങിക്കിടക്കുമ്പോൾ, പുഴവക്കത്തെ മുളംകാടുകൾ സ്വരം പറയുമ്പോൾ, മണൽപ്പരപ്പിലമർന്നിരുന്നു. കൈയ്യെത്താവുന്നദൂരത്ത്, മാലിനി. അവളുടെ കവിളിൽ മഞ്ഞൾപ്പൊടി പൂശിയതുപോലെ. അവളുടെ കൂത്തു വിരൽത്തുമ്പിൽ എത്തിപ്പിടിച്ച്, പുഴയിൽ മയങ്ങിക്കിടക്കുന്ന വർണ്ണങ്ങളെ നോക്കിയിരിക്കവെ, മാലിനി പിന്നോട്ട് നോക്കിയിട്ടു പറഞ്ഞു:

"ഈ സ്‌ററഡിടൂർ.....നമ്മുടെ എക്സ്‌സാമിനേഷനു്..."

"വാട്ട് എക്സാമിനേഷൻ? നമുക്കതിലധികം പഠിക്കാനുള്ളതു് ജീവിതത്തെക്കുറിച്ചാണ്..."

ആകാശത്തു് ഗാർളിക്പ്പൂക്കൾ വിരിഞ്ഞതുപോലെ. കാററിന്റെ ഒഴുക്കിനനുസൃതം നദിയുടെ പാട്ട്. നീലമലയുടെ അവിശ്വസനീയതയിലെ, ഏതോ ഒരുൾഗുഹയിൽ നിന്ന് മുളച്ചുഴുകിപ്പോവുന്ന നദിയുടെ പാട്ട് പാട്ടിന്റെയുന്മാദം. തേക്കിൻപൂക്കളുടെ അവ്യക്തഗന്ധം. ചന്ദനമരത്തിലെ കിളിയിലകളുടെ ഉപസംഗീതം.

"ഞാനോരോ കവിത ചമയ്ക്കുമ്പോഴും നിയെന്നിൽനിന്ന് അകലുന്നതുപോലെ..."

മാലിനിയുടെ ചിരി പുഴഏററുവാങ്ങി. അവളുടെവിടർന്നകണ്ണുകളുടെ നീലിമയിൽ

തിളക്കം. അല്പം നനവുപുരണ്ട ചുണ്ടുകളിൽ നേർത്ത വിറയൽ. മാലിനിയുടെ മടിയിൽ തലവെച്ച് കിടക്കവേ, കുട്ടിക്കാലത്തേക്കു മടങ്ങിപ്പോവണമെന്നു തോന്നി. ഒരു പുനർജന്മചിന്ത.

"നിന്റെ മടിയിൽ കിടക്കുമ്പോഴെല്ലാം ഞാൻ ശൈശവത്തിനുവേണ്ടി കൊതിക്കുന്നു."

നീലിച്ച രോമരാജികളുള്ള മാലിനിയുടെ കൈത്തണ്ടയിലെ ചുവന്ന കുപ്പിവളകൾ പൊട്ടിച്ച് പുഴയിലേക്കെറിയുമ്പോൾ, പുഴയിൽ തെന്നിപ്പോവുന്ന വളക്കഷണങ്ങൾ. കാററിൽ ഒഴുകിയകന്ന സാരിയുടെ വിടവിൽ മാലിനിയുടെ മിനുത്തു ചുവന്ന മടക്കുകൾവീണ അടിവയർ. ചെമ്പിച്ച രോമരാജികൾ ഒരു ലൂജുരേഖപോലെ. അല്പം കഴിഞ്ഞു, നനവുപുരണ്ട പൊക്കിൾക്കുഴിയിൽ ചുണ്ടുവിരൽ ചുററിച്ചുകൊണ്ടു പറഞ്ഞു...

"ഞാനീ പൊക്കിൾക്കുഴിയിൽ തപസ്സിരിക്കും..."

എം സി ചാക്കോ

"ഉവ്വോ?"

"അവിടെക്കുന്ന് സ്നേഹത്തെ അറിച്ചാരു തീസ്സിസെഴുതും."

മാലിനിയുടെ ഇളുതായുള്ള ചുണ്ടുകൾ കവിളിൽ പതിയുമ്പോൾ...അവളുടെ മുഖം നെഞ്ചോടടുപ്പിക്കുവാൻ ശ്രമിച്ചു.

കന്നിറങ്ങിപ്പോകുമ്പോൾ ഓർമ്മിച്ചു. വിവാഹത്തിനുശേഷമൊരിക്കൽ മാലിനിയുമൊന്നിച്ചിവിടെ വരണം. ഈ ചന്ദനമരക്കാട്ടിൽ. പുഴയുടെ കാതങ്ങളിൽ.

ഇരുട്ടിന്റെ തണുത്ത ഗുഹയ്ക്കുള്ളിൽ വിരിയുന്ന നിശ്ശബ്ദതയുടെ പൂക്കൾ.

പോക്കററിൽനിന്ന് സിഗരററും തീപ്പെട്ടിയുമെടുക്കുമ്പോൾ ആരോ വിളിക്കുന്ന ശബ്ദം. ഇരുട്ടിൽ മരിച്ചുകിടക്ക

ന്ന ഒറ്റയടി പാതയിലൂടെ വീട്ടിലേക്ക് നടന്നു. ആരോ ഉറക്കെ സംസാരിക്കുന്ന ഒച്ച. ശാരദേടത്തിയുടെ കട്ടിയാവണം തൊണ്ട പൊട്ടുമാറ് നിലവിളിക്കുന്നത്. ഈ ജീവിതം ഉത്തരം കിട്ടാനാവാത്ത ഒരു കടങ്കഥയെന്നർത്ഥമുള്ള ഒരു ഗാനം റേഡിയോയിലൂടെ. ഈ ഗാനത്തെ എത്ര നാൾമുതൽ ഇഷ്ടപ്പെട്ടിരുന്നു. വിധിയുടെ അഭിശപ്തമേഖലകളിൽ, ജന്മരഹസ്യങ്ങളുമായി മുട്ടിത്തിരിയുന്ന മനുഷ്യർ. മോചനത്തിന്റെ, മുക്തിയുടെ ന ശ്ലഥഗ്രഹകൾതേടി പോവുന്നവർ. കാലത്തിന്റെ കരത്തൊഴുക്കിൽ മൃതപ്പെടുന്നവർ.

കോളേജ്ഡേ ഇനാഗുരേഷൻദിനം, മാലിനിയാണ് പരിചയപ്പെടുത്ത യതു്.

"ശാലിനി...എന്റെ ഇളയവൾ..."

ഷിഫോൺവസ്ത്രങ്ങൾ ധരിച്ച, തുടുത്ത കവിളുള്ള പെൺകുട്ടിയെ കണ്ടപ്പോൾ ചിരിക്കാൻ തോന്നി. വർഷങ്ങൾക്കുമുമ്പ്, അമ്മാവന്റെ വീട്ടിൽ പോയതോർത്തിച്ചു. അന്നൊരു കൈക്കുഞ്ഞായി അമ്മായിയുടെ മടിയിൽ കിടന്ന ശാലിനി ഇന്നു വളർന്നിരിക്കുന്നു.

ഒരിക്കൽ—

കടൽപ്പുറത്തെ തരിമണലിൽ മലർന്നു കിടന്നു്, ആകാശത്തെ മേഘക്കൂട്ടങ്ങളെ തിരയവെ, മുന്നിൽ ശാലിനി ഒരബ്സ്ട്രാക്റ്റ് പെയിന്റിംഗ് പോലെ.

"രവിയേട്ടാ..."

ചുവന്ന വസ്ത്രങ്ങൾ. തടിച്ച ശരീരം. ഒരു വല്ലാത്ത ആകർഷകതയുള്ള പെൺകുട്ടി.

"ചേച്ചി വീട്ടിൽപോയി.. രവിയേട്ടനോടു പറയണമെന്നു പറഞ്ഞു..."

വിജനമായ കടപ്പുറത്തുകൂടി ശാലിനിയുമൊന്നിച്ചു് നടക്കവേ, ആകാശത്തിന്റെ വിള്ളലുകളിൽ കഴുകന്റെ കൂട്ടങ്ങൾ. ചിറകടിയൊച്ച കടൽ, നീരാളിക്കൈകളുയർത്തി. മനസ്സിന്റെ അടുക്കളിൽ വിഷത്തുള്ളികൾ നിറയുന്നുവോ? ഓർമ്മകൾക്ക് വിറയൽ ബാധിച്ചുവെങ്കിലും ഒരു വല്ലാത്ത രുചി. കടലിന്റെ ചിരയുടെയുന്മാദം.

റെയിൽവേഗ്രഹസ്ഥരുടെ കിൽമരിച്ചുകിടക്കുന്ന ലോഡ്ജ്. ലോഡ്ജിന്റെ പതിമൂന്നാം മുറി. മുറിയിൽ, ജിജ്ഞാസയുടെ ഇരുണ്ടപുക്കൾ വിരിയുന്ന കണ്ണുകളുള്ള ശാലിനി. ഒരുത്തുതലോകത്തിന്റെ ഉറവുകൾ പൊട്ടുന്ന മനസ്സ്. ബുദ്ധിശാലിയായ ഒരു കള്ളന്റെ പെരുമാറ്റം. പതിമൂന്നാം മുറിയിൽ, അടുക്കുംചിട്ടയുമില്ലാത്ത പുസ്തകങ്ങൾ മറിച്ചുനോക്കിക്കൊണ്ടു് ശാലിനി പറഞ്ഞു,

'വാർഡൻ തിരക്കുന്നുണ്ടാവും!'

പാതിചാരിയ വാതിലിലൂടെ പുറത്തേയ്ക്കു നോക്കി. വേനലിന്റെ അവസാനത്തിൽ പെയ്യാൻപോവുന്ന മഴയുടെ വരവു്. ആകാശത്തിന്റെ മാറിടത്തിൽ ഉരുണ്ടുകൂടുന്ന കറുത്ത മഴമേഘങ്ങൾ.

പുസ്തകങ്ങൾ ചിതറിക്കിടക്കുന്ന കിടക്കയിൽ ശാലിനിയെ കിടത്താൻ ശ്രമിക്കുമ്പോൾ, അവളുടെ കൂമ്പിയടയുന്ന കണ്ണുകൾ. കോടമഞ്ഞുപോലെ വിറയൽ പൂണ്ട ചുണ്ടുകൾ പതിയെ, വിറയ്ക്കുന്ന വിരൽതുമ്പുകൾകൊണ്ടവളെ നഗ്നതയാക്കി. തുടുത്ത ശരീരം മുദ്രലത. പിന്നെ— എത്രയോ അപരാഹ്നങ്ങൾ...

പതിമൂന്നാം മുറിയിലെ ഗന്ധത്തിനു പോലും ശാലിനിയെ ഓർമ്മിപ്പിക്കാൻ കഴിഞ്ഞു. ഓർമ്മ ഒരു രോമാഞ്ചം. ഇന്ദ്രിയങ്ങൾക്ക് വസന്തം.

മാലിനിയെക്കാണുമ്പോൾ സ്നേഹത്തിനു് കുറവുവന്നില്ല. ചിരിച്ചു. എലിയട്ടിന്റെ കവിതകളെക്കുറിച്ചും മരണത്തെക്കുറിച്ചും സംസാരിച്ചു: അവളുടെ ചുണ്ടിലും കഴുത്തിലും ചുംബിച്ചു.

മദ്ധ്യവേനലവധി. തിരക്കുള്ള ബസ്സ് സ്റ്റോപ്പിൽനിന്നു് രണ്ടുപേരെയും യാത്രയാക്കുമ്പോൾ മനസ്സു കരഞ്ഞു. നിറയുന്ന കണ്ണുകൾ തുടയ്ക്കുവേ, മനസ്സിന്റെ ഉള്ളറകളിൽ വേദനയുടെ നൊമ്പരം. അവധിദിവസങ്ങളുടെ വീരസതയിൽ ഓർമ്മകളുടെ ഗർഭത്തിൽ ഒരു ശിശുവിനെപ്പോലെ കഴിഞ്ഞു. ഒരു വെള്ളിയാഴ്ച മാലിനിയുടെ കത്തു്.

രവിയേട്ടൻ... ഇവിടെവരെ ഒന്നു വരണം. മെലിഞ്ഞ കൈയക്ഷരത്തിൽ, വെട്ടിത്തിരുത്തിയ ആ കത്തിൽ നോക്കിയിരിക്കവേ. സന്തോഷം. വീട്ടിലാരോടും പറയാതെ യാത്രതിരിച്ചു. ചെറുപ്പത്തിൽ കണ്ട വഴികൾ. അച്ഛനും അമ്മാവനും വസ്ത്രർക്കരത്തെ ചൊല്ലി പിണങ്ങിയിട്ടു് വർഷങ്ങൾകഴിഞ്ഞു. പിണക്കത്തിന്റെ ശൃംഖല

(ശേഷം 42-ൽ)

നോവൽ

വീട്ടിൽനിന്നിറങ്ങി കുറച്ചുദൂരം നടന്നുകാണണം—സത്യൻമാസ്റ്റർ മുമ്പിൽ. എവിടെനിന്നാണ് പ്രത്യക്ഷപ്പെട്ടതു് എന്നു മനസ്സിലായില്ല.

ഒന്നും പറയാതെ കണ്ണടയ്ക്കു പിറകിൽ പതിവുചിരിയുമായി അയാൾ കൂടെ നടക്കുവാൻ തുടങ്ങി.

'"എനിക്കു പേടിയാകുന്നു."

'എന്തിനു്?'

'ആരെങ്കിലും കണ്ടാലോ?'

'കണ്ടാലെന്താണു്? മറ്റുള്ളവർക്കു കാണുവാൻ പാടില്ലാത്തതൊന്നും നമ്മൾ ചെയ്യുന്നില്ലല്ലോ.'

'എനിക്കു പേടിയാ.'

'കുറച്ചു ധൈര്യം വേണം. ലോകത്തെ ധിക്കരിയ്ക്കുന്ന പ്രകാശന്റെ ഏടത്തിയാണു് നീ.'

അവൾ നിരത്തിൽ നോക്കിനടന്നു. അയാളിൽനിന്നു കഴിയുന്നത്ര അകന്നുനടക്കുവാനും അവൾ ശ്രമിച്ചു.

മുന്നുനാലുദിവസമായി ഈ പതിവു് തുടങ്ങിട്ടു്. വീടിനും ഇൻസ്റ്റിറ്റ്യൂട്ടിനും ഇടയിൽ എവിടെയെങ്കിലും അയാൾ പ്രത്യക്ഷനാകും. ഇൻസ്റ്റിറ്റ്യൂട്ടുവരെ ഒന്നിച്ചു നടക്കും.

'എന്താ ഒന്നും മിണ്ടാത്തതു്?'

'ഒന്നു വേഗം നടക്കൂ. ഇൻസ്റ്റിറ്റ്യൂട്ടിലു് എത്തിയിട്ടാവാം വർത്തമാനം.'

അവൾ നടക്കുകയല്ല, ഓടുകയായിരുന്നു. ദേവകന്നേരമായിരുന്നു നിരത്തിൽ നിറയെ ആളുകൾ. പലരും നോക്കുന്നുണ്ടായിരുന്നു. അവരുടെ ദൃഷ്ടിയിൽനിന്നു രക്ഷപ്പെടുവാനുള്ള വഴി തേടുകയായിരുന്നു അവൾ.

'മണ്ടിപ്പെണ്ണേ. നിനക്കെപ്പോഴാ ധൈര്യം വരുക? ധൈര്യത്തിനുള്ള മരുന്നു മേടിച്ചുതരട്ടെ ഞാൻ?'

എതിരെന്നു ചന്ദ്രശേഖരൻ വരുന്നതു കണ്ടു. മനസ്സിലി

'ചന്ദ്രശേഖരൻ...'

'അതെന്താ?'

അയാളുടെ കണ്ണാടിച്ചില്ലിനുള്ളിൽ ചിരി പരന്നു. അയാൾക്കും ആരേയും പേടിയില്ലേ? പ്രകാശനെപ്പോലെ ലോകത്തെ

പേടിയില്ലാത്ത വനാണോ? എല്ലാവർക്കും ധൈര്യമുണ്ടു്. ഈ എനിക്കു മാത്രം...

'ചന്ദ്രശേഖരൻ എങ്ങോട്ടാ?'

'പ്രകാശന്റെ വീട്ടുവരെ.'

അവൻ അവളുടെ മുഖത്തുനോക്കി സുധതലതാഴ്ത്തി ഒരു വശം മാറിനിന്നു. അവൻ എന്തു് വിചാരിച്ചുകാണുമോ ആവോ.

'പ്രകാശൻ വീട്ടിലുണ്ടോ?'

'ഉം.'

രാഗ്യത്തിനു് അവൻ കൂടുതൽ ഒന്നും ചോദിച്ചില്ല. മുണ്ടു് തുടയിന്മേൽ മടക്കിക്കുത്തി നടന്നുപോയി.

ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിയപ്പോഴേ ശ്വാസം നേരെ വീണുള്ളു. സത്യൻമാസ്റ്ററുടെ മേശയുടെ മുമ്പിലെ കസാലയിൽ ചെന്നിരുന്നു കിതയ്ക്കുന്നുണ്ടായിരുന്നു. നടക്കുകയല്ല, ഓടുകയായിരുന്നല്ലോ?

എം. മുകുന്ദൻ

'നിന്റെ ഒരു പേടി! ചിരിയാവരുന്നതു് എനിക്കു്.'

'ഞാനിങ്ങനെയായിപ്പോയി. അതിനിപ്പം എന്തുവേണം?'

ദേഷ്യമാണു് തോന്നിയതു്. മുഖം ചുവന്നു.

എല്ലാറ്റിനേയും കാരണക്കാരൻ ഈ ഇരിക്കുന്ന ആൾതന്നെ. ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നശേഷം മനസ്സുമാറ്റാനം എന്തെന്നു് അറിഞ്ഞിട്ടുണ്ടോ?

ഇപ്പോൾ തീരേ ഫീസ് മേടിക്കാറില്ല. എങ്കിലും അച്ഛന്റെ കൈയിൽനിന്നു പണം വാങ്ങും. അതെല്ലാം ഒരു പൗഡറിന്റെ ടിന്നിൽ കൂട്ടിവെച്ചിരിക്കുകയാണു്. മാസ്റ്റർ തന്റെ കൈയിൽനിന്നു ഫീസ് മേടിക്കാറില്ല എന്നു് എങ്ങനെ പറയും അച്ഛനോടു്? അച്ഛനതു വിശ്വസിച്ചാൽ പിന്നെ തന്നെ ഇൻസ്റ്റിറ്റ്യൂട്ടിൽ പറഞ്ഞയയ്ക്കുമോ?

'എന്റെ ശല്യം അടുത്തുതന്നെ തീരും.'

കണ്ണട ഊരിയെടുത്തു് അതിൽ നോക്കിക്കൊണ്ടു് അയാൾ കസാലയിൽ ചാഞ്ഞിരുന്നു. അയാൾ പറഞ്ഞതിന്റെ അർത്ഥം അവൾക്കു മനസ്സിലായില്ല.

'ശല്യം എന്നു് ആരാ പറഞ്ഞതു്?'

'ആരെങ്കിലും പറയണോ? എനിക്കു് ബുദ്ധിയില്ലേ അതു് മനസ്സിലാക്കാൻ!'

'എനിക്കാരും ഇപ്പം ശല്യമല്ല.'

മേശയിന്മേൽ ഇരുകൈകളും നീട്ടിവെച്ചു് അവൾ അയാളെ നോക്കി ചിരിച്ചു. വെളുത്തുനേർത്ത കൈവിരലുകൾ. ഒന്നു കൂട്ടിപ്പിടിച്ചാൽ പൂമ്പോലെ ചതഞ്ഞുപോകും.

'ശല്യം തീരുമെന്നു് എന്താ പറഞ്ഞതു്?'

'കുറച്ചു ദിവസംകൂടിയാണു് ഉള്ളു ഇനി പരീക്ഷയ്ക്കു്?'

'അതെന്താ?'

'പരീക്ഷ കഴിഞ്ഞാൽ പിന്നെ നിയ്യിവിടെ വരുമോ?'

ചിലപ്പോൾ അവളും ആലോചിക്കാറുള്ളതാണു് അതു്. പരീക്ഷ കഴിഞ്ഞാൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്കുള്ള യാത്ര അവസാനിക്കും പിന്നെ.

'ഞാൻ വന്നില്ലെങ്കിലോ? വേറെ എത്ര പെൺകുട്ടികൾ വരുന്നുണ്ടു് ഇവിടെ?'

'മറ്റുപെൺകുട്ടികൾ എന്റെ ആരാ?'

'ഞാനാരാ?

അവൾ വീണ്ടും അയാളെ നോക്കിച്ചിരിച്ചു. അയാളുടെ മുഖം പെട്ടെന്നു് ഗൗരവംപൂണ്ടു കണ്ണടയിൽ നോക്കിക്കൊണ്ടു് ഒന്നും പറയാതെ ഇരുന്നു.

ഇൻസ്റ്റിറ്റ്യൂട്ടിൽ വന്നില്ലെങ്കിലെന്താ? ഞാൻ ഈ നാട്ടിൽതന്നെയല്ലേ?'

'നിനക്കു് ഞാൻ പറയുന്നതൊന്നും മനസ്സിലാകില്ല.'

അയാൾ മേശതുറന്നു് ഒരു സിസർ എടുത്തു്കത്തിച്ചു. കസാലയിൽനിന്നെഴുന്നേററു് അയാൾ ഉലാത്തുവാൻ തുടങ്ങി.

സുധയുടെ ഊഴം ആയിരുന്നു. അവൾ മെഷീനിന്റെ മുമ്പിൽ ചെന്നിരുന്നു് ടൈപ്പ്ചെയ്യാൻ തുടങ്ങി. ടൈപ്പുചെയ്യുന്നതിന്റെ വേഗത അവളെ സ്വയം അത്ഭുതപ്പെടുത്തി.

'കുട്ടിയുടെ വീട്ടിലു് ടൈപ്പ്റൈറ്റർ ഉണ്ടോ?'

അടുത്തിരിയ്ക്കുന്ന പെൺകുട്ടി ഒരിക്കൽ ചോദിച്ചു.

"എന്റെ വീട്ടിലോ?' അവൾക്കു് ചിരിവന്നു. "ഉണ്ടു്. അങ്ങനെണ്ണം."

കുട്ടിയുടെ സ്റ്റൈഡ്കണ്ടു ചോദിച്ചതാ"

സുധ ഇൻസ്റ്റിറ്റ്യൂട്ടിൽ വരുന്നതിനു മുമ്പുതന്നെ വനജ എന്ന ആ കുട്ടി ടൈപ്പുചെയ്യാൻ വരാറുണ്ടായിരുന്നു. അവൾ ഇന്നിയും ലോവർ പാസ്സായിട്ടില്ല.

ക്രമണ അടിയ്ക്കുന്നതു് മുഴുവൻ തെററി. ക്ലാസ്സിൽ നോക്കാതെ അർത്ഥരഹിതമായി അവൾ ടൈപ്പുചെയ്തു. വിരലുകളുടെ ചലനത്തിനു് താളമുണ്ടായി. ടൈപ്പുറൈറ്റർ പിയാനോവായി മാറി. അതിന്റെ കട്ടകളിൽ കണ്ണടധരിച്ച മുഖങ്ങൾ പിയാനോ സത്യൻമാസ്റ്ററായി മാറി. അയാളുടെ ഉറച്ച നെഞ്ചിലും ഗാംഭീര്യമായ തുടകളിലും അവളുടെ വിരലുകൾ ചലിച്ചു. അയാളുടെ ശരീരത്തിന്റെ ചൂടു് കൈവിരൽതുമ്പുകളിലൂടെ അവളിൽ പ്രവേശിച്ചു. മുലമൊട്ടുകളിലും യോനിമുഖത്തും കത്തിജ്വലിച്ചു. അവൾ അയാളുടെ നെഞ്ചിൽ സാവധാനം തലചായ്ച്ചു കിടന്നു. കാതുകളിൽ അയാളുടെ നെഞ്ചിടിപ്പുകൾ. ഇടത്തേക്കവിളിൽ അയാളുടെ ക്ഷൗരംചെയ്ത മുഖത്തിന്റെ പരുപരുപ്പു്.....

ടൈപ്പുചെയ്യാതെ, മെഷീനുമുകളിൽ വലചായ്ച്ചു കിടക്കുന്ന സുധയെക്കണ്ടു് മതറുകുട്ടികൾ അന്തംവിട്ടിരുന്നു.

അങ്ങിനെ എന്തെന്തു് നടകങ്ങൾ...

മററൊരു സംഭവംകൂടി ഞവൾ ഓർത്തു.

ഒരു ദിവസം ഇൻസ്റ്റിറ്റ്യൂട്ടിൽ ചെന്നപ്പോൾ അടച്ചതാണു കണ്ടതു്. കുട്ടികളെ ആരേയും കണ്ടില്ല. ദിവസം തെററിപ്പോയതാണോ? ഞായറാഴ്ച അവധിയാണു്. രാവിലെ അച്ഛൻ ആപ്പീസിൽ പോയതു് അവൾക്കു് ഓർമ്മവന്നു. അപ്പോൾ ഞായറാഴ്ചയല്ല...

"കയറിവരീൻ"

സംശയിച്ചുനില്ക്കുമ്പോഴാണു് കുമാരന്റെ ശബ്ദം കേട്ടതു്. ഇൻസ്റ്റിറ്റ്യൂട്ടിലെ പ്യൂണാണു് അയാൾ.

"എന്താ പൂട്ടിയിരിക്കുന്നതു്?"

"മാഷ്ക്കു് സുഖമില്ല."

"എന്താ? എന്തുപററി?"

ചോദിക്കുമ്പോൾ മനസ്സു് മിടിച്ചിരുന്നു. ഉടനെ ലജ്ജകൊണ്ടു് കവിളുകൾ ചുവന്നു. ഞാനാരാണു് മാസ്റ്ററുടെ?

'പനിയ്ക്കു ജലദോഷോം.'

'നാളെ തുറക്കോ?'

'സുഖോംണ്ടെങ്കിലു്.'

'ഞാൻ പോകുന്നു.'

'നില്ലു്.'

കുമാരൻ താഴെ ഇറങ്ങിവന്നു. അയാൾ വഴിതടഞ്ഞു. അവൾ പോയിക്കളയുമോ എന്നു ഭയന്നിട്ടെന്നപോലെ. അവൾക്കു് ദേഷ്യം വന്നു—

'ഇതെന്താ കുമാരാ? മാറിനില്ലു്—'

കുട്ടിയോടു് കയറിയിരുന്നു ടൈപ്പ്ചെയ്യാൻ പറഞ്ഞിരിക്കുന്നു.'

വേറെ ആരുമില്ല. ഈ കഴിഞ്ഞ കെട്ടിടത്തിൽ തനിച്ചിരുന്നു് ടൈപ്പ് ചെയ്യാനോ?

'ററയ്ക്കു ഞാനെന്തു ചെയ്യാനാ?'

"മാഷകത്തുണ്ടു്."

അവൾക്കു് ഒന്നും മനസ്സിലായില്ല. പനിയായി കിടക്കുന്ന ആൾ എങ്ങിനെ ഇവിടെ എത്തി? വീട്ടിൽ കിടന്നാൽ പോരെ?

അപ്പോഴേക്കു് എവിടെനിന്നു് എന്നറിയില്ല, അയാൾ പ്രത്യക്ഷനായി. മുഖത്തു നോക്കിയപ്പോൾ അസുഖമൊന്നും ഉള്ളതായി തോന്നിയില്ല. പതിവുപോലെ കണ്ണടയ്ക്കു പിറകിൽ ചിരിക്കുന്ന കണ്ണുകൾ.

'വാ—'

അയാൾ വിളിച്ചു അവൾ പരുങ്ങിനിന്നു. എന്തിനാണു് ഭാവം ആരോ 'എനിക്കു് പനിക്കുന്നു'

"കണ്ടിട്ടു് തോന്നുന്നില്ലല്ലോ?"

"തൊട്ടുനോക്കൂ—"

അയാൾ കൈനീട്ടി. കനത്ത, രോമം നിറഞ്ഞ ആണിന്റെ കൈ.

'തൊട്ടുനോക്കൂ—'

അവൾ കുമാരനെനോക്കി. മാസ്റ്റർ വാതിൽ തുറന്നു. അവൾ അടുത്തുചെന്നപ്പോൾ അയാൾ വാതിൽ അടച്ചു് കുഴിതിട്ടു.

ആ വലിയ കെട്ടിടത്തിനു, ചലനമററു കിടക്കുന്ന എട്ടു് ടൈപ്പ്റൈറ്ററുകളുടെ നടുക്കു്, അവർ തനിയെ.

അവളുടെ മനസ്സു് മിടിച്ചു അവൾ ഭയന്നു. അവൾ തുറന്നു.

'തൊട്ടുനോക്കൂ—'

'എന്തിനാണു് മററുള്ളവരെ ഇങ്ങിനെ കളിയാക്കുന്നതു്?'

'പനിയില്ലേ?'

'ആ—ട്ടയാണുള്ളതു്.'

അവൾ തിരിച്ചുനടക്കാൻ നോക്കി. പക്ഷേ, കാലുകൾ [illegible]

'കൈയ്യു തൊട്ടു [illegible] ഞങ്ങളതു്. മനസ്സാ—'

'മനസ്സിനാണോ ഇപ്പോൾ പനി?'

'സ്വശമുണ്ടെങ്കിൽ തൊട്ടുനോക്കൂ'

'മനസ്സോ?'

'അതെ.'

അതിനു സാധിച്ചിരുന്നെങ്കിൽ... അയാളുടെ മനസ്സിൽ എന്താണുള്ളതു് എന്നു് അറിയാമായിരുന്നുവെങ്കിൽ കുറേക്കാലമായല്ലോ ഇതു തുടങ്ങിയിട്ടു്.

പെൺകുട്ടികൾ ഇരുന്നു് ടൈപ്പുചെയ്യുന്നയിടത്തു് ഒരു ചെറിയ മേശയും കസാലയുമുണ്ടു്. ചിലപ്പോൾ മാസ്റ്റർ അവിടെ ചെന്നിരുന്നു് അവർ ടൈപ്പുചെയ്യുന്നതു് ശ്രദ്ധിക്കും. അയാൾ അവിടെ ചെന്നിരുന്നു. എതിരേയുള്ള കസാലയിൽ ഇരിക്കാൻ ആംഗ്യം കാണിച്ചു

'എനിക്കു് അസുഖമൊന്നുമില്ല'

'എനിക്കറിയാം'

'ഒരു ദിവസമെങ്കിലും അതിപ്പനേരം

(ശേഷം 36-ൽ)

ചെറുകഥ

ഭിക്ഷാടനം

യു. എ. ഖാദർ

അരയാൽത്തറയിലിരുന്ന് ചില്ലറയെണ്ണുന്ന ഭിക്ഷക്കാരിയുടെയരികെ കുട്ടി ചെന്നു. നാണയങ്ങൾ സൂക്ഷ്മമായി നോക്കി എണ്ണി തിട്ടപ്പെടുത്തുന്ന ഭിക്ഷക്കാരിയെക്കണ്ട് കുട്ടി അത്ഭുതപ്പെട്ടു. തിളക്കമുള്ള ആ കണ്ണുകൾ പകൽ സമയങ്ങളിൽ ഭിക്ഷക്കാരി എവിടെ ഒളിപ്പിച്ചുവെക്കുന്നു എന്നു ചോദിക്കാൻ കുട്ടി മുതിർന്നു.

കുട്ടി ഒന്നും ചോദിച്ചില്ല. അരയാൽത്തറയ്ക്കപ്പുറത്തെ ദേവീക്ഷേത്രത്തിൽ വിളക്കുകണ്ട കുട്ടി തൊഴുകയ്യോടെ നിന്നു. പ്രഭാപൂരത്തിൽ മുങ്ങിനിൽക്കുന്ന ശ്രീകോവിലിന്നകത്തെ അമ്മയെ മനസ്സിൽധ്യാനിച്ചു. അമ്മേ—കുട്ടി വിളിച്ചു അമ്മേ—ഈ ഭിക്ഷക്കാരിക്ക് ഇത്ര നല്ല കണ്ണുകൾ അമ്മ എപ്പോൾ നൽകി—?

കുട്ടിയുടെ സംശയം കേട്ട് ശംഖ് മുഴങ്ങി. മണി മുഴങ്ങി. ദീപാരാധനയുടെ മുഹൂർത്തം— അമ്മയുടെ മുഖം പ്രകാശിച്ചു. നടയ്ക്കൽവെച്ചു തൊഴുകയ്യോടെന്നിരുന്ന കുട്ടിയുടെ ചോദ്യം ഭിക്ഷക്കാരി കേട്ടിരുന്നില്ല. അന്നു കിട്ടിയ തുക എണ്ണിയൊപ്പിക്കുന്ന ബദ്ധപ്പാടിൽതന്നെയായിരുന്നു ഭിക്ഷക്കാരി.

അമ്മ മറുപടിയൊന്നും പറയാതെ നടയടച്ചപ്പോൾ കുട്ടി വീണ്ടും ഭിക്ഷക്കാരിയുടെയരികെ ചെന്നു. ഭിക്ഷക്കാരി അപ്പോൾ ചോദിച്ചു:

"കുട്ടി വീട്ടിലേക്ക് പോകുന്നില്ല—?"

"പോകാം—" കുട്ടി മറുപടി പറഞ്ഞു അവിടെത്തന്നെ നിന്നു.

"കുട്ടിയുടെ വീടെവിടെയാ—?" ഭിക്ഷക്കാരി ചോദിക്കുന്നു.

"അതാ കിഴക്ക്—" കുട്ടി വിരൽചൂണ്ടി.

ഭിക്ഷക്കാരി ചിരിച്ചു. അപ്പോൾ കുട്ടി തന്റെ സംശയം പുറത്തിട്ടു.

"ഞാൻ ചോദിച്ചാൽ പറയ്യോ—?"

"ചോദിക്കൂ കുട്ടീ...?"

"കണ്ണില്ലാതെ ഭിക്ഷയാചിച്ച നിങ്ങൾക്ക് ഈ കണ്ണ്...?"

കുട്ടിയുടെ ചോദ്യം കേട്ട് ഭിക്ഷക്കാരി കുടുങ്ങിച്ചിരിച്ചു. പിന്നെ പതുക്കെ പറഞ്ഞു: 'കുട്ടീ... പകൽ എന്നെ കുട്ടി കണ്ടിരുന്നു. തെരുവായ തെരുവിലൂടെ, വീടായ വീടുകളിലൂടെ നടന്നുനടന്നു ഭിക്ഷചോദിച്ച കണ്ണില്ലാത്ത ഈ ഭിക്ഷക്കാരിയെ കുട്ടി കണ്ടിരുന്നു—'

'അതെ കണ്ടിരുന്നു അമ്മ മിഠായി വാങ്ങാൻതന്ന കാശ് കണ്ണില്ലാത്ത നിങ്ങളുടെ ചട്ടിയിൽ ഞാൻ ഇട്ടുതന്നിരുന്നു. ഓർമ്മയില്ലേ—?'

കുട്ടിയുടെ ചോദ്യംകേട്ട് ഭിക്ഷക്കാരി വീണ്ടും കുടുങ്ങിച്ചിരിച്ചു:

'ഓർമ്മയുണ്ട് കുട്ടീ ഓർമ്മയുണ്ട്. അപ്പോൾ എന്നെ കൊണ്ടുനടന്ന ആ കുട്ടിയെ അറിയില്ലേ എന്റെ വടി പിടിച്ച് എന്നെ മുന്നോട്ടുനയിച്ച കുട്ടി. കണ്ണില്ലാത്ത കിഴവിക്ക് വല്ലതും ഭിക്ഷ നൽകണമേ എന്ന് വിളിച്ചു ചൂ് നടന്ന കുട്ടി—'

'എന്നിട്ടോ—?'

'അവൾ സന്തോഷത്തോടെ ആ ചെറിയ കണ്ണുകൾ എനിക്കുതന്നു. ഞാനെടുത്തണിഞ്ഞു. പകൽ എനിക്കു കിട്ടിയ നാണയങ്ങൾ അതുകൊണ്ട് നോക്കി എണ്ണി തിട്ടപ്പെടുത്താൻ സാധിച്ചു. കള്ളനാണയങ്ങൾ പരിശോധിക്കാനും സാധിച്ചു. മോളെ എനിക്കിന്ന് ലഭിച്ച ഭിക്ഷയിലധികവും കള്ളനാണയങ്ങളായിരുന്നു—'

ഭിക്ഷക്കാരി പറഞ്ഞതു് ശ്രദ്ധിക്കാതെ കുട്ടി ചോദിച്ചു. 'ആ കുട്ടി കണ്ണുകൾ എന്തിന്ന് നൽകി—?

'ഞാൻ ചോദിച്ചതുകൊണ്ടാവും മകളെ—'

'അപ്പോൾ ആ കുട്ടിയോ?—'

'അന്ധകാരത്തിൽ കഴിയും—'

'ഇനി വെളിച്ചം കാണാൻസാധിക്കയില്ലേ—?' കുട്ടിയുടെ സംശയം വർദ്ധിച്ചു.

'എനിക്കറിയില്ലമോളെ—ആ കുട്ടി പിന്നെ എങ്ങോട്ടുപോയി എന്നുപോലും എനിക്കറിയില്ല മോളെ—അവളുകുറിച്ച് യാതൊന്നും പിന്നെ എനിക്കറിയില്ല—' ഭിക്ഷക്കാരി ചിരിച്ചു.

കുട്ടി വീട്ടിലേക്ക് തിരിച്ചുനടന്നു. വീട്ടിൽ അമ്മയും അച്ഛനും ചേച്ചിയും അനിയനും ആരുമില്ല. ആ വലിയവീട്ടിൽ കുട്ടി തനിച്ചായി. അപ്പോൾ അവിടെ ആഭിക്ഷ

ക്കാരി കയറിവന്നു ചോദിച്ചു.

കുട്ടി ഇന്നു് ഭിക്ഷക്കാരി ഇവിടെ അന്തിയുറങ്ങട്ടെ—'

കുട്ടി സമ്മതിച്ചു.

'വെളിച്ചായാകുട്ടനെ പോകാം—'

'ശരി—'

'വെളിച്ചായാൽ പിന്നെ പോകാൻ എന്റെ സഹായം വേണോ?"

'വേണ്ട മോളെ എനിക്കു് കണ്ണുകൾ ലഭിച്ചുവല്ലോ—ഇനി പുലരുന്നതും വെളിച്ചാവുന്നതും എനിക്കറിയാൻ സാധിക്കുമോളെ—'

അന്നു് ആ വീട്ടിൽ കുട്ടിയും ഭിക്ഷക്കാരിയും ഒന്നിച്ചുറങ്ങി

നേരം പുലർന്നപ്പോൾ ഭിക്ഷക്കാരി വിളിച്ചു. 'മോളെ...കോഴികൂവുന്നതു് കേട്ടല്ലോ. കാക്ക കരയുന്നതു കേട്ടല്ലോ നേരം പുലർന്നോവോ?—'

കുട്ടി ഉണർന്നു. കണ്ണുകൾ തിരുമ്മി എഴുന്നേറ്റു കോട്ടുവായിട്ടു. പിന്നെ പറഞ്ഞു.

"ശരിയാണു്. നേരം പുലർന്നിരിക്കുന്നു. എഴുന്നേറ്റോളൂ—'

ഭിക്ഷക്കാരി പറയുന്നു. മോളെ എന്റെ കുട്ടി എന്റെ കണ്ണുകൾ കാണുന്നില്ല. എനിക്കു് വെളിച്ചം കാണാൻവയ്യ. ഞാനെങ്ങനെ ഭിക്ഷയാചിക്കാൻ തെരുവീഥികളിലേക്കിറങ്ങും. എങ്ങിക്കെങ്ങിനെ ഇനി ജീവിക്കാൻ കഴിയും—?'

കുട്ടി അത്ഭുതപ്പെട്ടു. ഭിക്ഷക്കാരിക്കു് കണ്ണു കാണുന്നില്ല. വടിയുംകുത്തിപ്പിടിച്ചു് തന്റെ മുന്നിൽ നില്ക്കുന്ന ഭിക്ഷക്കാരിയുടെ വടിയുടെ അററം കയ്യിൽ പിടിച്ചു്കുട്ടി പറഞ്ഞു. നടന്നോളൂ. ഭിക്ഷക്കാരിക്കു് ഞാൻ വഴികാണിക്കാം. പക്ഷേ, ഒരു കാര്യം—'

"എന്താണു്കുട്ടി—"ഭിക്ഷക്കാരി ചോദിച്ചു.

"വൈകുന്നേരം, യാചിച്ചുകിട്ടിയ നാണയങ്ങൾ എണ്ണിക്കണക്കാക്കാനും കള്ളനാണയങ്ങൾ പരിശോധിക്കാനും എന്റെ കണ്ണുകൾ യാചിക്കരുതു്. ഇനിയും ഞാനതു് തരികയില്ല—'

"ഇല്ലകുട്ടി—കുട്ടി എനിക്കു് വഴികാണിച്ചുതന്നാൽ മതി. കണ്ണില്ലാത്തവൾക്കു് വല്ലതും നൽകണേ മഹാന്മാരെ എന്നു വിളിച്ചുപറഞ്ഞു് എന്നെ മുന്നോട്ടു നയിച്ചാൽ മാത്രം മതി—".

കുട്ടി അതു വിശ്വസിച്ചു. കുട്ടി ഭിക്ഷക്കാരിയുടെ വടി ഏററുപിടിച്ചു മുമ്പിൽ നടന്നു.

പതുക്കെ, പിന്നാലെ തപ്പിത്തടഞ്ഞു് ഭിക്ഷക്കാരി മുന്നോട്ടുനീങ്ങി. ഭിക്ഷക്കാരി ഉള്ളാലെ ചിരിച്ചു. ഭിക്ഷക്കാരിക്കറിയാം ഇന്നുവൈകുന്നേരം ഈ കുട്ടിയുടെ കണ്ണുകൾ അവസാനഭിക്ഷയായി ലഭിക്കാതിരിക്കയില്ല. മററാരു കുട്ടി സംശയങ്ങളും ഭക്തിയുമായി ആ അരയാൽത്തറയ്ക്കൽ ഇന്നു സന്ധ്യയ്ക്കു് വരാതിരിക്കയില്ല. നടയിൽ കൈകൂപ്പി നിൽക്കാതിരിയ്ക്കയില്ല.

—*—

കാംശക്തി

ശ്രീകാളിചാത്തൻസേവയുടെ മഹത്തായ നേട്ടങ്ങൾ

അനേകം തലമുറകൾ നടത്തിയ കർമ്മസിദ്ധി. ഉദ്ദിഷ്ടകാര്യസിദ്ധിയിൽ സന്തോഷകരമായി അനുഭവം! മാന്യരെ,

വ്യവസായം, വ്യവഹാരം, ഉദ്യോഗം, ശത്രുവിൽ വിജയം ഇവകൾക്കു് ആരാധനയിൽ വിശ്വസിക്കുന്നവർക്കു സമീപിക്കാം. തൃശ്ശൂർ വന്നു് അന്തിക്കാട്ടു പോകുന്ന ബസ്സിൽ കയറി അന്തിക്കാട്ടു് ഹൈസ്കൂളിനു മുൻവശം ഇറങ്ങി സ്വല്പം തെക്കോട്ടു നടന്നാൽ ബോർഡു കാണാവുന്നതും അവിടെനിന്നു പടിഞ്ഞാട്ടു് രണ്ടു ഫർലോങ്ങു നടന്നാൽ മഠത്തിൽ എത്താവുന്നതുമാണു്. വരാൻ സാധിക്കാത്തവർ നിർദ്ദേശത്തിനു് സ്റ്റാമ്പുസഹിതം എഴുതുക:—

ടി. എസ്. വേലായുധൻ S. K. C. S. മഠം, P. O. അന്തിക്കാട്ടു്, തൃശ്ശൂർ

പത്തു്

തുടർച്ച

പുറത്തു് ഇടിവെട്ടി. ചക്രവാളത്തിന്റെ ചുമരുകളിൽ അതിന്റെ പ്രതിദ്ധ്വനിയുണ്ടായി. കാററടിച്ചു ജനാലപാളി അടഞ്ഞു. വിശ്വൻ കടലാസ്സുകൾ ശേഖരിച്ചു്പിൽ വച്ചടച്ചു പുറത്തു മഴയുടെ ശക്തി കുറഞ്ഞു എന്നു തോന്നുന്നു. ഒരു സിഗരററിനു തീകൊളുത്തിക്കൊണ്ടു് വിശ്വൻ കിടക്കയിൽ തലയിണ പൊക്കിവെച്ചു് ചാരിക്കിടന്നു.

പെട്ടെന്നു് അമ്മുവിനെക്കുറിച്ചുള്ള ഓർമ്മ ഒരു സൂര്യോദയംപോലെ മനസ്സിൽ തെളിഞ്ഞുവന്നു. താൻ അവളെ സ്നേഹിക്കുന്ന കാര്യം വേറെ ആരെങ്കിലുമറിഞ്ഞാൽ വിശ്വസിക്കില്ല. തനിക്കു ഭ്രാന്താണെന്നു പറയും. പ്രേമിക്കാൻ ഈ ചെങ്കൽച്ചൂളക്കോളനിയിലെ പെണ്ണിനെയേ



കണ്ടുള്ളോ എന്നു ചോദിക്കും. ഓർക്കുമ്പോൾ തനിക്കു്പോലും അത്ഭുതംതോന്നുന്നു. ആദ്യമായി അവളെ കണ്ട നിമിഷത്തിൽ ഉള്ളിന്റെ ഉള്ളിൽ സൂര്യോദയംപോലെ, ചന്ദ്രോദയംപോലെ ഒരനുഭൂതി യുണ്ടായി മുജ്ജന്മങ്ങളുടെ ദശാസന്ധികൾ തേടുന്ന അലയുന്ന തന്നിടയ്ക്കു് എവിടെയോവെച്ചു് നഷ്ടപ്പെട്ടു, ഒരു സ്വപ്നത്തിന്റെ പുനർദർശനം പോലെ ഒരനുഭവം പിന്നെ എന്നും അവളെ കാണാൻ കാത്തുനിന്നു. ഇംഗ്ലീഷ് സ്കൂൾ തക്കിച്ചു. ഈ ദാരിദ്ര്യത്തിനെ ഇനി എങ്ങോട്ടാണു വലിച്ചിഴയ്ക്കാൻ പോകുന്നതു്? മററാരു ദുരന്തത്തിന്റെ ആരംഭമാണോ ഇതു്? അഴിയ്ക്കും തോറും മുറുകുന്ന ഒരു കുരുക്കിൽ കുടുങ്ങുകയാണെന്നു് ഓർത്തിച്ചു.

ഒടുക്കൽ, വീട്ടിൽ വച്ചു്, തന്റെ മേശപ്പുറത്തുകിടന്ന ഉഷയുടെ ഫോട്ടോ അമ്മ കണ്ടു. അപ്രതീക്ഷിതമായിട്ടാണു് അമ്മ മുറിയിൽ കടന്നുവന്നതു്. അങ്ങിനെ പതിവുള്ളതല്ല. എടുത്തൊളിയ്ക്കാൻ കഴിയുന്നതിനുമുമ്പു് ഫോട്ടോ അമ്മയുടെ കണ്ണിൽ പെട്ടു. ഫോട്ടോവിൽ കുറേനേരം നോക്കി നിന്നിട്ടു് അമ്മ യാതൊരു ഭാവഭേദവും കൂടാതെ ചോദിച്ചു:

'ഏതാ ഈ പെൺകുട്ടി?'

അമ്മയോടെന്തു പറയണമെന്നറിയാതെ പരുങ്ങിനിന്നപ്പോൾ അമ്മയുടെ മുഖത്തു് അരണ്ട നിലാവുപോലെ ഒരു ചിരി തെളിഞ്ഞു.

'നീ അറിയുമായിരിക്കുമല്ലോ. ഏതാ ഈ പെൺകുട്ടി?'

'അതു് ... അതു്...'

'അമ്മയ്ക്കു ഒളിയ്ക്കണ്ടാ—.'

'ഉഷ.'

'നല്ല പെൺകുട്ടി. എനിയ്ക്കിഷ്ടായി.'

അത്ഭുതത്തോടെ അമ്മയെ മിഴിച്ചുനോക്കി തരിച്ചിരിക്കുന്നു. വഴക്കുപറയും എന്നാണു് പ്രതീക്ഷിച്ചിരുന്നതു്. എന്തൊക്കെ സംശയിക്കാനായിരുന്നു അമ്മയ്ക്കു്!

നോവൽ

വെള്ളവസ്ത്രധാരി

ചോദ്യശരങ്ങൾകൊണ്ടു വീർപ്പുമുട്ടിയ്ക്കുമായിരുന്നു. തന്റെ മകനും ഈ പെൺകുട്ടിയ്ക്കുമിടയ്ക്കു എന്താക്കെ ഇല്ലുമല്ലുകളാണു് ഉണ്ടാക്കപ്പെട്ടു്ന്നു് പോകുന്നതെന്നു് വേവലാതിപ്പെടുമായിരുന്നു. പക്ഷേ, അതൊന്നുമല്ല അമ്മ ചെയ്തതു് ഫോട്ടോയിൽ കുറേനേരംകൂടി നോക്കിനിന്നിട്ടു് അതു താഴെവച്ചു. പിന്നെ, തീവ്രമായി ദുഃഖിയ്ക്കുമ്പോൾ ഉള്ള സ്വരത്തിൽ അമ്മ പറഞ്ഞു:

'കറുപ്പും വെളുപ്പും തിരിച്ചറിയാത്ത

പെൺകുട്ടിയായിരിക്കും. അതിനെ സങ്കടപ്പെടുത്തരുതു്."

അമ്മയോടെന്താണു പറയേണ്ടതെന്നു് നിശ്ചയമുണ്ടായില്ല.

അമ്മയ്ക്കെന്തും ഒരു പേടിയുണ്ടായിരുന്നു. അച്ഛന്റെ കുറ, പാപത്തിന്റെ കുറ, മക്കളിൽ കലരാതിരിക്കുമോ?

ഏതെങ്കിലുമൊരു ദിവസം അവളെയും വിളിച്ചുകൊണ്ടു വീട്ടിലേയ്ക്കു കേറിച്ചെന്നാൽ അമ്മ വിളക്കും താലവുമായി എതിരേല്ക്കുമായിരുന്നു എന്നുപോലും തോന്നുന്നു.

പക്ഷേ, ഉഷ ഇപ്പോൾ എവിടെയാണു്?

അറിയില്ല.

ഇപ്പോൾ അവൾ ചപ്പയ ഒരോർമ്മയാണു്. ആകസ്മികമായ വേർപിരിയലുകൾ ആകസ്മികമായ സമാഗമങ്ങൾ.

അമ്മയുടെ രൂപം അയാളുടെ ഓർമ്മയിൽ തെളിഞ്ഞുനിന്നു. അമ്മയ്ക്കു് ഒരെഴുത്തയയ്ക്കുമായിരുന്നു. അമ്മയ്ക്കു തന്നെ കാണാഞ്ഞു വലിയ സങ്കടം കാണും. അമ്മയ്ക്കെന്തും കൂ തലിഷ്ടം തന്നോടായിരുന്നു. എത്ര സങ്കടമുണ്ടെങ്കിലും തന്നെകാണുമ്പോൾ അമ്മ എല്ലാം മറക്കും.

പക്ഷേ, വീടു് അയാൾ വെറുത്തുകഴിഞ്ഞിരുന്നു. വീട്ടിലേയ്ക്കു്, അച്ഛന്റെ നിഴലിലേക്കു് തിരിച്ചു ചെല്ലുന്നതിനെക്കുറിച്ചു് ഓർക്കാൻകൂടി വിഷമമാണു്. എന്നിട്ടും അയാൾക്കുതോന്നി അമ്മ വിളിച്ചാൽ താൻ തിരിച്ചുചെല്ലുമെന്നു്.

അമ്മയുടെ അടുത്തേയ്ക്കു് കേറിച്ചെല്ലുന്നതു് അയാൾ വെറുതെ സങ്കല്പിച്ചു. അമ്മ, അകത്തെങ്ങോ ആണു്. മുൻവശത്തുമല്ല പിച്ചയും അടുക്കളയുമല്ല. ഒരു വനാന്തരംപോലെയാണു് വീടു്. ഭീകരമായ ഒരുതരം നിശ്ശബ്ദത. അയാൾ ആ നിശ്ശബ്ദതയെക്കൂടെ വെറുക്കുന്നു.

'അമ്മേ—'

ഒച്ച തിരിച്ചറിഞ്ഞു് അമ്മ ഓടി ഇറങ്ങിവരുന്നു.

എന്റെ മോനേ—'

അമ്മയുടെ കണ്ണിൽ നനവു്. ദുഃഖത്തിന്റെ പാട. അമ്മയുടെ സ്വരം ഗദ്ഗദംകൊണ്ടിടറുന്നു. നീ എവിടെയായിരുന്നു മോനേ? നീ പോയതിൽ പിന്നെ അമ്മ ഉറങ്ങിയിട്ടില്ല. ഏതെങ്കിലും രാത്രിയിൽ നീ വന്നു് അമ്മേ എന്നു വിളിക്കുമെന്നോർത്തു് ഒരു രാത്രിയും ഞാനി ഉറങ്ങിയില്ല. നീ എത്ര ക്ഷീണിച്ചുപോയിരിക്കുന്നു നിനക്കു നിന്റെ അമ്മയേയും ഓർമ്മയില്ലാണ്ടായോ?

അമ്മയും കൂടെയുണ്ടെങ്കിൽ അമ്മ ചോദിക്കും. അയാൾ ഓർത്തു.

"ഏതാടാ ഈ പെൺകുട്ടി."

'ഞാൻ സ്നേഹിക്കുന്ന പെൺകുട്ടി' എന്നു പറയാൻ എങ്ങനെ ധൈര്യമുണ്ടാകും? മറ്റൊരു പെൺകുട്ടിയുടെ മുഖവും പേരും അമ്മയ്ക്കോർമ്മയുണ്ടാകും. അച്ഛന്റെ വഴിയ്ക്കാണോ നിന്റെയും പോക്കു് എന്നു ചോദിക്കുന്ന മുഖഭാവത്തിനുമുമ്പിൽ കൂസാതെ നില്ക്കാനാവില്ല. പക്ഷേ, ഒരിക്കലും അമ്മ അങ്ങനെ ചോദിയ്ക്കുകയില്ല. ആർദ്രവും വിഷാദാത്മകവുമായ ഒരു മൗനത്തിൽ അമ്മ എല്ലാം ഒതുക്കും. അതാണു് അസഹനീയം.

അമ്മയോടു പറയാം:

ആകസ്മികമായിട്ടാണു് ഞാനീ പെൺകുട്ടിയെ കണ്ടുമുട്ടിയതു്. അതുവരെ നിരർത്ഥകമായി തോന്നിയിരുന്ന എന്റെ ജീവിതത്തിനു് ആ നിമിഷത്തിൽ പുതിയൊരർത്ഥമുണ്ടായതുപോലെ എനിക്കുതോന്നി. ഇവൾ പാവപ്പെട്ട ഒരു പെൺകുട്ടിയാണു്. എന്നെ ആകർഷിക്കുന്ന എന്തോ ഒന്നു് അവളിലുണ്ടു്. ഇപ്പോഴാണു് ഞാൻ ഏകാകിയല്ല എന്നു് എനിയ്ക്കു തോന്നുന്നതു്.

അമ്മ ഒന്നും മിണ്ടാതെ എല്ലാം കേട്ടുനില്ക്കയേ ഉള്ളു.

അച്ഛനും അപ്പംപ്പന്മാരും ചെയ്തിട്ടുള്ള പിഴകൾക്കു് ഞാൻ പ്രായശ്ചിത്തം ചെയ്യുകയാണെന്നു വേണമെങ്കിൽ വാദിക്കാം. പുഴുക്കുത്തേറ്റു നശിച്ചുപോകാനുള്ള വിധി ശിരസ്സിലണിഞ്ഞ ഒരു ഏഴഴകുനൽകുന്ന ശാപമോക്ഷം.

പക്ഷേ, അച്ഛന്റെ കണ്ണിൽപെട്ടാലോ? —ദേവദാസിപ്പെണ്ണിനെ സ്നേഹിച്ച കുററത്തിനു് കൊട്ടാരത്തിൽനിന്നും പുറത്താക്കപ്പെട്ട രാജകുമാരന്റെ കഥ ഓർക്കുന്നു.

ആരൊക്കെ എതിർത്താലും ശരി, ഈ പെണ്ണിന്റെ കൈപിടിച്ചു് ഭൂമിയുടെ ഏതററംവരെ പോകാനും ഞാൻ തയ്യാറാണു്. ഇവൾക്കുവേണ്ടി ഞാൻ എനിയ്ക്കുള്ള മറെറല്ലാം ഉപേക്ഷിക്കും.

പണ്ടു് എന്റെ ജീവിതം എന്ന സ്വപ്നത്തിൽ, അമൂർത്തമായ സങ്കൽപത്തിൽ, അപൂർണ്ണമായ ആശയത്തിൽ വികാരംകൊണ്ടിരുന്നപ്പോൾ ഞാൻ ആശിച്ചതു് സ്നേഹിക്കുന്ന ഒരു പെണ്ണിനെയായിരുന്നു. അന്നതു് ഞാൻ വ്യക്തമായി തിരിച്ചറിഞ്ഞിരുന്നില്ല. അവ്യക്തമായ ഒരു മോഹമായി ദുരൂഹമായ ഒരു വ്യാമോഹമായി അതെന്നിൽ കുലങ്ങിക്കിടന്നിരുന്നു.

മററുള്ളവർക്കു പുച്ഛമായിരിക്കും തോന്നുക—ഈ പെണ്ണിൽ ഇവൻ എന്തു കണ്ടിട്ടാണു്?

ഈ പെണ്ണിനെ കണ്ടിട്ടാണു് എന്നേ ഉത്തരമുള്ളു. മരണത്തോളം ഏകാന്തമായിരുന്ന എന്റെ ജീവിതത്തിൽ മൃതസ

ജീവനിമിത്തം ജപിച്ചെറിഞ്ഞതല്ല് ഇവളാണ്.

എന്റെ ജന്മാന്തരസ്വപ്നം.

എന്റെ അന്തർദാഹം.

എന്റെ സ്മൃതികളുടേയും വിസ്മൃതികളുടേയും—തേജഃപുഞ്ജം.

എന്റെ നേർപകുതി.

എന്റെ ...

അടച്ചിട്ട വാതിലിൽ ആരോ മുട്ടുന്ന ഒച്ചകേട്ട "ആരാണ്?"

'നട തുറക്കൊടോ. പുറത്തൊരാൾ ദർശനത്തിനു കാത്തുനില്ക്കുന്നു—'

ഒച്ചകേട്ടപ്പോൾ മനസ്സിലായി വർഗീസ്. അല്ലാതെ ആരാണ് ഇപ്പോൾ തന്നെ കാണാൻ വരിക.

എഴുന്നേററു ചെന്നു വാതിൽ തുറന്നു.

'എന്താ ഈ നേരത്ത്?'

'പിന്നെ ഈ നേരത്ത് തന്നെപ്പോലെ വാതിലടച്ചുപൂട്ടി കിടന്നുറങ്ങാൻ ആരെക്കൊണ്ടു പററും?'

'ഈ മഴയത്ത്—'

'മഴയോ, മഴയൊക്കെ തീർന്നിട്ട് എത്ര കാലമായി! അതെ, ഇപ്പോൾ പുറത്ത് വെയിൽ തെളിഞ്ഞിരിക്കുന്നു. എപ്പോഴാണ് മഴ തോന്നുന്നത്?'

'വിശപ്പ്, സ്ററുഡൻറ്സ് സെൻററിൽവച്ച് അത്യന്താധുനികകവികളുടെ ഒരു സമ്മേളനമുണ്ട്. നമുക്കു പോകാം'

'തന്റെയുള്ളിലുമുണ്ടല്ലോ കവിത.'

'എന്നാരു പറഞ്ഞു?'

'ഒരു നോവലെഴുതുന്നുണ്ടെന്നു് ഭീഷണി മുഴക്കിയതു് മറന്നോ? നോവലിസ്റ്റുകളും തത്ത്വത്തിൽ കവികളാണ്. അല്ലേ?'

വിശപ്പൻ വെറുതെ ചിരിച്ചു.

'എങ്ങോട്ടെങ്കിലും പോകാം. ഇരുന്നിരുന്നു മടുത്തു. ഈ മടുപ്പിൽനിന്നുള്ള മോചനത്തിനായി ഏതു വെസ്പ്പക്കാരായിലെങ്കിലും പോകാം.

സ്ററുഡൻറ്സ് സെൻററിൽ പുതിയ കവികളുടേയും അവരുടെ ആരാധകരുടേയും ഒരു കൂട്ടമുണ്ടായിരുന്നു. അവക്കിടയിൽ ചാരായത്തിന്റേയും, കവിതയുടേയും കഞ്ചാവിന്റേയും ഗന്ധം വമിച്ചു. അവർ മനുഷ്യന്റെ അസ്തിത്വദുഃഖത്തേയും മോഹഭംഗത്തേയും ജീവിതത്തിന്റെ അർത്ഥശൂന്യതയേയുംകുറിച്ച് കഴഞ്ഞ ശബ്ദത്തിൽ വിലപിച്ചു. ജീവിതത്തെ തടവുമുറിയായിക്കണ്ട ഒരാൾ രക്ഷപ്പെടൽ അസാദ്ധ്യമാണെന്നുള്ള ഉൾബോധംകൊണ്ട് മൃത്യുസങ്കല്പത്തിന്മേൽ തലയറഞ്ഞു. കാവിയുടുത്ത് രുദ്രാക്ഷമാലയണിഞ്ഞ് മുടിയും താടിയും നീട്ടിയ ഒരാൾ അതീന്ദ്രിയാനുഭൂതികളെ നിശ്ചലമായ കൃഷ്ണമണികളിൽ ആവാഹിച്ചുനിർത്തി. മൗനത്തിന്റെ പ്രവാചകനായി തോന്നിച്ച അയാൾ ധൈർഘ്യമേറിയ മൗനത്തിനുശേഷം അലർച്ചയോടെ കമിഴ്ന്നുവീണു.

സദസ്സ് നിശ്ശബ്ദം.

കനത്ത മൗനം.

മരിച്ചവീട്ടിൽനിന്നെന്നപോലെ പുറത്തിറങ്ങി. കവികൾ ശ്രാന്തന്മാരാണെന്നു പറഞ്ഞതു് ഏതു ജ്ഞാനിയാണ്?

ഇനിയെങ്ങോട്ട്?

വർഗീസ് എന്തോതീരുമാനിച്ചുറച്ചുവാതിരി മുമ്പിൽ നടന്നു. അയാളുടെ ഒപ്പം ഒരു നിഴൽപോലെ വിശപ്പൻ ചെന്നുനിന്നതു് ഫോറിൻ ലിക്കർഷാപ്പിന്റെ മുമ്പിൽ. ഇടവഴികേറി ഒരു രഹസ്യമുറിയുടെ വാതില്ക്കൽ ചെന്നുനിന്നു് അകത്തേയ്ക്കു ചൂണ്ടി വർഗീസ് പറഞ്ഞു:

'വലതുകാൽവെച്ചു് അകത്തേയ്ക്കു പ്രവേശിച്ചാലും.'

വിശപ്പൻ അകത്തുകേറി തല കുമ്പിട്ടിരുന്നു. വർഗീസിനു് അരിശംവന്നു.

'താനിന്നെന്താ, ഒരുഷാറില്ലാതെ?'

ഒന്നുമില്ലെന്നു വിശപ്പൻ തലകുലുക്കി. വിദേശമദ്യം. പൊരിച്ച ഇറച്ചി. ബ്ററഡ്ഡ്, സോഡ.

വർഗീസ് ചോദിച്ചു:

'ഇനിയെന്താണു വേണ്ടതു്?'

'ഇത്രയും ധാരാളം.'

'ശരി എന്നാൽ ആരംഭിച്ചോളൂ യജ്ഞം—'

വർഗീസ് ഗ്ളാസ്സിൽ വിദേശമദ്യം പകർന്നു. ഇരുണ്ട മഞ്ഞനിറമുള്ള ദ്രവകം ഗ്ളാസ്സിൽ നുരയുകയും പതയുകയും ചെയ്തു കുത്തു പോരാളികളെ കാലിയാക്കി. സ്വർണ്ണക്കഴുകന്മാരെ വിഴുങ്ങി.

'ഇനിമതി.'

'ഛായ്, മോശം.' വർഗീസ് ബയറററ വിളിച്ചുപറഞ്ഞു:— 'വേഗം ഒരുകുപ്പി ബ്രാണ്ടികൂടി കൊണ്ടുവരൂ.'

'ഇപ്പോൾ ആവശ്യത്തിനു കുടിച്ചിരിക്കുന്നു.'

'നോ, നോ.' വർഗീസ് കണ്ണുകളടച്ചു തുറന്നു് ഒരു തത്ത്വം പറഞ്ഞു:— പത്തുരൂപയ്ക്കു കുടിച്ചിട്ടു ലഹരിയില്ലെങ്കിൽ അഞ്ചുരൂപയ്ക്കുകൂടി കുടിയ്ക്കണം. അതായതു് ലഹരി പിടിക്കുവരെ. അല്ലെങ്കിൽ ആദ്യത്തെ മുതൽമുടക്കു നഷ്ടം!'

വാച്ചിൽനോക്കി: മണി പത്തര. നടക്കുമ്പോൾ കാലുകൾ വേയ്ക്കുന്നു. കാല്പാദങ്ങൾക്കടിയിൽ വഴി കുത്തു പുഴയായി ഒഴുകുന്നു.

ജി. പി. ഒ-യുടെ മുമ്പിൽനിന്നു ടാക്സിയിൽ കേറി. ഡ്രൈവറോടു പറഞ്ഞു: 'ആദ്യം നേരേ പാരഡൈസ് ലോഡ്ജിലേക്ക്.'

വണ്ടിയ്ക്കകത്തിരുന്നു വർഗീസ് കഴഞ്ഞ ശബ്ദത്തിൽ പാടി. നിമിഷങ്ങൾക്കകം പാരഡൈസ്ലോഡ്ജിന്റെ മുമ്പിലെത്തി ടാക്സി നിന്നു. ടാക്സിയിൽനിന്നു വിശപ്പൻ പുറത്തിറങ്ങി. വർഗീസ് അകത്തിരുന്നു തല പുറത്തേയ്ക്കിട്ടുചോദിച്ചു:

'ഞാൻകൂടെ വരണോ?'

'വേണ്ട. പൊയ്ക്കോ.'

'ഗുഡ്നൈററ്.'

'ഗുഡ്നൈററ്.'

കത്തുന്ന താഴോട്ടുകിടക്കുന്ന വഴിയിൽ ഇരുട്ടിൽ ടാക്സി ഒരു ശരംപോലെ പാഞ്ഞു:

ലോഡ്ജിന്റെ മുമ്പിൽ ഉണ്ണിക്കൃഷ്ണൻ ആരോടോ സംസാരിച്ചുകൊണ്ടു നില്ക്കുന്നുണ്ട്.

ലോഡ്ജിൽ ഒച്ചയനക്കമില്ല.

മുറിതുറന്നു് അകത്തേയ്ക്കു കേറി. പിന്നിലെ ജനാല തുറന്നിട്ടു. ജനാലയിലൂടെ തണുത്തകാററ് അകത്തേയ്ക്കു കടന്നുവന്നു. കാററിന്നെതിരെനിന്നു് വിശപ്പൻ പുറത്തേക്കുനോക്കി. ദൂരെ ആളൊഴിഞ്ഞ വഴിയും, വഴിയ്ക്കു കാവൽനില്ക്കുന്ന വഴിവിളക്കുകളും. ദൂരേയ്ക്കുനോക്കി ആരോടെന്നില്ലാതെ വീണ്ടും പറഞ്ഞു:

'ഗുഡ്നൈററ്.'

...o...

മൂന്നു സാഹിത്യകൃതികൾ

'അയ്യപ്പപ്പണിക്കരുടെ കൃതികൾ'

കെ. അയ്യപ്പപ്പണിക്കരുടെ കഴിഞ്ഞ 25 വർഷത്തെ കവിതകളുടെ സമാഹാരം. ഡീലക്സ് എഡിഷൻ. വില 21 ക.

'മരണസർട്ടിഫിക്കററ്'

"ആൾക്കൂട്ട"ത്തിന്റെ കർത്താവായ ആനന്ദിന്റെ രണ്ടാമത്തെ നോവൽ. വില 10 ക.

'അഞ്ചരവയസ്സുള്ള കുട്ടി'

എം. മുകുന്ദന്റെ ശ്രദ്ധാർഹങ്ങളായ 10 കഥകളുടെ സമാഹാരം. വില 7 ക.

എൻ. ബി. എസ്., ദേശാഭിമാനി ബുക്കസ്ററാൾ ഇവിടങ്ങളിൽനിന്നോ നവധാരയിൽനിന്നു നേരിട്ടോ വാങ്ങാം. നേരിട്ടു വാങ്ങുമ്പോൾ ലൈബ്രറികൾക്ക് 25 ശതമാനം കമ്മീഷൻ. മൂന്നു കൃതികൾക്കും കൂടി രജിസ്ട്രേഷൻ ചാർജ് 50 പൈസ പുറമേ.

നവധാര ബുക്ക്ഷോപ്പ് അംഗങ്ങൾക്ക് 20 ശതമാനംവരെ കമ്മീഷൻ വ്യവസ്ഥകൾക്ക് എഴുതുക.

സെക്രട്ടറി, നവധാര പബ്ളിഷിംഗ് കോ-ഓപ്പറേററീവ് സൊസൈററി, തിരുവനന്തപുരം-1.

(27-ൽ നിന്നു തുടർച്ച)

സൈപരമായി സംസാരിക്കണം എന്നു തോന്നി'

'എന്നും സംസാരിക്കാറുണ്ടല്ലോ?'

"അങ്ങിനെയല്ല. ആരുടെയും ശല്യം ഇല്ലാതെ.'

അവൾ മടിയിൽ വെച്ചിരുന്ന നോട്ടുബുക്കിൽ നോക്കിയിരുന്നു. തല പൊന്തിച്ചതേയില്ല.

'കുറച്ചുദിവസം കൂടിയേ സുധ ഇവിടെ വരുകയുള്ളു പിന്നെ പരീക്ഷയായി. അതോടെ നമുക്ക് കണ്ടുമുട്ടുവാനുള്ള സൗകര്യവും നഷ്ടപ്പെട്ടേം.'

മേശയുടെ അടിയിലൂടെ അയാളുടെ ബലിഷ്ഠമായ കാലുകൾ അവൾക്കു കാണാമായിരുന്നു. ചെരിപ്പിന്റെ മുകളിൽ വിശ്രമിക്കുന്ന നേരിയ കറുത്ത കരയുള്ള ഡബിൾമുണ്ട്.

"കണ്ടില്ലെങ്കിൽ എന്താ?"

"നിനക്ക് ഒന്നുമില്ലായിരിക്കും. പക്ഷേ, എനിക്ക്...'ഉം?'

"അതിനു സാധിക്കില്ല."

ഈ ബലിഷ്ഠനായ പുരുഷൻ തന്റെ മുമ്പിൽ ദുർബ്ബലനാകുന്നതു് അവൾക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

"എന്തെങ്കിലും ഒരു പോംവഴി കണ്ടുപിടിക്കണം—നമുക്ക് വീണ്ടുംകണ്ടുമുട്ടുവാൻ."

'ഒരു വഴിയും ഇല്ല. ആരെങ്കിലും അറിഞ്ഞാലു്... ഞാൻ പോകുകയാ.'

അവൾ കസാലയിൽനിന്നു് എഴുന്നേററു പൊട്ടുന്നതുവേ അയാൾ മുന്നോട്ടാഞ്ഞു് കൈയിൽപിടിച്ചു എഴുന്നേററു് അവളുടെ മുമ്പിൽ വന്നുനിന്നു. കൈ വിട്ടില്ല.

'എന്നെ ഒന്നും ചെയ്യരുതു്—.'

സാരിയുടെ കുത്തിനും ബ്ലൗസിനും ഇടയിൽ നേർത്ത വിളറിയ അടിവയർ വിറയാൻ. കൈയിൽനിന്നു നോട്ടുപുസ്തകം താഴെവീണു.

'നിന്നെ ഞാൻ പലതും ചെയ്യും.' പക്ഷേ, നിന്റെ അനുവാദത്തോടെ മാത്രം.'

അയാൾ കൈകൾ കൂട്ടി താഴെവീണുകിടന്നിരുന്ന പുസ്തകം എടുത്തു് മേശയിന്മേൽ വെച്ചു എന്നിട്ടു് വീണ്ടും പഴയസ്ഥാനത്തു് ചെന്നിരുന്നു. അയാൾ നിശ്ശബ്ദനായിരുന്നു. എന്തോ കടുത്ത ചിന്തയിൽ ആണ്ടുപോലെ.

ആ കുഞ്ഞിനോക്കി ഓടി രക്ഷപ്പെട്ടാലോ? അവൾ ആലോചിച്ചു.

'എനിക്കു തോന്നുന്നതു് ഞാൻ നിന്നെ പ്രേമിക്കുന്നുണ്ടു് എന്നാണു്.'

അയളുടെ ശബ്ദം കനത്തിരുന്നു. കണ്ണടയിന്മേലെ ചിരി പററിയിരുന്നു. നെററിയിൽ ഗൗരവത്തിന്റെ ഭാഷയായ ചുളിവുകൾ.

'എനിക്കു് ലജ്ജതോന്നുന്നു. പത്തുമുപ്പതു വയസ്സായ ഞാൻ കുട്ടികളെപ്പോലെ പ്രേമിക്കുന്നു എന്നു പറയുമ്പോൾ. പക്ഷേ, അതാണു് സത്യം. എന്നെ സംബന്ധിച്ചിടത്തോളം വലിയൊരു ട്രാജഡിയാണിതു്.'

അവളുടെ കണ്ണുകളിൽ നീരുപൊട്ടി,

'പിന്നെ ഒരുശ്വാസം മാത്രം. നിന്നേയാണല്ലോ ഞാൻ പ്രേമിക്കുന്നതു്...'

കണ്ണുനീരിനിടയിൽ അവൾ മന്ദഹസിച്ചു. അയാളുടെ മുഖം അപ്പോഴും ഗൗരവം പൂണ്ടിരുന്നു.

'നിനക്കു് വേണമെങ്കിൽ പോകാം.'

അവൾ ധൃതിയിൽ മേശപ്പുറത്തുനിന്നു് നോട്ടുപുസ്തകം എടുത്തു. അയാൾ എന്തോ ആലോചനയിൽമുഴുകി കസാലയിൽ ചാഞ്ഞിരിക്കുകയായിരുന്നു. അവൾ പുറത്തേയ്ക്കു് ഓടി.

രാത്രിമുഴുവൻ മഴ പെയ്തുകൊണ്ടിരുന്നു. അവൾ കിടന്നില്ല കോളേജിൽ പോയിരുന്നകാലത്തു് ഇരുന്നു പഠിക്കാറുണ്ടായിരുന്ന കസാലയിൽ ജനലിന്നരികിൽ ഇരുന്നു നേരം പുലരുന്നതുവരെ.

സുധ ഫയർപാസ്സായി.

ബീയേയുടെ റിസൽട്ടു വന്ന ദിവസം പോലും ഇത്ര ആഹ്ലാദിച്ചിട്ടില്ല. ചുണ്ടുകളിൽ മുളിപ്പാട്ടു് മായാതെ നിന്നു.

'എന്താഎന്റമോൾക്കിത്രസന്തോഷം?'

'മുത്തയറിഞ്ഞില്ലേ— ഞാൻ ടൈപ്പ് പരീക്ഷ പാസ്സായി.'

'പാസ്സായ ഉടൻ് എന്തു കിട്ടാനാ?'

'പണികിട്ടും മുത്തേ, പണികിട്ടും.'

'മോളു് പണിയെടുക്കാനോ?'

'എനിക്കെന്താ പണിയെടുത്താൽ?'

'എൻറിശ്വരാ—'

മുത്ത വല്ലാതേയായി തരിപ്പോടെ അവർ അവളെ നോക്കിനിന്നു. അവൾക്കു് അതുകണ്ടു ചിരിയാണു വന്നതു്.

വിവരം അറിഞ്ഞപ്പോൾ അച്ഛനും സന്തോഷം കണ്ടില്ല. 'ഉം' എന്നു് ഒന്നു മൂളുകമാത്രം ചെയ്തു. പിന്നീടു് അകലെ എവിടേയോ നോക്കിയിരുന്നു.

ദുഃഖത്തിൽ മാത്രമല്ല, ആഹ്ലാദത്തിലും സുധ ഏകാകിയായിരുന്നു. —o—

പതിനെട്ടു്

രാഹുലന്റെ ട്രാൻസ്ഫറായി.

ശിവൻ മരിച്ചു.

രണ്ടു മുറികൾ ഒഴിഞ്ഞു. വിഷണ്ണനായി ചുരൽക്കട്ടിലിരുന്നുകൊണ്ടു് രാമൻപിള്ള നിശ്വസിച്ചു. തുടിയാടുന്ന മുലകൾ ആട്ടിയാട്ടി തള്ള ഇറയത്തു വന്നിരുന്നു.

രാഹുലൻ ചോദിച്ചു.

'ചേട്ടനെന്താ മിണ്ടാതിരിക്കുന്നതു്?'

'ജന്മദോഷം.'

'എല്ലാം അങ്ങു മറന്നേക്കു ചേട്ടാ.'

'എനിക്കൊന്നും അറിഞ്ഞുകൂടെന്റെ സാറേ. എനിക്കെല്ലാം കലാശിക്കുന്നതു നഷ്ടത്തിലാ.'

'നഷ്ടമോ?'

രാമൻപിള്ള ഒന്നും പറയാതെ ഇത്തിരിനേരം തലയിണയിൽ ചാഞ്ഞു കണ്ണടച്ചു.

'അബനെങ്ങാട്ടു പോയെടാ?'

കാൽ നീട്ടിയിരുന്നു്, തള്ള ചോദിച്ചു. ആരും മറുപടി പറഞ്ഞില്ല. തള്ള വീണ്ടും ചോദിച്ചു.

'എങ്ങാട്ടു പോയെടാ?'

'മിണ്ടാണ്ടിരി നാശമേ'

കണ്ണുതുറക്കാതെ നകൻ ശപിച്ചു.

മുമ്പിലിരുന്ന കാപ്പിയിൽ കരിച്ചു മരണമടയുന്നതു നോക്കി രാഹുലനിരുന്നു. വാടകയിനത്തിൽ, പലപ്പോഴായി കടം പറഞ്ഞു, വാങ്ങിയ ഇടത്തിൽ—അങ്ങനെയങ്ങനെ...നീണ്ടുപോയ അവധികൾ. വിശ്വസിച്ചവൻ വഞ്ചിക്കപ്പെട്ടു.

ഒരു പകൽസ്വപ്നംപോലെ—

'സാറിനു വല്ല വിവരവുണ്ടോ?'

വീണ്ടും അയാൾ ഉണർന്നെഴുന്നേററിരുന്നു കഴിഞ്ഞ കണ്ണുകൾ ചലിപ്പിച്ചു് ചില പ്രത്യേക ചേഷ്ടകൾ കാണിച്ചു.

'എന്തുവിവരം?'

'പഴയന്റെ കുടുംബത്തെപ്പററി.'

'ഓ. അതോ...'

'എന്താ അറിയാമോ?'

'എനിക്കെങ്ങനെ അറിയാൻ? ഞാനും ശവൻസാറും തമ്മിൽ സംസാരിച്ചിട്ടുകൂടിയില്ല.'

വീണ്ടും പെരുകിയ നിശ്ശബ്ദത.

നോവൽ

തള്ള നിദ്രയാരംഭിച്ചിരുന്നു.

'പോയതു പോകട്ടെ ചേട്ടാ.'

'അതെങ്ങനെ? മൂന്നോ നാലോ ആണോ?'

'ഇനി എത്രയായാൽത്തന്നെ തിരിച്ചു കിട്ടുമോ?'

'ഞാൻ വെറുതയിരിക്കാനൊന്നും പോണില്ല. രാമൻപിള്ള ആളു് മുർഖനാ.'

'ആരുവാ.'

വീണ്ടുമൊരിക്കൽകൂടി രാമൻപിള്ള നിശ്വസിച്ചു. ആക്കമാവശ്യമില്ലാത്തതാണു് കാററു വീശി.

★

ആത്മഹത്യാ മുനമ്പ്

എം. ഡി. രത്നമ്മ

മണൽവിരിച്ച മുററത്തു് ചുരൽകസേരകളിൽ അഭിമുഖമിരുന്നു.

നമ്പ്യാർ ചോദിച്ചു.

'ഞാനൊരിക്കലും ഇത്തരമൊരു അന്ത്യം പ്രതീക്ഷിച്ചില്ല...'

'ആരും പ്രതീക്ഷിച്ചില്ല സാർ....

നഷ്ടപ്പെട്ട ചുണ്ടുവിരലിന്റെ ഭാഗത്തു് മററു കൈവിരലുകൾകൊണ്ടു തടവി



ക്കൊണ്ട് നമ്പ്യാർ തുടന്നു.

'ഞാൻ പലപ്പോഴും ഉപദേശിക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, എന്തുകൊണ്ടോ, അയാളൊരു എക്സ്ട്രാ ഓർഡിനറി ടൈപ്പായിരുന്നു. മി, ശിവനു് ഒരു ഫാമിലിയുണ്ടെന്നു ഞാൻ കേട്ടിരുന്നു. ശരിയല്ലേ?'

'ഞാനും കേട്ടിട്ടേയുള്ളൂ'

'അയാൾ അവരെ സംരക്ഷിച്ചിരുന്നില്ലെന്നും ഞാനറിഞ്ഞിരുന്നു കഷ്ടം!'

രാഹുലൻ വെറുതെ ഓർത്തിച്ചുപോയി. താഴ്‌വാരത്തിലെ ക്ഷേത്രത്തിൽ ഉത്സവമെത്തിയ നാളുകൾ. അഭിമാനത്തോടെ, താഴ്മയോടെ ക്ഷണിച്ച് കുറുപ്പൻ മടങ്ങിപ്പോയി.

സുധാകരൻ പറഞ്ഞു:

'കുറുപ്പൻ പൊയ്ക്കോളൂ. ഞങ്ങൾ വരാം'

ടോർച്ചുമെടുത്തു മുമ്പിൽ നടക്കവേ, വീണ്ടും സ്വാഭാവികമായി വിഷയം ശിവൻ എന്ന കുരുക്കിൽചെന്നു വീഴുകയായി.

സുധാകരൻ പറഞ്ഞു:

'ശിവനെപ്പററി ഓർക്കുമ്പോഴൊക്കെ ദാമ്പത്യബന്ധത്തിനു കൽപ്പിച്ചുവെച്ചിട്ടുള്ള മഹത്വമൊക്കെ വിലകെട്ടു പോവുന്നതായി തോന്നിയിട്ടുണ്ട്.'

—ഏ കുട്ടിയുടെ ഭാവി!'

'ഏതരുവ ലിറങ്ങി തെണ്ടൽ. അല്ലാതെന്താ?'

ഇരുട്ടു പിന്നിരുന്നു.

പല നിഴലുകൾ വന്നുകൂട്ടുന്ന വഴുവഴുപ്പിലേക്ക് അവരിറങ്ങി. അകലെയകലെ ചുട്ടുകൾ മിന്നിമിന്നി കത്തുന്ന പൊയ്ക്കൊണ്ടിരുന്നു.

രാഹുലൻ പറഞ്ഞു:

'വിഡ്ഡിത്തമായി.'

'എന്താ?'

'ടോർച്ചിൽ ബാററിയില്ല.'

'നമുക്കെവിടെന്നെങ്കിലും ചൂട്ടു വാങ്ങാം.'

'എവിടുന്ന്?'

തെങ്ങിൻതോപ്പിനപ്പുറത്തായി കാണുന്ന മണ്ണെണ്ണവിളക്കിന്റെ വെളിച്ചത്തിലേക്ക് ചൂണ്ടി രാഹുലൻ പറഞ്ഞു.

'അങ്ങോട്ടു പോകാം.'

'ആരുടെ പുരയാണെന്നറിയാമോ?'

'അറിയാം..'

രാഹുലൻ പതിഞ്ഞ സ്വരത്തിൽ ചിരിച്ചു. മേട്ടുകയറി തെങ്ങിൻതോപ്പിലൂടെ നടന്നുപോകവെ തലയ്ക്കുമുകളിൽ കടവാതിലുകൾചിറകടിച്ചു. പുരയുടെ മുററത്തെത്തിയപ്പോൾ ഒരു ബോധോദയമുണ്ടായതുപോലെ സുധാകരൻ ചോദിച്ചു.

'തെററ ഇതിക്കോ രാഹുലൻ?'

'അങ്ങനെയല്ലാവുന്നതാണ്.'

'തിരിഞ്ഞു നടന്നാലോ? അല്ലെങ്കിൽ നാളെ തലയുയർത്തി നടക്കാൻ പററാതെയാവും. ശവനപ്പേലെ'

അകത്ത് ഒരു തിരുവാതിരപ്പാട്ടിന്റെ നേർത്ത ഈണം. ചൂട്ടുകൈയിലെ വിളക്കുമായി അവൾ, ജാനമ്മ, ഇറയത്തേക്കു വന്നു.

ബോധ്യിസിനു മുൻപ്പേക്ക് മുട്ടാളമെത്തുന്ന കൈലി തിരുകിക്കൊണ്ടു ചോദിച്ചു:

'എന്നാ സാറമ്മാരു വന്നെ?'

'ചിന്നെ... ഉത്സവത്തിനിറങ്ങിയതാണ്. ഒരു ചൂട്ട് വേണം..'

'ഓ... അതിനാണോ? ഞാൻ വിചാരിച്ചു...

ഒരു കള്ളച്ചിരിയോടെ അവളകത്തേക്കു പോയി. തിരിയിട്ടുകൊണ്ട് കത്തിച്ച ചൂട്ടുമെത്തി വന്നു

രാഹുലൻ ചൂട്ടു വാങ്ങുമ്പോൾ ജാനമ്മയുടെ വിരലുകൾ രഹസ്യമായി അയാളെ തഴുകി അവൾ ചോദിച്ചു

സാർ ആദ്യമായിട്ടാണോ ഇവിടുത്തെ ഉത്സവം കാണുന്നതു്?

'അതെ...'

'എനിക്കും ഒന്ന് പോണമെന്നുണ്ടായിരുന്നു. പററുമോ? ഒരാള് യാതൊരു ബോധോമില്ലാതെ കിടക്കുമ്പോ... 'ആരാന്നറിയുമോ ... നിങ്ങടെ ശിവൻസാറുതന്നെ...'

രാഹുലന്റെ കണ്ണുകൾ മിഴിഞ്ഞു.

സുധാകരൻ അവളുടെ കൈകളിൽ നുള്ളി.

ജാനമ്മ വീണ്ടും ചോദിച്ചു:

'പൊണ്ടുപോണോ?'

'ആരെ?'

'ഇതെന്തു കൂത്ത്. അങ്ങോക്കും ഉത്സവമൊക്കെ പിടിക്കും സാറെ.'

തെങ്ങിൻതോപ്പിൽ വിശിയ തണുത്ത കാററിനു് നാട്ടുകളുടെ കരയുടെ ചൂടും ചൂരുമുണ്ടായിരുന്നു. രാത്രിയുടെ നിശ്ശബ്ദതയുടെ ശവമഞ്ചത്തിനു ചുററും ഒരു വിലാപം പോലെ ആ ശബ്ദക്രമം നീണ്ടുനീണ്ടുപോയി.

തിരിച്ചുനടക്കുമ്പോൾ രാഹുലൻ ചോദിച്ചു:

'ഇതിനൊരവസാനമില്ലേ?'

'ശിവൻ കൈലാസത്തിലാണെങ്കിൽ താണ്ഡവം തുടരും...'

—o—

മലയാളനാട്

ദ്വൈമാസിക

ആജീവനാന്ത വരിസംഖ്യ നിരക്ക്:

ഒരു വർഷത്തേക്ക്	33–00
ആറുമാസത്തേക്ക്	16–50
ഒററപ്രതി	0–60

വിദേശങ്ങളിൽ അയയ്ക്കുന്നതിനു് വരിസംഖ്യ നിരക്കിൽനിന്നും പോസ്റ്റേജ് കൂടുതലായിരിക്കുന്നതാണ്.

—മാനേജർ.



(21-ൽനിന്നും തുടർച്ച)

എഴുതിക്കഴിഞ്ഞു പ്രസിദ്ധീകരണത്തിനു കിട്ടി, വായിച്ചുവിലയിച്ച്, ഈ കൃതി സർവ്വഥാ അർഹം, ഇതു ചലനബദ്ധം എന്നറിഞ്ഞു പ്രസിദ്ധീകരിച്ചാൽ, അറിയാതിരുന്നവരിൽ, അറിവിൻെറയും ആനന്ദത്തിൻെറയും മേഖലകളിലേക്കു് പറന്നുയരാൻ കഴിയുന്ന സഹൃദയർക്കെന്തൊരനുഭൂതിയായിരിക്കും! നമുക്കു്, കാണപ്പെട്ടവരോടൊപ്പം കാണാമറയത്തുള്ളവരേയും കാണാമല്ലോ? നിർബ്ബന്ധം നിപുണതയെ നിഹനിക്കുന്നു. പുറംതേട്ടന്നതോ, പുതിയ ചലപ്രൊട്ടോട്ടൈപ്പുകളും!

നോക്കൂ, എത്രയെത്രകൂണുകൾ. നമ്മുടെയീരംഗത്തു് കിളുത്തു്, അവരറിയാതെ ചൊറിയ ചേരുകളായി മാറുന്നു! പ്രതിഭയെന്നതോ പോകട്ടെ, രസനയുടെ രസാംശമെങ്കിലുമറിയാത്ത എത്രയോ വൻതോക്കുകൾ! ആസ്വാദനത്തിലും ആദരണത്തിലും നിയതമായൊരു മാനദണ്ഡമില്ലാത്തതിൻെറ പൊരുത്തക്കേടാണതു്. അവർ വളരവേ പ്രതിഭയുടെ പന്തീരടിപ്പാട്ടുകൾ പാടുന്ന എത്രയോ യുവചേതനകൾ വെറും ഞാഞ്ഞൂലുകളായി മിന്നാമിനുങ്ങുകളായി മിന്നിപ്പൊലിഞ്ഞുപോകുന്നു! ആനുകാലികങ്ങളാണു് ഇവർക്കു രംഗവേദിയൊരുക്കേണ്ടതു് പക്ഷേ, അർഹതയില്ലാത്ത തല്പ്രാപ്രാന്തരെ പിന്നെയും ആനപ്പുറത്തേറേറണ്ട ഗതികേടു് അവർ സ്വയമേറെറടുത്തിരിക്കുന്നു. അതുമവണോ? ആയിരങ്ങൾ തള്ളിക്കയറുന്ന ഈ രംഗത്തുനിന്നു് അർഹരെ കണ്ടെത്തുകതുലോം ദുഷ്കരമാണെങ്കിലും അർഹരല്ലാത്തവരെ തള്ളിക്കളയാൻ ഒന്നു മനസ്സിരുത്തിയാൽ മാത്രം മതി. ഏതു വീരപാണ്ഡ്യകട്ടപ്പമ്പാമ്പനായാലും ശരി, ഡ്യൂപ്ളിക്കേറ്റ്വാളുമായി വന്നാൽ വിരൽ ചൂണ്ടണം. അതാ, വാതിൽ! ഒപ്പം, ഒരു ഞാഞ്ഞൂലായാലും അതിൻെറ വാൽക്കളിയിൽ ചോരപ്പൊടിപ്പുണ്ടോ, നമ്മുടെ കസേര തുടച്ചിരിക്കാൻ കൊടുക്കണം.

ഉൾക്കണ്ണു തുറന്നവർക്കു് അനുഭവദാരിദ്ര്യത്തിൻെറ പ്രശ്നമേയില്ല നമ്മുടെ ഈ ഭൂമിയിൽ വിശ്വസാഹിത്യത്തിൻെറ വിടന്ന ഏടുകൾ നമ്മുടെ മനോവീഥികളിൽ വെളിച്ചം വിതറട്ടെ. എഴുതാൻ ഉൾപ്പുളകത്തോടെ ആക്കംകൊള്ളുന്നവരായ പുതിയ തലമുറയോടു് ഒന്നെനിക്കു പറയാനുണ്ടു്. നമ്മുടെ മണ്ണിൻെറ വീര്യം നമുക്കു മറക്കരുതു്. പ്ളൂട്ടാർക് പറഞ്ഞിരുന്നു. I am What was what is, and what will be! നാം മനുഷ്യനെന്നതിനപ്പുറത്തേക്കു കടന്നുപോകാതിരിക്കുക. നാം കണ്ണടച്ചാൽ അന്ധതാകുകയില്ലെന്നും, നമുക്കുചുററുപാടും അന്ധകാരം പരക്കുകയില്ലെന്നും മനസ്സിലാക്കുക നമുക്കു് ഏകാകിതാബോധം വരേണ്ടതില്ലെന്നാരും പറയുകയില്ല. നമ്മുടെ നാട്ടുനന്മകൾ രക്ഷിക്കുമെന്നു് നമുക്കുറപ്പിക്കാൻ വഴിയില്ല. 'സമയമായില്ല' എന്നുപറഞ്ഞു് നന്മയുടെ 'കാററിനെ' നമ്മുടെ നേതാക്കന്മാർ, നമ്മുടെ തലതൊട്ടപ്പന്മാർ, സംസ്കാരസംരക്ഷകരുടെ തൊപ്പിയണിഞ്ഞവർ അകലത്തടഞ്ഞുവയ്ക്കുന്നു. നമ്മുടെ വയർ കത്തിക്കാളുന്നു. നമ്മുടെ മനം പിടഞ്ഞുതകരുന്നു. നമ്മുടെ ദുഃഖം വ്യക്തിയുടെയും സമഷ്ടിയുടെയും സമഗ്രമായൊരു വികാരമാണെന്നറിയുക, സങ്കീർണ്ണമാണതു്. ദുരൂഹമായ ഭാവി. ദുർഗ്രഹമായവർത്തമാനം ദുർനിമിത്തങ്ങളുടെ ഭൂതം. പടിഞ്ഞാറൻകാററു് നമുക്കു് പലതും പറഞ്ഞുതന്നു. നാം കേട്ടു, കിഴക്കിൻെറ ഗീതവും നാം കേട്ടു. പക്ഷേ, 'ഇടയിൽപ്പെട്ടുഴലുന്ന' നാം മർത്യർ, മർത്യരെ ഉണർത്തുന്ന മനീഷികളാകുമ്പോൾ, നമുക്കൊന്നും മറന്നങ്ങിരിക്കാൻ പാടില്ല. സ്വകാര്യദുഃഖം തന്നെയല്ലേ സമഷ്ടിദുഃഖമായി പരിണമിക്കുക? നമ്മളിവിടെ മയങ്ങിക്കിടന്നാൽ, നമ്മുടെ ചോര നമുക്കു മാപ്പുതരില്ലതന്നെ. ഇവിടെ—

വടക്കുന്നതെല്ലാം പൂവാണെന്നും, ആ പൂവായപൂവെല്ലാം തനിക്കായി വിടന്നവയാണെന്നും വിശ്വസിക്കുന്ന ആ വിശ്വാസത്തിലാവേശംകൊള്ളുന്ന സ്വർത്ഥികളുടെ ഈ സാഹിത്യലോകം, വിരലുകൾ മടക്കി, ശബ്ദസ്തംഭിച്ച്, മുട്ടുവിറച്ച്, ഏകാകിയായ മനുഷ്യൻ ഇറങ്ങിച്ചെല്ലുന്നതു് നാം കാണുന്നു. ഓരോ പൂവിതളിലും ഓരോരുള്ളിത്തേൻ ഇററുവീഴുന്നതു് നാം എന്നു ദുഃഖം കണ്ടറിയുന്നു.

ഇതവിശ്വാസമല്ലോ?

ഇതു ഭീരുത്വമാണോ?

ഒന്നുകിൽ ഈ പൂക്കളെ നാം സ്വന്തമാക്കുക. അഥവാ ഈ പൂക്കൾക്കുവേ

[illegible] നാം [illegible] ചലിക്കുക. [illegible] ണമായ നമ്മുടെ ഭവിഷ്യദ്ശരീരം അങ്ങനെയങ്ങു ദുഃഖത്തിന്റെ ചളിക്കണ്ടിലേക്കെറിയപ്പെടാൻ അനുവദിക്കാതിരിക്കുക, കാലഹേതുവായ വിശ്വാസങ്ങളുടെ ഇരുട്ടായിരിക്കുന്നവർക്കും കാലം തള്ളിയ വിശ്വാസങ്ങളുടെ മൃശയിലൊളിച്ചവർക്കും മറുപടിയായി, പരൽമോഹങ്ങളുടെ വിതാനത്തിൽനിന്നുകൊണ്ട് നമുക്കൊന്നു ശ്രമിക്കാം. ഇവിടെയാവശ്യം വിശ്വസത്തകർച്ചയല്ല സ്പന്ദനമാണ്. നിരാശതയല്ലപ്പോൾ, തിളങ്ങുന്ന ചോരയുള്ള നവയുഗപ്പിടിപ്പുമാണ് കാത്തിരിപ്പിനപ്പുറം കർമ്മമെന്ന വാൾ ഉയർത്തിയേ പററൂ. എന്ന്, ന മുണരും, ന മുകൾ വളരും, തീർച്ച!

—o—

(24-ൽനിന്നും തുടർച്ച)

പെട്ടെന്ന് ചെറിയാറായിരിക്കുന്നു. ബസ്സിറങ്ങി, അമ്പലമുക്കിനടുക്കിലൂടെ, പുഞ്ചപ്പാടവും കടന്ന്, ഒളുക്കകൾ കയറുമ്പോൾ, ഉമ്മറത്തെ കസേരയിൽ അമ്മാവൻ... പിഞ്ഞാറെ മുററത്ത് മാലിനിയുടെ കലങ്ങിയ മുഖം. അവൾ കരച്ചിലടക്കാൻ പണിപ്പെടുന്നതു പോലെ.

"രവിയ്ക്കു വഴിടെററിയില്ല— അല്ലേ?" മറുപടിയെന്നപോലെ ചിരിച്ചു. ഉമ്മറത്തേയ്ക്കുകയറുമ്പോൾ, അകത്തേയ്ക്ക് നോക്കി മാലിനിയുടെ മുഖം കതകിനരികിൽ. കലങ്ങിയ കണ്ണുകൾ. ചുണ്ടുകൾക്ക് വിറയൽ. അമ്മാവന്റെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി. നിറംമങ്ങിയ കണ്ണുകളിൽനനവ്. പെട്ടെന്ന്, അമ്മാവന്റെ ഇടറിയ ഒച്ച.

"ശാലിനിയും രവിയും തമ്മിലുള്ള വിവാഹം നിശ്ചയിക്കാൻ ഇനി വൈകരുത്..."

സിമൻറുതറയ്ക്ക് കുളുക്കം ബാധിച്ചുവെന്നു തോന്നി. അകത്തെ മുറിയിൽ നേർത്ത ഞരങ്ങൽ. അമ്മാവന്റെ കിതപ്പുകൾ.

യാത്രപറയാൻപോലും നാവുയർന്നില്ല. മാലിനി, അകത്തെവിടെയോ ഇരുന്നു വിങ്ങിപ്പൊട്ടുകയായിരിക്കും...

വീടടുക്കാറായി. വെളിച്ചത്തിന്റെ ഉജ്ജ്വലരേഖകൾ തൊടിയിൽ മരിച്ചുകിടക്കുന്നു. ഓർമ്മകൾ സ്വയം വിലക്കി, വിധിയെ ഓർത്ത് നടക്കവേ, ഏഴാംമാസം തൊട്ടെടുക്കാൻ പോവുന്നുവെന്ന ചിന്തയിൽ മനസ്സ് ഒരുനിലാവയിലൊഴുകുന്നപോലെ. ഒരിക്കൽകൂടി എനിക്ക് കരയാൻ കഴിഞ്ഞെങ്കിൽ...

—o—

കേരള
റിനേഷ് ബീഡി
കണ്ണൂർ

വീ. ടി. നന്ദകുമാർ

എനിക്ക് കിട്ടിയിരിക്കുന്ന ചോദ്യങ്ങളിൽ ബഹുഭൂരിഭാഗവും മുടിയെപ്പററിയുള്ളവയാണ്. അത്തരത്തിൽ ചോദ്യങ്ങൾ അയച്ചവരെല്ലാം മുടിയെപ്പററിയുള്ള ഈ ലേഖനം ഒന്ന് വായിക്കുക. അതിനുശേഷം അവരുടെ വ്യക്തിപരമായ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതാണ്.

ശരീരത്തിന്റേതല്ലാത്ത ഒരു സർവ്വസ്വതന്ത്ര ഭാഗമല്ല മുടി. ഹൃദയം കരൾ തുടങ്ങിയവപോലെത്തന്നെ ശരീരത്തിന്റെ ഒരവിഭാജ്യഭാഗമാണ് മുടി ഒരുതരത്തിൽ പറഞ്ഞാൽ ഒരുതരം ചർമ്മമാണ് ചർമ്മത്തിന്റെ ഉപരിതലത്തിലുള്ള മറാറാരാവരണം ശരീരത്തിൽനിന്നാണ് അതു് വളരുന്നതു്. മണ്ണിന്റെ ഭാഗമല്ലാത്ത പുല്ലല്ല അതു്. ശരീരം വളരുമ്പോൾ, ശക്തിപ്പെടുമ്പോൾ മുടിക്കും കരുത്താർജ്ജിക്കുന്നു. ശരീരം ക്ഷീണിക്കുമ്പോൾ മുടിക്കും തളർച്ച ബാധിക്കുന്നു. അതായതു് ആവശ്യമുള്ളത്ര പോഷകവസ്തുക്കളും, കൊഴുപ്പും, കാർബോഹൈഡ്രേററ്സും, മിനറൽസും, ക്രമാനുപാതകമായി, രക്തധമനികളിൽകൂടി മുടിയുടെ പ്രവർത്തനമണ്ഡലത്തിൽ (പാപ്പിലയിൽ) എത്തുമ്പോൾ മുടി കനത്തതും നീണ്ടതുമായിത്തീരുന്നു. അവയുടെ അഭാവത്തിൽ,

മുടിമുടിമുടിമുടിമുടി

മുടി ദുർബ്ബലമാകുകയും അവസാനം നിശ്ശേഷം നശിക്കുകയും ചെയ്യുന്നു.

മുടിയുടെ വളർച്ച താഴെ കാണിക്കുന്ന ചില ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നാണ് കരുതപ്പെടുന്നതു്.

1) ഭക്ഷണം
2) പുതിയ ടിഷ്യുസെല്ലുകളുടെ നിർമ്മാണം.
3) ഉപയോഗിച്ച സെല്ലുകളുടെ മാററം.
4) വൈകാരികമായ തകരാറുകൾ.
5) രക്തചംക്രമണം.

ഇവയിൽ വൈകാരികമായ തകരാറുകളാണ് പ്രധാനമായും മുടിയുടെ ബലത്തേയും വളർച്ചയേയും ബാധിക്കുന്നതു്. മനസ്സിന്റെ പ്രശാന്തതാവസ്ഥയും സന്തോഷവും, നല്ല പുഷ്ടിയുള്ളതും മിനുമിനുപ്പുള്ളതുമായ മുടിയുടെ നിലനില്പിന് സഹായകമാകുമെന്നു് ധരിക്കുന്നതു് നല്ലതാണ്.

ഓരോ മുടിയിഴയ്ക്കും മുമ്പ് പാളികൾ വീതമുണ്ട്. ഏററവും പുറമെയുള്ള പാളി, മത്സ്യത്തിന്റെ ചിതമ്പലിനോട് സാമ്യപ്പെടുത്താവുന്നതാണ്. മുടിയെ

വളയാനും ചുളിയാനും ഉതകുന്നതാക്കുന്നതും, മുടിക്ക് നിറം കൊടുക്കുന്നതും മദ്ധ്യത്തിലുള്ള പാളിയാണ്. അന്തർഭാഗത്തുള്ള പാളി എല്ലിലെ മജ്ജപോലെയാണ്. ഇതിൽകൂടിയാണ് മുടിയിഴകൾ, അവശ്യാവശ്യമായ പോഷകവസ്തുക്കൾ ഉൾക്കൊള്ളുന്നതു് മുടിയെ ആവശ്യത്തിലധികം കൈകാര്യം ചെയ്യുന്നതും അതിൽ അത്യധികമായി. കാന്തിവർദ്ധനവസ്തുക്കൾ (cosmetics) ഉപയോഗിക്കുന്നതും മുടിക്ക് കേടാണ്.

നല്ല ആരോഗ്യമുള്ള ഒരു ശരീരത്തിലെ തലമുടിനാരിഴകൾ 90,000 മുതൽ 1,40000 വരെയുണ്ടായിരിക്കുമെന്ന് പറയപ്പെടുന്നു. യൌവ്വനപ്രായത്തിലുള്ള ക

Comp Reg: No. 2370. Head office Phone 3158.

NEW KERALA CHITS & TRADES (P) LTD

(Money Lenders Contractors Agents etc)

H. O. Press club Building, QUILON-1.

(ഒരു ദശവത്സരക്കാലത്തെ പ്രശസ്തസേവനപാരമ്പര്യം.)

കമ്പനിയുടെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മൂന്നാർ, റൂർക്കല (ഒറീസ) എന്നീ ബ്രാഞ്ചുകളിൽനിന്നും പ്രത്യേകം പ്രത്യേകമായി ഉടൻ ആരംഭിക്കുന്ന ചീട്ടികൾ.

A	Rs. 250x40	മാസം	Rs.	10,000
B	Rs. 125x40	"	Rs.	5,000
C	Rs. 75x40	"	Rs.	3,000
D	Rs. 50x40	"	Rs.	2,000
E	Rs. 25x40	"	Rs.	1,000

ഈ സ്ഥാപനത്തിന്റെ പ്രത്യേകതകൾ

1. ഏററവും മിതമായ ജാമ്യത്തിൽ താമസംവിനാ ചീട്ടിപ്പണം നൽകുന്നു.
2. വ്യവസായികൾക്കും, ഉദ്യോഗസ്ഥർക്കും പ്രത്യേകം ചീട്ടികൾ.
3. "മറുനാടൻ മലയാളി" സുഹൃത്തുക്കൾക്ക് കത്തുമുഖേന ചീട്ടിപിടിക്കുന്നതിനും നാട്ടിൽ വരാതെതന്നെ ചീട്ടിപ്പണം പററുന്നതിനും ഉള്ള സൗകര്യവും ഇതര ആനുകൂല്യങ്ങളും, വരിസംഖ്യയും മററു വിവരങ്ങളും ആവശ്യപ്പെട്ടാൽ അയച്ചുതരുന്നതാണ്.

വൈദ്യരത്നം പി. എസ്. വാരിയരുടെ

ആര്യവൈദ്യശാല, കോട്ടയ്ക്കൽ.

(കേരള) സ്ഥാപിതം 1902. PIN CODE: 676503

ഫോൺ: ഹെഡ്ഡാപ്പീസ്—31 നഴ്സിംഗ്ഹോം—44 പ്രധാനവൈദ്യൻ 25: മാനേജിംഗ് ട്രസ്റ്റി ആപ്പീസ്—61. റസി: 27.

THE ARYA VAIDYA SALA KOTTAKAL. REGD TRADE MARK

ശാഖകൾ. മദിരാശി (ഫോൺ: 666226), കോഴിക്കോട് (72155), പാലക്കാട് (104), ആലുവാ സെയിൽസ്ഡിപ്പോ (549), ഈറോഡ് (172), തിരൂർ (231) എറണാകുളം (33026), തിരുവനന്തപുരം (62439), കൂടാതെ 150 ലധികം അംഗീകൃത ഏജൻസികളും ഡിപ്പോകളും.

ഗുണത്തിൽ മികച്ചുനില്ക്കുന്ന ശുദ്ധമായ ആയുർവ്വേദ മരുന്നുകളും വിദഗ്ദ്ധമായ വൈദ്യോപദേശവും, കോട്ടയ്ക്കലുള്ള ഹെഡ്ഡാപ്പീസിൽനിന്നും മററു ശാഖകളിൽനിന്നും എപ്പോഴും ലഭിക്കുന്നതും, കോട്ടയ്ക്കലുള്ള പ്രധാന വൈദ്യനിൽനിന്ന് എഴുത്തുകുത്തുകളിൽക്കൂടെ വൈദ്യോപദേശം നേടാവുന്നതുമാണ്.

പിഴിച്ചിൽ, നവരക്കിഴി, തുടങ്ങിയ പ്രത്യേക ചികിത്സകൾ ഗോൾഡൻ ജൂബിലി നഴ്സിംഗ് ഹോമിൽവച്ച് പ്രധാനവൈദ്യന്റെ മേൽനോട്ടത്തിൽ നടത്തുന്നതാണ്. നഴ്സിംഗ്ഹോമിൽ താമസസൗകര്യത്തിനു കാലേക്കൂട്ടി എഴുതി മറുപടി കിട്ടിയശേഷം ചികിത്സയ്ക്കായി വരേണ്ടതാണ്.

പ്രധാനവൈദ്യനെത്തന്നെ കാണേണമെന്നുദ്ദേശിച്ചു വരുന്നവർ മുൻകൂട്ടി എഴുതി സമയം നിശ്ചയിക്കുന്നതു നന്നായിരിക്കും.

മാനേജിംഗ് ട്രസ്റ്റി

ന്ന വ്യക്തിയുടെ മുടിനാരിഴ മാസത്തിൽ ½ ഇഞ്ചുവീതം നീളം വയ്ക്കുന്നു. ഒരു മുടിയുടെ ആയുസ്സ് 2 മുതൽ 6 വർഷംവരെയാണ്. അതിനുശേഷം അതു് കൊഴിഞ്ഞുപോവുകയും, ആ സ്ഥാനത്തു് പുതിയതൊന്ന് മുളച്ചു വരികയും ചെയ്യുന്നു തലമുടി 10 ഇഞ്ചുകൾ നീളംവച്ചു് കഴിഞ്ഞാൽ പിന്നീട് അതിന്റെ വളർച്ച മുമ്പിലത്തേതിലും പകുതി വേഗതയിലായി കുറയും എന്നു് കണക്കാക്കപ്പെടുന്നു. 15 മുതൽ 25 വരെ വയസ്സിനിടയ്ക്കാണ് യുവതികളിൽ മുടി ഏററവും വേഗതയിൽ വളരുന്നതു്. വേനൽക്കാലത്താണ് മുടി കൂടുതൽ വളരുന്നതത്രേ. അതുപോലെത്തന്നെ രാത്രികാലങ്ങളിലും മുടിക്ക് സാമ്യമായ വളർച്ചയുണ്ടാകുന്നു. മുടിയുടെ യഥാർത്ഥനിറം കറുപ്പാണ് മുടിയുടെ അടിത്തറയിൽ നിക്ഷേപിക്കപ്പെടുന്ന പിഗ്മെന്റ് ഗ്രാന്യൂൾസ് (മെലാനിൻ) ആണ് മുടിക്ക് അതിന്റേതായ നിറം കൊടുക്കുന്നതു്. വാർദ്ധക്യത്തോടെ, രക്തചംക്രമണം ദുർബ്ബലമാകുമ്പോൾ, മുടിയുടെ വളർച്ചയ്ക്ക് കാരണമായ ടിഷ്യുകളിലേക്കുള്ള രക്തപ്രവാഹവും തദ്വാരമെലാനിനും കുറയുന്നു അതോടെയാണ് മുടിക്ക് വെളുപ്പുനിറമുണ്ടാകുന്നതു്.

ജനസിദ്ധമായ തകരാറുകളാൽ മെലാനിന്റെ ഉൽപാദനത്തിൽ കുറവുവരുന്നതാണ് അങ്ങിനെയുള്ളതിന്റെ കാരണം. ഒരു വീട്ടിൽ പലക്കം അങ്ങിനെ പരമ്പരാഗതമായ അകാലനര ഉള്ളതായി പലപ്പോഴും കണ്ടുവരുന്നു അതില്ലാത്ത അവസ്ഥയിൽ പെട്ടെന്നുള്ള അകാലനര വൈകാരികമായ മാററങ്ങൾ കൊണ്ടാണെന്നു് കരുതപ്പെടുന്നു വർഷങ്ങൾക്കുമുമ്പ് മദിരാശിയിൽ നല്ലൊരു ബിസ്സിനസ്സ് നടത്തിയിരുന്ന എന്റെ ഒരു സ്നേഹിതൻ ധൃത്തുകാരണം കടബാധിതനായി കടക്കാർവന്ന് ചുററുകൂടിയ അയാൾക്ക് കുറച്ചുമാസങ്ങളിൽ ഒളിവിൽ നടക്കേണ്ടിവന്നു. ആ കാലത്തിനിടയ്ക്ക് അയാളുടെ കറുകറുത്ത മുടിനുകപ്പാടെ നരച്ചുപോയതായി ഞാനിപ്പോൾ ഓർക്കുകയാണ്.

'മുടികൊഴിച്ചിൽ' ആണ് എനിക്കുകിട്ടുന്ന കത്തുകളിൽ ഏറ്റവും അധികരിച്ച പരാതി മുടി കൊഴിയുന്നതിന്റെ കാരണങ്ങൾ വിവിധങ്ങളാണ്. പാരമ്പര്യം അവയിലൊന്നാണ്. അതിന് പ്രതിവിധി ഒന്നുംതന്നെയില്ല. ഹോർമോണുകളുടെ അതുല്യതയാണ് മററൊരുഹേതു ഇതു് ശരിപ്പെടുത്താനുള്ളതേയുള്ളു. നല്ലൊരു ഡെർമററോളജിസ്ററിന് പലതും ചെയ്യാൻ കഴിഞ്ഞേക്കും. ഇനി മററു ചില കാരണങ്ങളിലേക്ക് കടക്കാം.

പഴയ കാലങ്ങളിലെ സ്ത്രീകളുടെ മുടിയെപ്പററി കേട്ടിരിക്കുമല്ലോ. കണംകാലുവരെ നീണ്ടു്, കനത്ത മുടിയായിരുന്നു അവർക്ക്. ഇന്നത്തെപ്പോലെ യാതൊരു വിധ കേശാലങ്കാരങ്ങളും അന്നുണ്ടായിരുന്നില്ല. കോസ്മററിക്സും അവർ മുടിയിൽ ഉപയോഗിച്ചിരുന്നില്ല. വെളിച്ചെണ്ണ തേക്കും, താളിയിട്ട് കുളിക്കും, മുടി ചീകി ഉണക്കി കെട്ടിവെയ്ക്കും—അത്രതന്നെ. ഇന്നത്തെ സ്ഥിതി അതല്ല. ബാല്യത്തിൽതന്നെ മുടി ചീകി വലിച്ച് മടഞ്ഞിട്ടുവിക്കുക, പോണിടെയിലാക്കുക വിവിധങ്ങളായ കോസ്മററിക്സ് മുടിയിൽ ലേപനം ചെയ്യുക—ഇങ്ങിനെ തുടങ്ങുകയാണ്. ഇവയ്ക്കുപയോഗിക്കുന്ന വസ്തുക്കളാവട്ടെ കിട്ടുന്നതരം ചീർപ്പുകളും ഹെയർ പിന്നുകളും മററും മററും തന്നെ.

തുർച്ചയായി മുടി വലിക്കുന്നതുകൊണ്ട് തലയോടിൽ, മുടി മുളയ്ക്കുന്ന സ്ഥലത്തു് പഴപ്പുണ്ടാകുമെന്ന് ആ ഗീകരിക്കപ്പെട്ടിട്ടുണ്ട് തൊലിപ്പുറമെയാണെങ്കിൽ പഴപ്പ് കാണാൻകഴിഞ്ഞേക്കും; തൊലിക്കകത്തായാൽ കാണുകയുമില്ല. ഇതിനെ തുടർന്നു, മുടി നില്ക്കുന്ന പാപ്പില ചുളുങ്ങി ഉണങ്ങുന്നു മുടികൊഴിയുന്നു. പുതിയമുടി കിട്ട് വളരുന്നുമില്ല. അഥവാ പഴയ മുടിയുടെ സ്ഥാനത്തു് പുതിയതൊന്നുണ്ടായാൽതന്നെ അതിന് പഴയതിന്റെ ഈടോ ഉറപ്പോ ലഭ്യവുമല്ല. അങ്ങിനെ അവസാനം തലയിൽ വിവിധ സ്ഥലങ്ങളിൽ മുടി തീരെത്തന്നെ ഇല്ലാതായിത്തീരുന്നു.

തലയോട്ടുകളിൽ വരുന്ന പകർച്ചവ്രണങ്ങളും മുടികൊഴിച്ചിലുണ്ടാക്കുന്നു. ഇതു് എളുപ്പം മാററാവുന്നതേയുള്ളു. ഇതിനെല്ലാം പൂർണമെയാണ് ഇന്നത്തെ ജീവിതക്ലേശങ്ങൾ. മനഃക്ലേശം കൊണ്ടു മുടിയുടെ വളർച്ച നിലയ്ക്കുകയോ, അവ കൊഴിയുകയോ ചെയ്യുന്നുണ്ട് എന്നു കാണുന്നു. ഇതിനുള്ള പ്രതിവിധി, മനഃപ്രയാസങ്ങളിൽനിന്നും മുക്തിനേടുക എന്നൊന്നു് മാത്രമേയുള്ളു മാനസിക പ്രശാന്തതയ്ക്ക്, [illegible] കഴിച്ചും തൽക്കാലികമായി രക്ഷനേടാം. (തുടരും)

ആറു്

സ്വാമിയും പട്ടരും

മനോമോഹനമായ ഒരു സുപ്രഭാതം ബാലാക്കന്റെ തങ്കക്കതിരുകൾ മദിരാശി നഗരത്തെത്തടവിയുണർത്തിക്കഴിഞ്ഞു. വ്യവസായശാലകളിലെ ചൂളംവിളികളും വാഹനഗതാഗതങ്ങളുടെ ഇരമ്പലുകളും എങ്ങും മുഖരിതമായി. ഞാൻ പതിവുപോലെ കുളി ഈശ്വരധ്യാനം മുതലായവ കഴിഞ്ഞു് പ്രഭാതഭക്ഷണത്തിന്നിരിക്കുകയാണു്. 'എന്താ ഇഷ്ടാ തണ്ണേതീററ' എനിക്കൊന്നുമില്ലേ എന്ന ചോദ്യത്തോടെ എന്റെ ആത്മസുഹൃത്തു് സുസ്മേരവദനനായി അടുത്തു വന്നിരുപ്പായി. ഞാനൊന്നും കഴിച്ചില്ല അമ്മിണീ. എനിക്കം കൊണ്ടുവരൂ എന്നു് എന്റെ ഭാര്യയെനോക്കി അധികാരസ്വരത്തിൽ ഒരാർഡർ കൊടുക്കുകയും ചെയ്തു. അഭിവന്ദ്യപിതാവിന്റെ പ്രിയശിഷ്യനും ഭാഗിനേയിമത്താവുമായ മഹാകവിയെ സൽക്കരിക്കുന്നതിൽ എന്റെ ഭാര്യക്കു സന്തോഷമേ ഉണ്ടായിരുന്നുള്ളൂ.

'എന്താ ഇഷ്ടാ ഇന്നു നേരത്തെ എന്തു പററി എന്നു് ഞാൻ സാകൂതം ചോദിച്ചു. കൂട്ടുകാരൻവല്ലവയ്യാവേലകളിലുംപോയി ചാടിയോ എന്നായിരുന്നു എന്റെ ഭയം.' ഒരുമുഖ്യവിഷയം, ഇഷ്ടന്റെ ഓഫീസിൽ പോകുന്നതിനുമുൻപു കാണാമെന്നുകരുതി ഓടിവന്നതാണു്. 'മഹാകവി പുഞ്ചിരിതൂകി. കാര്യംപറയൂ, കേൾക്കട്ടെ ഞാൻ ക്ഷമാശൂന്യനായി പറഞ്ഞു. "പറയാമിഷ്ടാ പറയാം ഈ ഇഡ്ഡലി ഒന്നു തീർത്തുകൊള്ളട്ടെ. ഇഡ്ഡലിയും കാഫിയും വയറുനിറയെ അകത്താക്കിയശേഷം മഹാകവി ചാരുകസാലയിൽ നീണ്ടുനിവർന്നിരുന്നു പറഞ്ഞുതുടങ്ങി. "ഇന്നു ഞാൻ ഇഷ്ടന്റെ സ്വാമിയെമാററി ഒരു പ്രസംഗം ചെയ്യുവാൻ പോകയാണു്. താംബരം ക്രിസ്ത്യൻകോളേജിൽ. പാവം സ്വാമിക്കു് ആരുമില്ലാ പിൻതാങ്ങിനു്. നായന്മാർ വള്ളത്തോളിനേയും, ഈഴവർ ആശാനേയും വല്ലാതെ തൂക്കിവെച്ചു. പട്ടരെ ഉയർത്താൻ ആരുമില്ല. നമുക്കു സ്വാമിയെ ഒന്നു പൊക്കണം. ക്രിസ്ത്യൻ കോളേജിലെ മലയാളവകുപ്പദ്ധ്യക്ഷൻ എന്റെ സഹപാഠിയായിരുന്നു കെ. എം. ജോർജ്ജാണു്. വൈകുന്നേരം അഞ്ചുമണിക്കാണു മീററിംഗ്. നമുക്കു നേരത്തെ, മൂന്നുമണിക്കുതന്നെ പോകണം. ഞാൻ ഇവിടെത്തന്നെതങ്ങാം. അമ്മിണി നല്ലപോലെ മീൻ വെയ്ക്കുമെന്നുകേട്ടിട്ടുണ്ടു്". കൂട്ടത്തിൽ ഇഷ്ടന്റെ കവിതക്കൃഷി ഒന്നു കാണുകയും ചെയ്യാം."

എനിക്കു സന്തോഷമായി. ചങ്ങമ്പുഴ ഉള്ളൂരിനെ വാഴ്ത്തിപ്പറയാമെന്നു സമ്മതിച്ചുവല്ലോ. സ്ഥാനത്തും അസ്ഥാനത്തും ഉള്ളൂർമഹാകവിയെ താഴ്ത്തിപ്പറയുന്നതിൽ ചങ്ങമ്പുഴ വിദഗ്ദ്ധനായിരുന്നു. ഉള്ളൂർക്കവിതകളുടെ ഉച്ചനീചത്വങ്ങളെപ്പററി ഞങ്ങൾതമ്മിൽ സുദീർഘങ്ങളായ വാദപ്രതിവാദങ്ങൾ പലപ്പോഴും നടന്നിട്ടുണ്ടു്. ഞാൻ ഒരു വലിയ ഉള്ളൂരപക്ഷപാതിയാണെന്നായിരുന്നു ചങ്ങമ്പുഴയുടെ അഭിപ്രായം. ഉള്ളൂരിനെപ്പററി എന്നാട്ടു സംസാരിക്കുമ്പോഴെല്ലാം "ഇഷ്ടന്റെ സാമി" എന്നാണു പറഞ്ഞുവന്നതു്. സർദാർ പണിക്കർ "പങ്കീപരിണയ"ത്തിൽ ഉള്ളൂരിനെ ദൂഷിച്ചെഴുതിയ ശ്ലോകങ്ങൾ ചങ്ങമ്പുഴ സദാ ഉദ്ധരിച്ചുവന്നു. പണിക്കർതന്നെ ആ ശ്ലോകത്തിന്റെ കർത്തൃത്വം നിഷേധിച്ചിട്ടുണ്ടെങ്കിലും ചങ്ങമ്പുഴ അതു ഗണ്യമാക്കിയിരുന്നില്ല. — ഒരു മഹാസദസ്സിൽ ചങ്ങമ്പുഴ ഉള്ളൂരിനെ വാഴ്ത്തിപ്പറയുന്നതു കേൾക്കുക എന്നതു് എന്റെസംബന്ധിച്ചേടത്തോളം ഒരു സുലഭഭാഗ്യമായിരുന്നു. മാത്രമല്ലാ ക്രിസ്ത്യൻ കോളേജു മലയാളവകുപ്പദ്ധ്യക്ഷൻ ഡോക്ടർ ജോർജ്ജ് എനിക്കു സുപരിചിതനായ ഒരു സുഹൃത്തുമായിരുന്നു. സസ്യരുക്കായ എന്റെ ഗൃഹത്തിൽ ഭാര്യയെക്കൊണ്ടു മീൻ പാകം ചെയ്യിപ്പിക്കുക എന്നതിൽ മാത്രമേ അല്പം വിഷമമുണ്ടായിരുന്നുള്ളൂ. വീട്ടിൽ പതിവുള്ളവ ഉണ്ടാക്കുവാനും മഹാകവിക്കു വേണ്ടതു് അടുത്ത ഹോട്ടലിൽനിന്നും വരുത്തുവാനും ഞാൻ ഏർപ്പാടുചെയ്തു. ഭക്ഷണാനന്തരം ചങ്ങമ്പുഴ അക്കാലത്തെഴുതിവന്ന 'പാടുന്ന പിശാചി'ന്റെ ചില വരികൾ അവിടെവെച്ചെഴുതി എന്റെ ഇംഗിതാനുസാരം ചില വരികൾ അതിൽ ചേർക്കുവാനും അദ്ദേഹം വിസമ്മതിച്ചില്ല. കമ്യൂണിസ്ററു് വലയത്തിൽനിന്നും മഹാകവിയെ വിമുക്തനാക്കുവാൻ അതുപകരിക്കുമെന്നു് ഞാൻ വിശ്വസിച്ചു. ഞങ്ങൾ ഒരു ചെറിയ ഉറക്കത്തിനു മുതിരുമ്പോഴാണു് എനിക്കു് ഓഫീസിൽനിന്നു് ഒരു ഫോൺകാൾ വന്നതു്. എന്റെ സാന്നിദ്ധ്യം അവിടെ അനിവാര്യമാകയാൽ ഉടൻ ഓഫീസിൽ എത്തണമെന്നായിരുന്നു സന്ദേശം. ഉടൻതന്നെ ടാക്സിയിൽ ഞങ്ങൾ പുറപ്പെട്ടു. മഹാകവിയെ എഗ്മൂർ സ്റേഷനിൽ കൊണ്ടുപോയി താംബരംവണ്ടിയിൽ കയററി ഇരുത്തിയശേഷം ഞാൻ ഓഫീസിൽ എത്തി. താംബരത്തുനിന്നും തിരിച്ചുവന്നതും നേരെ എന്റെ വീട്ടിൽ എത്താമെന്നും യോഗവിവരങ്ങൾ വിശദമായി പറയാമെന്നും കൂട്ടുകാരൻ സമ്മതിച്ചു അദ്ദേഹത്തെ അനുഗമിക്കാൻ സാധിക്കാത്തതിൽ ഞങ്ങൾ രണ്ടുപേരും ഒരുപോലെ കുണ്ഠിതപ്പെട്ടു. 'എന്തുചെയ്യാമിഷ്ടാ വയററുപ്പിഴപ്പല്ലേ മുഖ്യം' എന്നു സമാധാനം പറഞ്ഞാണു് ഞാൻ പിരിഞ്ഞതു്.

അടുത്ത പ്രഭാതത്തിലാണു് സുഹൃത്തു് വന്നുകണ്ടതു്. 'എങ്ങനെ ഉണ്ടായിരുന്നു ഇഷ്ടാ യോഗം' ഞാൻ ആകാംക്ഷയോടെ തിരക്കി. അതു ഭംഗിയായിക്കഴിഞ്ഞുകൂടി. ഞാൻ പട്ടരെക്കുറെ ചീത്തപറഞ്ഞു. 'മഹാകവി നിസ്സങ്കോചം പ്രതിവദിച്ചു. ഞാൻ ഞെട്ടിപ്പോയി. സ്വാമിയെ ഉയർത്തുവാൻ ബദ്ധപ്രതിജ്ഞനായിപ്പോയ ആൾ പട്ടരെ ചീത്തപറഞ്ഞു തിരിച്ചുവരിക. ഞാൻ ഉദ്വേഗത്തോടെ ചോദിച്ചു: 'എന്തുപററി' ഒന്നുമില്ല. അവിടെ ചെന്നപ്പോൾ കുറെ തിരുവിതാംകൂർകാർ പിള്ളമാരെയൊക്കെ കണ്ടു്. അവരെ ഒന്നു ചൊടിപ്പിക്കാമെന്നു കരുതി ഞാൻ പട്ടരെ കുറെ ചീത്തപറഞ്ഞു. 'എനിക്കു സഹിക്കുവാൻകഴിഞ്ഞില്ല. സദസ്യരെ ശുണ്ഠിപിടിപ്പിക്കുവാൻവേണ്ടി ബഹുമാന്യനായ ഒരു മഹാകവിയെ പുലഭ്യം പറയുക. ഇതാണോ സംസ്കാരസമ്പന്നന്മാരെന്നഭിമാനിക്കുന്ന സാഹിത്യകാരന്മാരുടെ ധർമ്മം. അത്തരം അധർമമായ ഒരു പാരമ്പര്യം ചങ്ങമ്പുഴയെപ്പോലുള്ളവർ സൃഷ്ടിക്കുന്നതു് അത്യന്തം ആക്ഷേപാർഹമാണെന്നു് ഞാൻ ഉറക്കെപ്പറഞ്ഞുപോയി. സുഹൃത്തു രൂപട്ടിച്ചിരിക്കുകയാണുണ്ടായതു്. 'ഞാൻ പിംഗളയെപ്പററിയാണു സംസാരിച്ചതു്. ആദ്യംതന്നെ ഏഴാംനിലമാളികയുടെഏഴാമത്തെ മുറിയിലെ അവളുടെ ആ ഇരുപ്പിരുപ്പിയാണു് ഞാൻ വിമർശിച്ചതു്. സമ്പാദിക്കാനിരിക്കുന്ന ഒരു ദേവിദ്ധിയ

ജി. പി. ശങ്കരമംഗലം
ഇടപ്പള്ളി

വൾ എത്രതന്നെ സുന്ദരിയും പ്രഗത്ഭയുമായിരുന്നാലും ആരും കാണാതെ മാളികകളിലാണോ ഇഷ്ടാ ഇരിക്കുക. ആശാന്റെ വാസവദത്തയുടെ ആ ഇരിപ്പൊന്നു നോക്കൂ അതു കണ്ടാൽതന്നെ അറിയാം അവളൊരൊന്നാംതരം ഗണികയാണെന്ന്. പിംഗളയുടെ അപാകതകളെക്കുറിച്ച് സുഹൃത്തു കുറേയേറെ വിഷാദത്തോടെ സംസാരിച്ചു. കോയയുടെ ചായക്കടപോലെ അന്തസ്സുള്ള ഒരു ഹോട്ടൽകാരനും തന്റെ വിഭവങ്ങൾ പുറത്തുകാട്ടാറില്ലെന്നും, ആവശ്യമുള്ളവർ അന്വേഷിച്ചുപിടിച്ച് അവിടെ എത്തുകയാണെന്നും മററും ഞാനും അതേ സ്വരത്തിൽ തിരിച്ചടിച്ചു. അങ്ങനെ ഞങ്ങൾ കുറേനേരം തർക്കിച്ചു. ഒടുവിൽ മഹാകവി പറയുകയാണ്. 'ഇഷ്ടന്റെ ഉണ്ടായിരുന്നെങ്കിൽ ഞാൻ സ്വാമിയെ സ്തുതിച്ചേനെ. പിള്ളേരിൽ ചിലർ എന്നോടു തർക്കിച്ചുനോക്കി. ഞാൻ ഒട്ടുംതന്നെ വളഞ്ഞുകൊടുത്തില്ല. സ്വാമിയുടെ കഷ്ടകാലംതന്നെ. ആ വാദപ്രതിവാദത്തിന് ഞങ്ങൾ ഒരുവിധത്തിൽ വിരാമമിട്ടു.

ഇത്തരം ചില പ്രവണതകൾ ചങ്ങമ്പുഴ സദാ പുലർത്തിവന്നു. സഞ്ജയനോടു പുലർത്തിവന്ന ആക്ഷേപഹാസ്യനോഭാവം ഇതിന്നു മകുടോദാഹരണമാണ്. ഉള്ളുകൊണ്ടു സഞ്ജയനെ ചങ്ങമ്പുഴ ബഹുമാനിച്ചിരുന്നു. അദ്ദേഹത്തിന്റെ സാഹിതീപരമായ കഴിവുകൾ മികച്ചതാണെന്ന അഭിപ്രായവും ഉണ്ടായിരുന്നു. പക്ഷേ അതു പുറത്തു പ്രദർശിപ്പിച്ചില്ല. മററുള്ളവരെ തെററിദ്ധരിപ്പിക്കുവാൻ മനഃപൂർവ്വം സഞ്ജയനെ എതിർക്കുകയാണ് ചെയ്തതു്. ഫലിതസാഹിത്യത്തിലെ മഹാരഥികളായിരുന്ന ഈ. വി. കൃഷ്ണപിള്ള തന്റെ പുരസ്കർത്താവായതായിരിക്കാം. സഞ്ജയനു തന്നോടുള്ള പകയ്ക്കു കാരണമെന്ന് ചങ്ങമ്പുഴ ശങ്കിച്ചിരുന്നു എന്നതു് വാസ്തവമാണ്. ഈവിധമെല്ലാം വാഴ്ത്തുന്ന സ്ഥലത്തെല്ലാം സഞ്ജയനെ താഴ്ത്തുവാൻ അദ്ദേഹം മറന്നിരുന്നില്ല. എങ്കിലും സഞ്ജയന്റെ അപാരമായ കഴിവുകളിൽ തികഞ്ഞ ബഹുമാനവും ഉണ്ടായിരുന്നു.

സഞ്ജയന്റെ മരണവാർത്ത അറിഞ്ഞപ്പോൾ ഒരനുശോചനഗാനം എഴുതുവാൻ അത്യധികം വെമ്പൽ പ്രദർശിപ്പിച്ചതു ചങ്ങമ്പുഴയായിരുന്നു. ഇക്കാര്യം "ഒരാത്മസുഹൃത്തിന്റെ അനുസ്മരണം എന്ന ഗ്രന്ഥത്തിൽ ഞാൻ വിശദീകരിച്ചിട്ടുണ്ട് താൻ സഞ്ജയവിരോധിയല്ലെന്ന പരമസത്യം സഹൃദയലക്ഷങ്ങളെ അറിയിക്കേണമെന്ന അത്യാകാംക്ഷയോടെ എഴുതപ്പെട്ടതത്രെ ആ അനുശോചനപദ്യം. വളരെ ധൃതഗതിയിൽ എഴുതപ്പെട്ടതാണെങ്കിലും ആത്മാർത്ഥമായ ഒരു ഹൃദയത്തിന്റെ തുടിപ്പുകൾ അതിൽ ഉടനീളം കേൾക്കാം. അനുമോദനം പരമം വ്യർത്ഥം, പിന്നെ അനുശോചനത്തിനെന്തർത്ഥം' എന്ന ചോദ്യത്തോടെ ആരംഭിക്കുന്ന ആ കവിത ആരുടേയും കരളലിയിപ്പിക്കുവാൻ പര്യാപ്തമത്രെ. ജീവിതകാലത്തുതന്നെ നവശിഷ്യം എതിർത്ത സഞ്ജയന്റെ അകാലമരണം മലയാളഭാഷയ്ക്കു കടുത്ത നഷ്ടമാണെന്നു മഹാകവി വിശ്വസിച്ചു. ആ ഉത്തമവിശ്വാസത്തിൽ നിന്നത്രേ ഹൃദയഹാരിയായ ആ അനുശോചനഗാനം ഉടലെടുത്തതു്. ശുണ്ഠി പിടിപ്പിക്കലും കുടിയ്ക്കലുമൊക്കെ വെറും ഭോഷത്തക്കായി. മാത്രമല്ല മഹാകവി കരുതിവന്നതുമല്ല. അതു ജിസ്സംഗനായി വീക്ഷിച്ച് അസുലഭവും അനിർവ്വചനീയവുമായ ഒരു സംതൃപ്തി അദ്ദേഹം അനുഭവിച്ചു. പക്ഷേ ഈ സുഖാനുഭവത്തിനുടവണ്ടി നിരപരാധികളും നിഷ്കളങ്കന്മാരുമായ പലരും ബലിയാടുകളാകേണ്ടിവന്നു. മേലങ്ങൻ, ഉള്ളൂർ, വള്ളത്തോൾ, സഞ്ജയൻ, ജി ശങ്കരക്കുറുപ്പ് ഇങ്ങനെ പ്രശസ്തരായ പല സാഹിതീസമ്രാട്ടുകളും ചങ്ങമ്പുഴയുടെ തീക്ഷ്ണമായ വിമർശനചാടുലതയ്ക്കു ശരവ്യരായിട്ടുണ്ട്. അതുകൊണ്ട് അവരാരും താഴുകയോ വീഴുകയോ ഉണ്ടായില്ല. പ്രത്യുത ഉൽബുദ്ധരാവുകയും ഉയരുകയുമത്രേ ഉണ്ടായതു്. അതുപോലെതന്നെ സഞ്ജയാദികളുടെ ആക്ഷേപശരങ്ങൾ ചങ്ങമ്പുഴയെ ഉയർത്തുവാൻ മാത്രമേ പര്യാപ്തങ്ങളായുള്ളൂ.

—•—

അപസർപ്പകം

'മരതകദ്വീപിലെ മാരകമൈന' യെന്ന അപസർപ്പകനോവലിന്റെ നൂററിനാല്പത്തിനാലാം അദ്ധ്യായമായ 'ഇരുട്ടറയിലെ കരുട്ടിടവഴി' എഴുതിക്കൊണ്ടിരിക്കുകയായിരുന്നു സുപ്രസിദ്ധ അപസർപ്പക സാഹിത്യകാരനായ 'രാജസിംഹൻ' (മേലേട്ട് ബാഹുലേയൻ എന്നു് യഥാർത്ഥനാമം.) മൈന സ്ഥലത്തെ പ്രമുഖ വാരികയിൽ കഴിഞ്ഞ പതിനൊന്നു മാസക്കാലമായി ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നതും, വായനക്കാരുടെ ഖണ്ഡശയായുള്ള നിർബ്ബന്ധപൂർവ്വമായ അപേക്ഷപ്രകാരം റബ്ബർമിറായിപോലെ വലിച്ചുനീട്ടിക്കൊണ്ടു പൊയ്ക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. അപസർപ്പകാഗ്രേസരനും കഥാനായകനുമായ ഡിററക്ററീവ് പങ്കൻ പലപ്രാവശ്യം ഇതിനിടെ ഓരോ അപകടങ്ങളിൽപ്പെട്ട് മരണമടയുന്നുണ്ടെങ്കിലും അപ്പോഴൊക്കെയും രോഷാകുലരായ വായനക്കാരും പത്രാധിപസമിതിയും ധീരമായി ഇടപെട്ട് അദ്ദേഹത്തെ മൃത്യുവക്ത്രത്തിൽനിന്നും അത്യത്ഭുതകരമാംവിധം രക്ഷപ്പെടുത്തി ഉയിർത്തെഴുന്നേല്പിക്കുകയാണ് ഉണ്ടായിട്ടുള്ളതു്. ഓരോ അദ്ധ്യായവും അവസാനിക്കുന്നതു് ഒരുഗ്രൻ സസ്പെൻസിലാവണം എന്നപത്രാധിപസമ്മർദ്ദതന്ത്രപ്രകാരം ഈ നൂററിനാല്പത്തിനാലാം അദ്ധ്യായത്തിലെ സസ്പെൻസിനുവേണ്ടി മേലേട്ട് ബാഹുലേയൻ മേലോട്ടും നോക്കിയിരിക്കാൻതുടങ്ങിയ്ട്ട് മണിക്കൂറുകൾ രണ്ടായി. മൂന്നായി.

അറിവുള്ള സമസ്തവിധ സസ്പെൻസുകളും ഇതിനകം രചിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി എന്താണ്?

നേരം പാതിരാ കഴിഞ്ഞിരിക്കുന്നു. നിദ്രാദേവി ബാഹുവല്ലനെ പുല്കിത്തുടങ്ങി. അല്ലൻ തീരുമാനിച്ചു — ഇനി നാളെ.

ലൈററണച്ച് കട്ടിലിൽക്കേറിക്കിടന്നു. ഡിററക്ററീവ് പങ്കൻ അല്ലനോടുചോദിച്ചു — 'അല്ലാ, എന്നെ എവിടെയെങ്കിലുംകൊണ്ടു് തള്ളുന്നതെന്തു്?'

'പ്ളീസ് വെയ്ററി' അല്ലൻ പറഞ്ഞു.

സസ്പെൻസ് ആലോചിച്ചുകൊണ്ട് അങ്ങനെ കിടക്കവെ അല്ലൻ മയങ്ങിപ്പോയി.

ഒരു പത്തുനിമിഷം കഴിഞ്ഞിരിക്കും. മുററത്തൊരു ശബ്ദം — 'ബ്ധും!'

ഞെട്ടി ആരോ എടുത്തുചാടി ഓടുന്നശബ്ദം! അതാ വാതലിൽ ആരോ മുട്ടുന്നു!

അപസർപ്പകസാഹിത്യം രാജസിംഹന്റെ തല പുതപ്പിനുള്ളിൽ. കാലു രണ്ടും വെളിയിൽ. സാഹിത്യവും സഹധർമ്മിണിയും കട്ടിലും സന്നിപാതജ്വരക്കാരെപ്പോലെ കിടന്നു തുള്ളി.



സുകുമാർ

ഭാര്യ പതുക്കെപ്പറഞ്ഞു—

'ദേ ദേ! ഒന്നെഴുന്നേററേ. വാതുക്കൽ ആരോ മുട്ടുന്നു.'

രാജസിംഹൻ ക്ലാക്കംവലിച്ചു. ശരീരത്തിനു് നല്ല ചൂട്. വിയർപ്പത്താട്ടുന്നു.

ഭാര്യ വീണ്ടുംവിളിച്ചു. സിംഹൻ ശിവരാത്രിമുറക്കം.

ഭാര്യ പല്ലുകൾ എഴുന്നേററുചെന്ന് അകത്തേയും പുറത്തേയും ഒന്നുററിട്ട് കതകു തുറന്ന് പുറത്തേക്കു നോക്കി. ഒരു പൂച്ച അകത്തേയ്ക്കോടി. മുററത്തു കിടക്കുന്ന ഒരു പൂവുള്ളതു.

അവർക്കതുകണ്ട് ചിരിവന്നു. ചിരിച്ചു കൊണ്ട് കതകടച്ച് കട്ടിലിലേക്കു നോക്കുന്നു, ഭർത്താവില്ല.

പാലാഴിമഥനത്തിൽ അമൃതകുംഭം പൊങ്ങിവന്നതുപോലെ കട്ടിലിനടിയിൽനിന്നും പുതച്ചുമൂടിയ ശരീരവുമായി അണ്ണൻ സാവധാനം എഴുന്നേററു വരികയായിരുന്നു. മുക്കത്തു് മൂന്നുവിരൽവച്ചു നില്ക്കുന്ന പ്രിയതമ അങ്ങോട്ടുകേറി എന്തെങ്കിലും ചോദിക്കുന്നതിനുമുമ്പുതന്നെ അപസർപ്പകകേസരി രാജസിംഹൻ എന്ന ബാഹുവണ്ണൻ വിക്കിവിക്കിപ്പറഞ്ഞു—

"ശേ... ഒന്നുമില്ല... പി... ന്നേ,... ഒരു വിട്ടിൽപ്പൂച്ചി... കട്ടിലിന്റെ അടിയിലു്... ഹ്... ഞാൻ കൊന്നു! നൗ... ഇററീസ്... ആൾറൈററ്!"

മേമ്പൊടി

"ഹ്! സാഹിത്യകാരന്റെ അജയ്യശക്തിയേക്കുറിച്ചു് നിനക്കെന്തു മണ്ണാങ്കട്ടയറിയാം! ഹ്! ഈ തൂലിക പടവാളാക്കാൻ, നിനക്കു കാണണോ?"

സാഹിത്യകാരന്റെ ചോദ്യത്തിന് ഭാര്യയുടെ മറുപടി,

"വാളും പരിചയുമൊന്നും ഇവിടെയാരുണ്ടെ. സ്വല്പം കൊതുമ്പും ചൂട്ടും കിട്ടിയാൽ ഈ വെള്ളരമാന്നനതി രണ്ടു പററു് പിള്ളേർക്കുകൊടുക്കാം. അല്ലെങ്കിലെന്തിനീ നശിച്ച ജീവിതം?—വാളോ കോടാലിയോതരുന്നയാക്കി ഞങ്ങളെ എല്ലാത്തിനേയുംകൂടിയങ്ങു് കൊന്നേരെ!"

...o...

ഇന്നും, കേരളചരിത്രത്തിലെ പല ഭാഗങ്ങളും അജ്ഞാതരഹസ്യങ്ങളുടെ വിദൂരമേഖലകളിലാണ്. ചരിത്രപരമായ ഗവേഷണത്തിന് ഏകോപിച്ചുള്ളയാതൊരു സാഹചര്യവും ഇവിടെയില്ല. എത്രയോ വിലപ്പെട്ടരേഖകൾ പലസ്ഥലങ്ങളിലായി, കാലത്തിന്റെ ജീർണ്ണിച്ച പൊടിമൂടിക്കിടക്കുകയാണ്. സ്വന്തം പരിശ്രമത്താൽ നേടിയെടുത്ത രേഖകളുടെ സഹായത്തോടെ, തന്മൂലം പലതും പലവഴിക്ക് ചരിത്രസത്യങ്ങളെ കണ്ടെത്തുന്ന ഗതികേടിലാണ് ഇന്നും നമ്മുടെ ചരിത്രവസ്തുതകൾ അവശേഷിക്കുന്നതു്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതു് ഒരു തീരാശാപമായി മാറിയിരിക്കുന്നു. എല്ലാരേഖകളും കണ്ടെത്തുകയും, അവയെ ഒരു കേരളചരിത്ര ഗവേഷണസമിതിയുടെ നേതൃത്വത്തിലും സഹകരണത്തിലും നിഷ്പക്ഷമായും സസൂക്ഷ്മമായും പരിശോധിച്ച് വിലയിരുത്തുകയും ചെയ്യേണ്ടകാലം എന്നേ കഴിഞ്ഞിരിക്കുന്നു. ഇവിടെ സമിതികൾക്കു കുറവില്ല. വിവിധ നിക്ഷിപ്ത താല്പര്യങ്ങളുടെ വിഭാഗീയപ്രവണതകളിൽപ്പെട്ട് ഓരോന്നും നശിക്കുകയാണ്. ചരിത്രം ഒന്നേയുള്ളു. പക്ഷേ, സാധാരണക്കാരനായ ഒരു വായനക്കാരൻ പല നിഗമനങ്ങളേയും വെട്ടിവിഴുങ്ങേണ്ടിവന്നിരിക്കുന്നു. ഈ ശാപത്തിനു ഒരു മോക്ഷമാർഗ്ഗമെന്നനിലയ്ക്ക് ചരിത്രവിഷയത്തിൽ താല്പര്യമുള്ളവരുടെ ഒരു സംഘടന കേരളത്തിൽ ആരംഭിക്കുന്നതു് നന്നായിരിക്കും. ശ്രീ. അടൂർ രാമചന്ദ്രൻനായർ, 'കേരളചരിത്രത്തിലെ ചില വിസ്മൃതാധ്യായങ്ങ'ളെക്കുറിച്ചാണ് പറയാനുള്ളതു്. ഇതുപോലെ പറയാൻ ശേഷിയുള്ള വേറെയും പലരുമുണ്ട്. പ്രാദേശികതലങ്ങളെക്കൂടി ബന്ധപ്പെടുത്തി, ഈ സംസ്ഥാനത്തിന്റെ എല്ലാഭാഗങ്ങൾക്കും പ്രാതിനിധ്യം വരത്തക്കവിധം വിപുലമായ പ്രവർത്തനപരിപാടികളോടുകൂടിയ ഒരു ചരിത്രസംഘടന ഉണ്ടായാൽ നിഷ്പക്ഷമായ അന്വേഷണത്തിനും പരിശോധനയ്ക്കും ഗവേഷണത്തിനും അതു് തീർച്ചയായും സഹായകമായിരിക്കും. ഈ വിഷയത്തിൽ ചരിത്രകുതുകികൾ ശ്രദ്ധിക്കാനപേക്ഷ.

സൃഷ്ടിയും ഗവേഷണവും

ശക്തിഭദ്രൻ തുടങ്ങി വിവാദപൂർണ്ണങ്ങളായ ചിലവിഷയങ്ങൾ, ശ്രീ. രാമചന്ദ്രൻനായരുടെ കൃതിയിൽ പരാമർശിക്കപ്പെടുന്നുണ്ട്. കിട്ടിയ തെളിവുകളുടെ പരിശോധനയിൽ അദ്ദേഹത്തിനു യുക്തമെന്നു തോന്നിയ അഭിപ്രായമാണ് അവയിലെ ഉള്ളടക്കം. അവയെ കൃത്യമായി തെററെന്നോ ശരിയെന്നോ വിധിക്കുവാൻ മറെറാരാളുടെ അറിവ് കാരണമാകാം. ഈ പുസ്തകത്തിൽത്തന്നെ മററു ചിലരുടെ അഭിപ്രായാന്തരങ്ങൾ കൊടുത്തിട്ടുണ്ട്. അദ്ദേഹം അവയെ ഖണ്ഡിച്ചിട്ടുമുണ്ട്. എന്തും സഹിക്കാം; ഈ ചരിത്രഖണ്ഡിതന്മാരുടെ വാദകോലാഹലമാണ് അസഹനീയം. ഒരുപവാദമുള്ളതു് ശ്രീ. ഇളംകുളമായിരുന്നു.

ചരിത്രത്തിലെ അതിനിന്ദ്യമായ ചില ആചാരങ്ങളുടെ സവിശേഷതകളെക്കുറിച്ച്, ഈ പുസ്തകത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. 'നമ്പൂതിരിമാരുടെ ഇടയിൽ നിലവിലിരുന്ന ഒരു പൈശാചികാചാരം' കൂട്ടത്തിൽ ശ്രദ്ധാർഹമാണ്. കേരളത്തിലെ ആദ്യത്തെ കാർഷികപ്രക്ഷോഭണത്തെക്കുറിച്ച് അദ്ദേഹം പ്രകടിപ്പിച്ച നിഗമനം പൂർണമായും ശരിയല്ല. അതു് പ്രക്ഷോഭണം തന്നെ, തീർച്ച. ഒരു മാടമ്പിക്കെതിരെ, മറെറാരു മാടമ്പിയെ പ്രതിഷ്ഠിക്കാനുള്ള പ്രക്ഷോഭണമായിരുന്നല്ലോ അതു്. കാമ്പിത്താനെതിരെ പ്രക്ഷുബ്ധരായതു് 'അദ്ധ്വാനിക്കുന്ന ജനവിഭാഗ'മാണെന്ന പ്രയോഗം സൂക്ഷിച്ചുവേണ്ടിയിരുന്നു. മാടമ്പിയുടെ ദേശാതിർത്തിക്കുള്ളിൽ സ്വന്തമായി ഭൂമിയുള്ളവരാണ് എതിരായതു്. അന്യായമായ ആദായം പററലായിരുന്നു, കാരണം, ഭൂമിയിൽനിന്ന് നേരിട്ട് ആദായം അനുഭവിക്കുന്നവർ, അന്യായമായി തന്റെ മുതലിൽ കൈവയ്ക്കാൻ തുടങ്ങിയ ചിലരുടെ ഗൂഢാലോചനയ്ക്കു് ഇരയായി. ഇതിനു ഒരു ഉദാഹരണം കാണുക. ഒരു ചിറ്റൂർ ഗ്രാമത്തിൽ

വിച്ചിരുന്നിട്ടുപോലും അനുഭവപ്പെട്ടിരുന്നതു് മൂന്നുവിധമായിരുന്നു. ഒരാൾക്കു് ജാതിജന്യമായ അവശതകളിൽനിന്നുള്ള വിമുക്തിയായിരുന്നു, സ്വാതന്ത്ര്യം. മറ്റൊരാൾക്കു് അന്യരിലുണ്ടായ ആർഷപാരമ്പര്യത്തിന്റെ പുനർജനനം സ്വാതന്ത്ര്യമായപ്പോൾ, വള്ളത്തോളിൽ ശുദ്ധമായ രാഷ്ട്രീയ സ്വാതന്ത്ര്യമായിരുന്നു ധന്യമായിത്തോന്നിയതു്. രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ എല്ലാം പെട്ടുമെന്നു് മററു പലരേയുംപോലെ മഹാകവിയും കരുതി. എന്നാൽ, പല കാരണങ്ങളാൽ അവർണ്ണ വിഭാഗത്തിനു് കാൺഗ്രസ്സ്നേതൃത്വത്തോടു് ആദ്യകാലങ്ങളിൽ വലിയ മമതയില്ലായിരുന്നു. 'ചാതുർവർണ്ണ്യമയാസൃഷ്ടം' എന്ന ഗാന്ധിജിയുടെ ആദ്യകാല വശ്വാസവും റതിദ്രനാരായണന്മാരെപ്പററിയുള്ള സങ്കല്പവും മററും അവർണ്ണരെ കൂടുതൽ സംശയാലുക്കളാക്കി. ഇന്നത്തെ സാമൂഹ്യദർപ്പണത്തിലൂടെ കഴിഞ്ഞകാലത്തെ നോക്കിക്കാണരുതു്. അല്ലെങ്കിൽ എന്തിനതു പറയുന്നു? സ്വാതന്ത്ര്യം കിട്ടി, കാൽശതാബ്ദം കഴിഞ്ഞിട്ടും രണ്ടൽപ്പംരും രാജ്ഞപ്പള്ളിയുമാണല്ലൊ ഇന്നും ഇവിടെ ആവർത്തിച്ചുകൊണ്ടിരിക്കുന്നതു്. സ്വതന്ത്രഭാരതത്തിലെ അതാണു് ജാതിപ്പിശാചിന്റെ കരാളരൂപം! 'ജാതിമതത്തെ സംബന്ധിച്ചുള്ള ഒരു സങ്കുചിത ദൃഷ്ടി വള്ളത്തോളിനുണ്ടായിരുന്നില്ലെന്നു് ലേഖകൻ പറയുന്നു. അതേ ഹം ആവിധം പറയട്ടെ. ശ്രീ. പൊൻകുന്നംവക്കി മറെറാരുവിധമായിരിക്കും പറയുന്നതു്. 'പൂജ' നാടകം കണ്ടുകൊണ്ടിരിക്കെ, മഹാകവിയുടെ നാവിൽനിന്നുവീണുപോയ വാക്കുകളെ ശ്രീ. വക്കി രേഖപ്പെടുത്തിയിട്ടുണ്ടു്. അങ്ങനെ പോകട്ടെ, അക്കാര്യം മനോധർമ്മവിലാസം- മാത്രം കൊണ്ടു് ഇമ്മാതിരി വിഷയങ്ങളിൽ ഒരഭിപ്രായം പറയാതിരിക്കുകയാണു് ഉചിതം. ഒന്നാലോചിച്ചാൽ മതി. ഇവയൊന്നും ഒരു കവിയുടെ മഹത്വത്തിനു് നിദാനമാകണമെന്നില്ല. വ്യക്തിപരമായ ഗുണദോഷങ്ങളെ നമുക്കു വിടുക. കവിതയുടെ ഔൽക്കൃഷ്ടത്വമാത്രം ആസ്വദിക്കുക ദേശീയച്ചുവടുള്ള പദ്യങ്ങളിൽ, ഇക്കൂട്ടരുടേതായി കവിതയിൽപ്പെട്ടതാവുന്നതു് എത്രയുണ്ടെന്നു നിർണ്ണയിച്ചിരുന്നെങ്കിൽ അതു് കൂടുതൽ ഫലപ്രദമാകമായിരുന്നു.

ശ്രീ. ജി. വിവേകാനന്ദന്റെ പുതിയ കഥാസമാഹാരമാണു് 'കാററു്, കൊടുങ്കാററു്'. പത്തുകഥകൾ ഇതിലുണ്ടു്. അദ്ദേഹത്തിനു പരിചിതമായ അന്തരീക്ഷം ആശുപത്രിയാണെന്നു് ഇതിലെയും ചില കഥകൾ തെളിയിക്കുന്നു ഡാക്ടർമാർക്കു് പരസ്പരം അകാരണമായി, അസൂയയുണ്ടു്. അതിനു ബലിയാകുന്നതു് രോഗികളാണെന്ന സത്യം അത്യന്ത ക്രൂരമത്രെ. "രക്ഷാപുരുഷന്മാർ" വായിച്ചുകഴിയുമ്പോൾ ആ വിധമാണു തോന്നുക. 'ഒരുകൊല്ലം'— എന്ന കഥയിൽ ആത്മാർത്ഥസുഹൃത്തായി രോഗിയെ ശുശ്രൂഷിച്ചുനിന്ന ചന്ദ്രന്റെ ആത്മാർത്ഥതയില്ലായ്മയാണു് വ്യംഗ്യം. സന്തോഷഭരിതമായ മധുവിധുവിന്റെ നാളുകളിൽ ഭാര്യയുടെ കരൾകൊക്കാൻ ഉദ്യോഗപ്പെട്ടുനടക്കുന്ന ഭർത്താവിന്റെ ഹൃദയശൂന്യത 'വസന്തമേ, നമസ്കാരം' എന്ന കഥയിൽ ഭംഗിയായി പ്രത്യക്ഷപ്പെടുന്നു. ലൂക്കീമിയാ എന്ന മാരകമായ രോഗത്തിനടിമപ്പെട്ട നിഷ്കരുണനായ നഴ്സ് എന്ന ബാലന്റെ ചിത്രം ഇപ്പോഴും മനസ്സിൽനിന്നു പറിഞ്ഞുപോകുന്നില്ല. സംഭവങ്ങളേക്കാൾ, മനുഷ്യമനസ്സിന്റെ ദുരൂഹങ്ങളായ പ്രക്രിയകളുടെ നേരിയ ഇഴകളിൽ നിർമ്മമമായ മന്ദഹാസത്തോടെ വിദഗ്ദ്ധമായി വിരലോടിക്കുന്ന കാഥികന്റെ മിടുക്കു് ഈ കഥകളെ ഹൃദ്യമാക്കിയിട്ടുണ്ടു്. കപടമായ ആദർശങ്ങളുടേയും വചനങ്ങളുടേയും ആചാരാചാരങ്ങളുടേയും മേൽ, പാളിന്റെ വായ്ത്തലപോലെ ഈ കഥകളിൽ നർമ്മചാതുരി വീശിനില്ക്കുന്നു.

"ഒററമുലി" ശ്രീ. സി, ആർ. ഓമനക്കുട്ടന്റെ പതിനഞ്ചു ചെറിയ നർമ്മകഥകളുടെ സമുച്ചയമാണു്. സാമൂഹ്യമായ കാപട്യങ്ങളുടെയും ഔദ്യോഗികതലങ്ങളിലെ പൊങ്ങച്ചങ്ങളുടേയും മററും ജുഗുപ്സാവഹമായ ഉൾക്കാമ്പിനെ പരിഹാസമധുരമായ ശൈലിയിൽ ആവിഷ്കരിക്കുവാൻ ഓമനക്കുട്ടനു വമുതുള്ളതും അതുകൊണ്ടു് ഒററമുലി സരസമായി നാം വായിച്ചുപോകുന്നു.

...*...

(16-ൽ നിന്നു തുടർച്ച)

only one Season' — റോസാപ്പൂക്കൾക്കു് ഒരു ഋതുകാലം മാത്രമേയുള്ളു. സ്ത്രീകളെയാണു് ഇവിടെ റോസാപ്പൂക്കളായി കരുതുന്നതു്. പനിനീർപ്പൂക്കൾ വളരുന്നതുപോലെ അവർ വാടിപ്പോകും. എങ്കിലും വിടർന്ന പൂക്കളെ കാണുമ്പോൾ അവർക്കു് അസ്വാസ്ഥ്യം ജനിക്കാതിരിക്കില്ല. മലയാളനാട്ടിൽ 'ശമത്സന്ധ്യ' എന്ന കഥയെഴുതിയ ശ്രീ. കെ. രാമചന്ദ്രൻ വാടിയ പൂവിനെയല്ല കരിഞ്ഞ പൂവിനെയാണു് ചിത്രീകരിക്കുന്നതു്. അവർ പ്രായം കൂടിയ മാതാവണു്. യുവതിയായ മകൾ കാമുകനുമായി സല്ലപിക്കുന്നതു കാണുമ്പോൾ തന്റെ പൂർവകാലത്തെക്കുറിച്ചു് അമ്മ വിചാരിക്കുകയായി. അവരുടെ ഉപബോധമനസ്സിലെ ചലനങ്ങളെ രാമചന്ദ്രൻ സ്ഫുടീകരിക്കുന്നു എന്നതിലാണു് ഈ കഥയുടെ സവിശേഷത നാം കാണേണ്ടതു്.

ഐജി യാമാസാക്കി ജപ്പാനിലെ പ്രശസ്തനായ കവിയാണു്. അദ്ദേഹത്തിന്റെ 'രണ്ടുലോകങ്ങൾ' എന്ന കവിത:—

'സായാഹ്നത്തിലെ അന്തരീക്ഷത്തിൽ ഞാനൊരു നക്ഷത്രത്തെ കണ്ടിട്ടു് അതിനോടു വന്നു പറയുമ്പോൾ നീ പറയുന്നതു നീയും അതു കണ്ടുവെന്നു്. അവ്യക്തങ്ങളായ മരക്കാമ്പുകളിൽ വിശ്രാന്തസ്ഥലമന്വേഷിക്കുന്ന ഒരു പക്ഷിയെ ഞാൻ ചൂണ്ടിക്കാണിക്കുമ്പോൾ നീ പറയുന്നതുതും നീ കണ്ടുവെന്നു്. എങ്ങനെയോ നീ കാണുന്ന ലോകവും ഞാൻ കാണുന്ന ലോകവും ഏറെക്കുറെ ഒന്നുതന്നെ. ഒരു ശരീരത്തിൽ രണ്ടു ജോടിക്കണ്ണുകളല്ല നമുക്കുള്ളതു്? വേണമെങ്കിൽ കാണുക എന്നതു ഈശ്വരൻ നിനക്കായി എനിക്കു വിട്ടുതരുമല്ലോ ഞാൻ കണ്ണുകളടയ്ക്കുന്നു. അപ്പോൾ എന്റെ ലോകം പൊട്ടുന്നതവേ പ്രത്യക്ഷമാകുന്നു. പക്ഷേ, അതുപോലൊരു ലോകം നിന്റെ കണ്ണുകളിൽ തുടർന്നുകൊണ്ടിരിക്കുന്നു.' കലാകാരന്മാരല്ലാത്ത നാം കാണുന്ന ഏതു ലോകവും ഉടനെ അപ്രത്യക്ഷമാകുന്നു. എന്നാൽ കലാകാരൻ കാണുന്ന ലോകം ശാശ്വതകലാമാർജ്ജനമാകുന്നു, ചായത്തിലൂടെ അല്ലെങ്കിൽ തൂലികയിലൂടെ മലയാളക്കാട്ടിൽ 'കതിർ' എന്ന കഥയെഴുതിയ ശ്രീ. ചിറയിൻകീഴ് സലാമിനു് ഈ പരമാർത്ഥമറിഞ്ഞുകൂടാ. മകളെ വ്യഭിചരിച്ച ഒരുത്തൻ അവളുടെ അമ്മയുമായി കളിച്ചോടിപ്പോകുന്നതാണു് ഇതിലെ കഥ. ഇതു വായിച്ചിട്ടു വാരിക അടച്ചുവയ്ക്കുമ്പോൾ കഥയിലെ ലോകം അപ്രത്യക്ഷമാകുന്നു. അതു കലാലോകമല്ലെന്നു വ്യക്തം. സാധാരണ ലോകത്തെ കലാലോകമാക്കാൻ ജന്മസിദ്ധമായ കഴിവുവേണം. അതുള്ളവർ ഏതു പരുഷമായ ദോഹത്തെയും സുവർണ്ണമാക്കി മാററും സ്പർശം എന്ന വിഷയം തനിത്തങ്കമായി മാറുന്നതു നോക്കുക:—

Touch

Touch the juice of wood—grain

Touch the dis'ant curve of a woman.

Touch the dryness of sand in masonry.

Touch the threat of sexy music.

Touch.

Is touching seeing? What do you think?

Touch.

Lemon juice touching the dry throat:

A sad still wisdom.

touching a demon's throat.

A cold finger touching her warm breasts.

[ഗൂക്കി മക്കോട്ടോ എന്ന ജപ്പാനീസ് കവി. ജനനം 1931]

* * *

"ഞാൻ സ്നേഹിക്കുന്നതൊക്കെ നശിക്കുന്നു." നെപ്പോളിയന്റെ പ്രസ്താവമാണിതു്. ഹെലീനയിൽ ബ്രിട്ടീഷുകാരുടെ തടവുകാരനായി കഴിഞ്ഞ ആ വിശ്വജേതാവു് നേരം പോക്കുന്നതിനുവേണ്ടി ശിശുസഹജങ്ങളായ വിനോദങ്ങളിൽ മുഴുകി. പൂന്തോട്ടത്തിൽ ഒരു കുളമുണ്ടാക്കി കുറെ മത്സ്യങ്ങളെ അതിലിട്ടു. കുളം നിർമ്മിക്കാൻ ഉപയോഗിച്ച സിമന്റിൽ ചെമ്പുണ്ടായിരുന്നു. അതിനാൽ മീനെല്ലാം ചത്തുപോയി. അപ്പോൾ ആ മ

ഫാൻ പറഞ്ഞതാണ് - "Everything I love is doomed." നാം സ്നേഹിക്കുന്നതെല്ലാം ഇതാ ഈ ഭാരതത്തിലും നശിച്ചുകൊണ്ടിരിക്കുന്നു. പ്രകൃതിരംഗിക്കപോലും നാശംതിരുവനന്തപുരത്തിനടുത്ത് കോവളം എന്നൊരു മനോഹരമായ സ്ഥലമുണ്ടായിരുന്നു. ആ സ്ഥലം ഇന്നില്ല. മനുഷ്യന്റെ വൈരൂപ്യനിർമ്മാണവാഞ്ഛ ആ സ്ഥലത്തെ എല്ലാക്കാലത്തേക്കുമായി അന്തർദ്ധാനം ചെയ്തിട്ടിരിക്കുന്നു. വിനാശാത്മകങ്ങളായ പ്രവർത്തനങ്ങൾ ഭാരതത്തിനു വൈരൂപ്യം വരുത്തുന്നതു കണ്ട് ദുഃഖിക്കുകയാണ് ശ്രീമതി സുഗതകുമാരി. (മാതൃഭൂമിയിലെ 'ധർമ്മം എന്ന പശു" എന്ന കവിത.) ആ കവിത വായിച്ചപ്പോൾ നാം സ്നേഹിക്കുന്ന മലയാള കവിതയും നശിച്ചുവെന്ന് എനിക്കു തോന്നിപ്പോയി. ആശയങ്ങളെ വാങ്മയ ചിത്രങ്ങളാക്കാതെ എണ്ണിയെണ്ണിപ്പറഞ്ഞാൽ സൗന്ദര്യമല്ല വൈരൂപ്യമാണുണ്ടാവുക.

—o—

'She spider eats up her man after copulation. That is the wonder of the animal world She destroys his ambition through nagging through ignorance.

That is the curse of humanity And a man without ambition will be like an airless balloon. Will not be able to rise in life An ambitious mind coveteous more. More happiness, better pleasure. greater position.

Free Details: Director.
C. H. R. Agency
Chandiroor P. O. Kerala.

നോവൽ

പത്തൊൻപതു്

താഴെയുള്ള അടച്ചുപൂട്ടിയ മുറിയിൽ തടവുകാരനായി മാറിയ രാജാസ്സ് 'അവസാനത്തെ അത്താഴ'ത്തിനുശേഷം ബോബിയുടെ വീട്ടിൽ നടന്ന നാടകീയ സംഭവങ്ങളെക്കുറിച്ച് ആലോചിക്കുവാൻ ഏറെസമയം കിട്ടി. രാജായുടെ മുറിക്ക് വെളിയിലുള്ള കസാലയിൽ നീണ്ടുനിവർന്നുകിടക്കുകയായിരുന്നു. മേരി ആൻറി. ഒരു ഗാർഡിനെപ്പോലെ. മുകളിലത്തെ ഒരു മുറിയിലായിരുന്നു ബോബിയെ പൂട്ടിയിട്ടിരുന്നതു്.

ഡിന്നർ അവസാനിച്ചപ്പോൾ മേരി ആൻറി സാവധാനത്തിൽ നിങ്ങളെ രണ്ടുപേരെയും ഞാൻ ഓരോ മുറികളിലിട്ട് പൂട്ടാൻപോവുകയാണെന്ന് പ്രസ്താവിച്ചു.

ജീവിതം

കെ.എ അബ്ബാസ്

ഉടൻതന്നെ വന്ന് മകനെ കൂട്ടിക്കൊണ്ടുപോകണമെന്നു കാണിച്ച് മിസ്ററർനാഥിന് ഒരു അടിയന്തിര കമ്പിസന്ദേശമയച്ചു എന്നു പറഞ്ഞപ്പോൾ രാജാ ശക്തിയോടെ എതിർത്തു. അപ്പോൾ മേരി ആൻറി രാജായെ ഓർമ്മിപ്പിച്ചു. 'ഞങ്ങളെപ്പോലെയുള്ള പാവങ്ങൾക്കു അന്തസ്സും അഭിമാനവുമുണ്ട് ഇവിടെവന്ന് ബോബിയെ കാണാൻ ഞാൻ നേരിട്ടാ അല്ലാതെയോ രാജായെ പ്രേ സാഹിച്ചു എന്ന പരാതി നിന്റെ അച്ഛനമ്മമാർ പറയാൻ ഞാനവസരം കൊടുക്കുകയില്ല. നീ ഒരു മൈനറാണ്. ഒരു പോലീസ്കേസുണ്ടാവാനും സാദ്ധ്യതയുണ്ട്. എന്റെ മകനെയും എന്നെയും അറസ്റ്റുചെയ്തുകൊണ്ടുപോകുന്നതു് നിനക്കു കാണണമെന്നാഗ്രഹമുണ്ടോ?'

രാജാ തർക്കിക്കുകയും വാദിക്കുകയും ചെയ്തു ഒടുവിൽ അച്ഛനെ ഈ വിവരമൊന്നും അറിയിക്കരുതേ എന്നു മേരിആൻറിയുടെ കാലുപിടിച്ചപേക്ഷിച്ചു ബോബിക്ക് പ്രവേശമില്ലാത്ത തന്റെ വീട് എന്നേക്കുമായി താൻ ഉപേക്ഷിച്ചിരിക്കുകയാണെന്ന് അവൻ ആൻറിയോടു പറഞ്ഞു. പക്ഷേ, തനതായ ചില വിശ്വാസപ്രമാണങ്ങളിൽ അടിയുറച്ചുനില്ക്കുന്ന ആ പ്രായംചെന്ന സ്ത്രീയെ തർക്കിച്ച് സ്വാധീനിക്കുവാൻ രാജാസ്സ് കഴിഞ്ഞില്ല. "നിന്നെ കുട്ടിക്കാല മുതൽ ഞാൻ വശീകരിച്ച് സ്വന്തമാക്കാൻ ശ്രമിച്ചുവെന്നുള്ള നിന്റെ അച്ഛനമ്മമാരുടെ പരാതിയെ സ്ഥിരീകരിക്കാൻ എന്തായാലും ഞാൻ തയ്യാറല്ല." മേരിആൻറിയുടെ സ്വരം ശക്തിയുള്ളതായിരുന്നു.

ബോബി മാറത്തലച്ചു കരയുകയായിരുന്നു. ആരുടെ വാക്കുകളും കേൾക്കാനവൾ തയ്യാറായില്ല. തന്റെ അനുനയങ്ങളിൽ ബോബി നില്ക്കുന്നില്ലെന്നു കണ്ടപ്പോൾ ജോഅമ്മാവനോട് അവളെ വലിച്ചിഴച്ച് മുകളിലത്തെ മുറിയിലിട്ട് പൂട്ടുവാൻ മേരിആൻറി ആജ്ഞാപിച്ചു. മുകളിലുള്ള മുറിയിൽ രാജായെ മേരിആൻറിതന്നെയാണ് പൂട്ടിയിട്ടതു്. പുറത്ത് നിർദ്ദയനായ ജയിലറെപ്പോലെ ജോഅമ്മാവൻ കാവൽനിന്നു.

"എന്നെ വലിച്ചിഴച്ച് മുറിയിലിട്ട് പൂട്ടാൻ മേരിആൻറിയെ എന്തിന് ഞാൻ അനുവദിച്ചു?" രാജാ സ്വയം ചോദിച്ചു. മേരിആൻറിയെ എതിർത്തുനില്ക്കാനുള്ള ശക്തി രാജാസ്സിനുണ്ടായിരുന്നു. താൻ ആത്മാർത്ഥമായി രക്ഷപ്പെടണമെന്നു വിചാരിച്ചിരുന്നെങ്കിൽ മേരിആൻറിയോ, അച്ഛനോ ഒരിക്കലും കാണാനാവാത്തവിധം കണ്ടുപിടിക്കാനാവാത്തവിധം പാഞ്ഞുപോകാമായിരുന്നു എന്ന സത്യം അവൻ ഒന്നുകൂടി ഓർത്തു എന്തുകൊണ്ടങ്ങനെ ചെയ്തില്ല? അവൻ സ്വയം ഉത്തരം ക



ണ്ടെത്തി. കാർമ്മവെച്ചകാലംമുതൽ വാത്സല്യവും സ്നേഹവും പകർന്നുതന്നവർ. അമ്മയുടെ സ്നേഹം മേരിആൻറിയിൽ നിന്നാണു ലഭിച്ചതു്. തനിക്ക് അമ്മയുടെ സ്ഥാനമുള്ള ഈ സ്ത്രീയെ എങ്ങിനെ എതിർക്കാൻ കഴിയും? ഇവിടെനിന്നും രക്ഷപ്പെടുക എന്നതു് പ്രശ്നമാവുകയില്ല. കാരണം ബോബിയിൽനിന്നും ഒളിച്ചോടുന്നതിനു സമയമായിട്ടുണ്ടു്. സ്വയം

തടവുകാരനായി എന്നേ കരുതാനാവൂ. തന്നെ പൂട്ടിയിട്ടതിനുശേഷം മേരിആൻറി ജോജമ്മാവനെ കമ്പ്സന്ദേശമയയ്ക്കാൻ പുറത്തേക്കയച്ചു.

ബോബിയെക്കൂടാതെ രാജായ്ക്കു ജീവിക്കുവാൻ കഴിയുമോ? ഇല്ല. തീർച്ചയായും കഴിയില്ല ബോബിക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുവാൻ കഴിയുമെങ്കിൽ എന്തുകൊണ്ട് സാഹസികനായ്ക്കൂടാ? കുറേനേരമവൻ ചിന്താഗ്രസ്തനായിരുന്നു. അതിനുശേഷം ഒരുറച്ച തീരുമാനമെടുത്തപോലെ കതകിനടുത്തേക്ക് നടന്നു. കതകിൻെറ വിടവിലൂടെ സൂക്ഷിച്ചുനോക്കി. മേരിആൻറി ചാരുകസാലയിലിരുന്ന് സുഖമായുറങ്ങുന്നു. പെട്ടെന്നവൻ ബാത്തുറൂമിലേക്കു കടന്നു. ഗ്ളാസ്പാനൽസ് കൊണ്ടു നിർമ്മിച്ച ഒരു ചെറിയ ജനാല അവൻെറ കണ്ണിൽപ്പെട്ടു അതിവശ്രദ്ധയോടെ, ശബ്ദമുണ്ടാക്കാതെ അവൻ ഗ്ളാസ്സ്, കഷണങ്ങൾ എടുത്തുമാററി. ഒരു ഗ്ളാസ്സും അവൻെറ കയ്യിൽകൊണ്ടു മുറിഞ്ഞു. രക്തപ്രവാഹം. മുറിഞ്ഞഭാഗം തുവാലകൊണ്ട് മുറുക്കെക്കെട്ടി മാനസിക സംഘർഷവും തീയിയുമുണ്ടായിരുന്നതുകൊണ്ട് വേദനയനുഭവപ്പെട്ടില്ല. ജനാലയിലൂടവൻ സാവധാനത്തിൽ പിടിച്ചു പിടിച്ച് താഴെയിറങ്ങി. പൂന്തോട്ടത്തിൽ കാലുകുത്തിയപ്പോഴാണ് അവൻെറ ശ്വാസം നേരെവീണതു്. വീടിനുചുററും ശബ്ദമുണ്ടാക്കാതെ നടന്നപ്പോൾ ആദ്യത്തെ നിലയിലെ ഒരു ജാലയിലെ വെളിച്ചം അവനെ പിടിച്ചുനിറുത്തി. വെളുത്ത കർട്ടനുപിറകിൽ പരിചിതമായ ഒരു രൂപം. അതു ബോബിയായിരുന്നു. അവളുടെ ചലനങ്ങളിൽനിന്ന് അവളുടെ ക്ഷോഭവും പ്രതിഷേധവും രാജായ്ക്കുഹിക്കുവാൻ കഴിഞ്ഞു. ആ ജനലിലൂടെ സമീപത്തുള്ളതു നീണ്ടുകിടക്കുന്ന വാട്ടർപൈപ്പ് അവൻ കണ്ടു. രാജാ ആ പൈപ്പിൽ പിടിച്ചുകയറി.

തൻെറ പാദുകൻ പൈപ്പിലൂടെ മുകളിലേക്ക് കയറിവരുന്നതു് ബോബി ശ്രദ്ധിച്ചു. ആത്തിരമ്പുന്ന ആവേശത്തോടെ, അതുരുകടന്ന ആനന്ദത്തോടെ അവൾ അവനെ സഹായിച്ചു. രണ്ടു ഭയനകളികൾ. അവർ അന്യോന്യം കെട്ടിപിണഞ്ഞു. ദീർഘനിശ്വാസവും ഗദ്ഗദവും ചുംബനങ്ങളും. കോരിത്തരിപ്പിൻെറ അലകൾ അന്തരീക്ഷത്തിലുയർന്നു.

'ബോബി എൻെറ ഓമനേ.'

'രാജാ... എൻെറ രാജാ എനിക്ക് നിന്നെ കൂടാതെവയ്യ.'

'എനിക്കു കഴിയുമോ ഓമനേ. ഞാൻനിന്നെ ഇവിടെനിന്നു കൊണ്ടുപോകാൻ പോവുകയാണ്. നമ്മൾ രണ്ടും ഒളിച്ചോടാൻ പോകുന്നു നീ എന്നോടൊപ്പം വരുന്നു.'

'ഉവ്വ് തീർച്ചയായും' വികാരത്തിൻെറ വീർപ്പുമുട്ടൽ തുടിച്ചുനിന്ന സ്വരത്തിലവൾ തുടർന്നു.' ഈ ലോകത്തിൻെറ അവസാനം വരെ അവിടംവരെ ഞാനു നിന്നോടൊപ്പം വരും.'

പെട്ടെന്ന് ബോബിയുടെ ചിന്തയിലും വികാരങ്ങളിലും ഒരു പ്രശ്നം പൊന്തിവന്നു,

'പൂട്ടിയിട്ടിരിക്കുന്ന ഈ മുറിയിൽനിന്ന് നാമെങ്ങനെ രക്ഷപ്പെടും?'

രാജായ്ക്കു് വ്യക്തമായി മറുപടി പറയാനുണ്ടായിരുന്നു ഞാൻ കടന്നുവന്ന വഴിയിലൂടെ നമുക്ക് രക്ഷപ്പെടാം.

ഒരു പുതിയ ഉന്മേഷവും ശക്തിയും നേടിക്കൊണ്ട് അവർ ബെഡ്ഷീററുകളുപയോഗിച്ച് കയറുണ്ടാക്കി അതിലൂടെ ശബ്ദമുണ്ടാക്കാതെ താഴെയിറങ്ങി. മോട്ടോർസൈക്കിൾ സ്ററാർട്ട്ചെയ്യാൻ ഭാവിച്ചപ്പോൾ രാജായെ വിലക്കിക്കൊണ്ട് ബോബി പറഞ്ഞു "ഇപ്പോൾ മോട്ടോർസൈക്കിൾ സ്ററാർട്ട്ചെയ്താൽ മുത്തശ്ശി ഈ ശബ്ദംകേട്ടുണരും' ഉണർന്നാൽ നമുക്ക് രക്ഷപ്പെടാൻ കഴിയില്ല.'

'പിന്നെ നമ്മൾ എന്താണു ചെയ്യുക?' ശബ്ദം താഴ്ത്തി ചോദിച്ചുകൊണ്ട് രാജാ പെഡൽ സ്ററാർട്ടറിൽനിന്ന് കാലെടുത്തു.

'നമുക്കിതു് തള്ളിക്കൊണ്ടുപോകാം.' ബോബി രാജായോട്ട് ചേർന്നുനിന്നുകൊണ്ടുപറഞ്ഞു.

രാജായും ബോബിയുംകൂടി പുല്ലുകൊണ്ടു മൂടിക്കിടന്ന തോട്ടത്തിലൂടെ മോർട്ടോർസൈക്കിൾ തള്ളിക്കൊണ്ടുപോയി. ഒരു ക്രൂവിംഗ്സൗണ്ടുപോലും ഉണ്ടാവാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു. വൃക്ഷശിഖരങ്ങൾക്കിടയിലൂടെ നിലാവ് അരിച്ചരിച്ചിറങ്ങുന്നുണ്ടായിരുന്നു. നിലാവിൻെറ വെളിച്ചം അവരുടെ മുഖങ്ങളെ പ്രകാശമാനമാക്കി.

കുറച്ചുകഴിഞ്ഞ് ബോബിപറഞ്ഞു "രാജായുടെ മോട്ടോർസൈക്കിൾ വളരെ ഹെവിയാണ്.' വളരെപതുക്കെ രാജാപറഞ്ഞു 'ബോബി നീ തള്ളിനീക്കാൻ പ്രയാസപ്പെടുന്നതു് മോട്ടോർസൈക്കിളല്ല, നമ്മുടെ ജീവിതമാണ്..

ആകാശസീമകളിൽ കനകമുദിച്ചു നിഴലിച്ചുവരുമ്പോൾ ആ മോട്ടോർബൈക്ക് ഗോവയിൽനിന്നും പാഞ്ഞുപോവുകയായിരുന്നു. ബോബി രാജായെ സ്നേഹാതിരേകത്തോടെ രണ്ടുകൈകൊണ്ടും കെട്ടിപ്പിടിച്ചിരുന്നു. രണ്ടുപേരുടേയും മനസ്സിൻെറ മനസ്സിൽ ഇനിയെന്തു് എന്ന ചോദ്യങ്ങൾ അനുനിമിഷം ഉരുത്തിരിയുകയായിരുന്നു.

ഭയാനകമായ വേഗതയിൽ പാഞ്ഞുപോകുന്ന മോട്ടോർബൈക്ക് ആർ. ററി. ഒ. ശ്രദ്ധിച്ചു. ഗോവയിലേക്കു പോകുമ്പോൾ രാജായെ പിന്തുടരുന്ന ആർ. ററി. ഒ. രാജായോടൊപ്പം ഒരു ചെറുപ്പക്കാരിയേയുംകൂടി കണ്ടു. ഒരു തിരിവിൽവച്ച് ആർ. ററി. ഒ. രാജായെ തടഞ്ഞു. ഭയപ്പാടോടെ രാജാ വണ്ടി നിറുത്തി 'ഓ നിങ്ങളാണോ ലൈസൻസില്ലാത്ത പതിനെട്ടു വയസ്സുള്ള ഡ്രൈവർ?' ഭീഷണിപ്പെടുത്തുന്ന സ്വരമായിരുന്നു ആർ. ററി. ഓ. യുടേതു്.

'അതെ സാർ.'

'പിന്നാലിരിക്കുന്നതു് നിങ്ങളുടെ കാമുകിയാണോ?'

'അതെ സാർ.'

ആർ. ററി. ഒ. മധുരമായി ഒരു പുഞ്ചിരിച്ചു.

'കൊള്ളാം ഞാൻ തിരിഞ്ഞുപോകുകയാണ്. നിങ്ങൾക്കു പോകാം. അഞ്ചു മിനിട്ടിനുശേഷമേ ഞാൻ തിരിഞ്ഞുനോക്കുകയുള്ളൂ. അതിനുമുമ്പ് നിങ്ങൾ എൻെറ കാഴ്ചപ്പാടിൽനിന്നു മറയണം.'

'വളരെ നന്ദിസാർ.' ബോബിരാജാണതു പറഞ്ഞതു്.

'ഇങ്ങോട്ടു വരൂ സർ' ആർ. ററി. ഓ ബോബിയുടെ സമീപത്തേക്കു ചെന്നു. 'ഓ എന്തിനു നിങ്ങളെ എന്തിഷ്ടമോതെന്നോ?" അതു പറഞ്ഞിട്ടവൾ അദ്ദേഹത്തിൻെറ കവിളിലൊരു നുള്ളുകൊടുത്തു.

പെട്ടെന്ന് രാജാ വണ്ടി സ്റാർട്ടുചെയ്തു. മഞ്ഞച്ച മുഖവുമായി നോക്കിനില്ക്കുവേ രാജായുടെ മോട്ടോർബൈക്ക് കണ്ണിൽനിന്നും മറഞ്ഞിരുന്നു. മധുരം നൊട്ടിനുണഞ്ഞുനിന്ന ആർ. ററി. ഒ. മോട്ടോർസൈക്കിൾ സ്ററാർട്ടുചെയ്യാൻ ഭാവിച്ചപ്പോൾ ഒരു ജീപ്പിൻെറ ഇരമ്പൽ കേട്ടു അതു ഗോവാ പോലീസായിരുന്നു. സഡൻ ബ്രേക്കിട്ട ജീപ്പിൽനിന്നും സബ്ഇൻസ്പെക്ററർ ചാടിയിറങ്ങി.

'ഞങ്ങൾ ചുവന്ന നിറമുള്ള ഒരു മോട്ടോർസൈക്കിൾ അന്വേഷിച്ചിറങ്ങിയതാണ്. പതിനെട്ടുവയസ്സുള്ള ഒരു ചെറുപ്പക്കാരനാണ് അതോടിച്ചുപോയതു്.'

'ആ മോട്ടോർസൈക്കിൾ മോഷ്ടിച്ചതാണോ?' ആർ. ററി. ഓ ചോദിച്ചു.

'ആണെന്നും അല്ലെന്നും പറയാം.'

'അതെന്താണങ്ങനെ പറഞ്ഞതു്?'

'ആ ചെറുപ്പക്കാരൻെറ അച്ഛൻെറതാണ് മോട്ടോർസൈക്കിൾ. വീട്ടിൽനിന്ന് ഒളിച്ചോടിയിരിക്കയാണയാൾ. മോലത്തിനുസമീപമുണ്ടായിരിക്കുമെന്നാണൂഹിക്കുന്നതു്. ഈ ചെറുപ്പക്കാരനെപ്പററിയുള്ള വിവരങ്ങൾ നൽകുന്നവർക്ക് 20,000 രൂപ നൽകാമെന്ന് അയാളുടെ പിതാവു് പ്രസ്താവിച്ചിട്ടുണ്ട്.'

ആർ. ററി. ഓ. പറഞ്ഞു. 'കൊള്ളാം ആ സമ്മാനം എനിക്കുതന്നെ. ഞാനിപ്പോൾ ആ മോട്ടോർസൈക്കിൾ ഈ വഴിപാഞ്ഞുപോകുന്നതു കണ്ടു.'

'ഏതുവഴിക്കാണ് പോയതു്?'

ആർ. ററി ഒ. തെററായ വഴിയാണ് ചൂണ്ടിക്കാണിച്ചതു്. തെററായ വഴിയിലൂടെ ജീപ്പ് പാഞ്ഞുപോയപ്പോൾ ട്രാഫിക്ക് ആഫീസർ സംതൃപ്തിദായകമായി പുഞ്ചിരിച്ചു.

ഒരു ചെറിയ റെയിൽവേസ്റേഷനിൽ എത്തിയപ്പോൾ രാജാ മോട്ടോർസൈക്കിളിൻെറ സ്പീടൊന്നു കുറച്ചു. ഗ്രഡ്സ ട്രെയിൻ കടന്നുപോയ്ക്കൊണ്ടിരിക്കുകയായിരുന്നപ്പോൾ രാജാ പറഞ്ഞു. 'ബോബി നമ്മുടെ മോട്ടോർസൈക്കിളിനെ ആരെങ്കിലുമോ പിന്തുടരുന്നു എന്നു ഞാനൂഹിക്കുന്നു. നമുക്കവരെ ഉപേക്ഷിച്ചിട്ടുപോകാം നിനക്ക് നടക്കാൻ കഴിയുമോ?'

—o...

മുഖഭാഗ ചിത്രങ്ങൾ

ബി. ബി. സി. നായർ

മനുഷ്യനെ മരവിപ്പിക്കാനും ഭയപ്പെടുത്താനും മാത്രമേ മരണത്തിനു കഴിയൂ എന്നായിരുന്നു എന്റെ ധാരണ. മോഹിപ്പിക്കൽ മരണത്തിന്റെ സ്ഥായീഭാവമാണെന്ന് കാമുവിന്റെ 'ഏ ഹാപ്പി ഡത്ത്' വായിച്ചുതീർത്തപ്പോഴാണ് മനസ്സിലായത്. ഈ നോവൽ വായിക്കുന്ന ഏതൊരാളിനും മരണത്തെ അഭിമുഖീകരിക്കാൻ ചിരിച്ചുകൊണ്ട് അതിന്റെ കവിളുകളിൽ നുള്ളിനോവിക്കാൻ കഴിയും. മരണത്തെക്കുറിച്ച് ലോകസാഹിത്യത്തിൽ എത്രയോ അധികം എഴുതപ്പെട്ടിരിക്കുന്നു. പക്ഷേ 'ഏ ഹാപ്പി ഡത്ത്' മരണത്തെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള ഏററവും ഹൃദയസ്പർശിയായ വികാരതീവ്രമായ സാഹിത്യസൃഷ്ടിയാണ്.

ആൽബേർ കാമുവിന്റെ ആദ്യത്തെ നോവലാണ് 'ഏ ഹാപ്പി ഡത്ത്.' പക്ഷേ, അദ്ദേഹത്തിന്റെ മരണശേഷമാണ് ഈ കൃതി വെളിച്ചം കാണുന്നത്. കാമുവിന്റെ ആത്മകഥാംശങ്ങൾ നിറഞ്ഞുനില്ക്കുന്ന ഈ ഗ്രന്ഥം മരണത്തിന്റെ സൗന്ദര്യഭാവങ്ങൾ മുഴുവൻ നമുക്ക് പകർന്നുതരുന്നു. പാരൈദ്രസ് മെർസാൾട്ട് എന്ന ചെറുപ്പക്കാരന്റെ സംഭവബഹുലമായ കഥയാണിതിൽ. റോലാൻറ് സാഗ്രൂസ് എന്ന അസാധാരണനായ ഒരു മുതലാളിയെ കഥാനായകൻ വെടിവച്ചുകൊല്ലുന്ന നാടകീയ സംഭവത്തോടെ ആരംഭിക്കുന്ന നോവൽ കഥാനായകന്റെ മരണത്തോടെ അവസാനിക്കുന്നു. ഈ രണ്ടു മരണങ്ങൾക്കുമിടയിൽ സന്തോഷത്തെ കണ്ടുമുട്ടാനുള്ള മെർസാൾട്ടിന്റെ ശ്രമങ്ങളാണധികവും "സന്തോഷത്തെക്കവിഞ്ഞു ജീവിതത്തിലൊന്നു ഗൗരവമായെടുക്കരുതു്." 'സെഗ്രൂസ്' എന്ന മുതലാളിയുടെ വാക്കുകൾ മെർസാൾട്ടിനെ സ്വാധീനിച്ചു. സന്തോഷത്തെത്തേടിയുള്ള നിതാന്തമായ അന്വേഷണം അവനെ ജീവിതത്തിൽ പലതും നേടിക്കൊടുത്തു, പലതും നഷ്ടപ്പെടുത്തി. ഭാഗികമായ സംതൃപ്തിയാണെവിടെയും പൂർണ്ണതയുടെ വർണ്ണത്തിൽ പൊതിഞ്ഞു കണ്ടതു്. ഒടുവിൽ മരണത്തിന്റെ മുഖം, വാർദ്ധക്യത്തിന്റെ മുഖം മെർസാൾട്ട് കണ്ടു. പൂർണ്ണതയവകാശപ്പെടാവുന്നതു് മരണത്തിനു മാത്രമാണെന്നു്. മരണത്തെവാരിപ്പുണരുമ്പോൾ മാത്രമേ മനുഷ്യൻ പൂർണ്ണനും ശക്തനും വിശ്വാസിയും ലക്ഷ്യബോധമുള്ളവനുമാകുന്നുള്ളുവെന്നും അയാൾ കരുതുന്നു. മെർസാൾട്ട് കോരിത്തരിപ്പോടെ മരണത്തിന്റെ മോഹിപ്പിക്കുന്ന മാംസളഭാഗങ്ങളിൽ ഒരു തരി മാഞ്ചമായി ലയിച്ചുചേരുന്നതോടെ നോവൽ അവസാനിക്കുന്നു. ചലനങ്ങളില്ലാത്ത ലോകങ്ങളുടെ യഥാർത്ഥ്യത്തിലേക്ക് അവൻ തന്റെ ഹൃദയത്തിന്റെ ആഹ്ലാദമായി ഒഴുകിപ്പരക്കുന്നു.

കാമു തന്റെ ബാല്യകാലം കഴിച്ചുകൂട്ടിയ, തൊഴിലാളികൾ ഇടതിങ്ങിപ്പാർക്കുന്ന ബൽകേർട്ട് എന്ന സ്ഥലത്തിന്റെ ഓർമ്മ ഏ ഹാപ്പി ഡത്ത് നിഴലിപ്പിക്കുന്നു.

ആൽബേർ കാമു-

മാരിടെം കമ്മീഷനിൽ ജോലിചെയ്തിരുന്ന കാമുവിനെ 1936 വേനൽക്കാലത്ത് മദ്ധ്യയൂറോപ്പിലേക്കും '36–'37 ഇറാലിയിലേക്കും യാത്രചെയ്ത കാമുവിനെ, ഫിച്ച് ഹൗസിൽ കഴിച്ചുകൂട്ടിയ കാമുവിനെ പീററർ മെർസാൾട്ടിലൂടെ വായനക്കാരനു ദർശിക്കാനു പ്രയാസമില്ല. സാൻസ് ബർഗിലെ കൊട്ടുകാററുയർത്തിയ ഒരു രംഗത്തിനുശേഷം എന്നേക്കുമായി വേർപിരിഞ്ഞുപോയ കാമുവിന്റെ സിമോനിനെ മാത്രമായിൽ കാണാം. ലൂസിയെൻ, റോലാൻറ് സെഗ്രൂസ്, ഡോക്ടർ ബർണാർഡ് എന്നീ കഥാപാത്രങ്ങൾ ആരാണെന്നു് മനസ്സിലാക്കാൻ കുറേക്കൂടി അഗാധമായി കാമുവിനെ ജീവിതത്തിലേക്ക് നോക്കിയാലെ കഴിയൂവെന്നു് 'ഏ ഹാപ്പി ഡത്ത്' ഫ്രഞ്ചുഭാഷയിൽനിന്നു് തർജ്ജമചെയ്ത റിച്ചാർഡ് ഹോവാർഡ് രേഖപ്പെടുത്തുന്നു.

ഈ നോവലിന്റെ രചനയുടെ പ്രാധാന്യം മനസ്സിലാക്കാൻ, അസാധാരണമേന്മയുൾക്കൊള്ളാൻ രണ്ടാമത്തെ ഭാഗമാണുപകരിക്കുന്നതു്. സ്വാഭാവികമരണം ബോധമരണം എന്നിങ്ങനെ രണ്ടു ഭാഗങ്ങളുണ്ട് 'ഏ ഹാപ്പി ഡത്തിനു്'. ഓരോഭാഗത്തിനും അഞ്ചു് അദ്ധ്യായങ്ങൾ വീതവും. സെഗ്രൂസിനെ വെടിവച്ചുകൊന്നശേഷം അയാളുടെ മുഴുവൻ സമ്പാദ്യവുമെടുത്തുകൊണ്ടു്പോകുന്ന രോഗിയായി വീഴുന്ന മെർസാൾട്ടിന്റെ ബോധമനസ്സിലെ ഓർമ്മകളാണ് ആദ്യഭാഗത്തു്. മെർസാൾട്ടിന്റെ സാധാരണജീവിതം, മാതൃമായുള്ള ബന്ധം, ലൈംഗികാസ്വാദ്യ, സെഗ്രൂസുമായുള്ള നീണ്ട സംവാദം. കാർഡോണയുമായുള്ള ആകസ്മികമായ അടുപ്പം എന്നിവയാണ് ആ ഓർമ്മകളിൽ തങ്ങിനില്ക്കുന്നതു്. "സന്തോഷത്തിൽകവിഞ്ഞു് ജീവിതത്തിലൊന്നും ഗൗരവമായെടുക്കരുതു്" എന്നു പദേശിച്ച മുതലാളിസെഗ്രൂസിനെ വെടിവെച്ചുകൊന്നിട്ട് കഥാനായകൻ രാജ്യം വിടുകയാണ്. ആരോഗ്യം അനിശ്ചിതത്വത്തിന്റെ വക്കിൽ തങ്ങിനിന്നുവെങ്കിലും, അവന്റെ കീശ നിറഞ്ഞുകവിഞ്ഞിരുന്നു.

'ബോധമരണ'മെന്ന രണ്ടാം ഭാഗത്തിൽ മെർസാൾട്ടിന്റെ പ്രാഗിലെ ജീവിതവും അൾജിയേഴ്സ് ജെനോവ എന്നിവടങ്ങളിലെ യാത്രകളും ചെനോവയിൽ കടലിനഭിമുഖമായുള്ള ഒരു വീടെടുത്തുള്ളതാമസവും അവിടെവച്ച് ഹർഷോന്മാദത്തോടെ മരണത്തെ വാരിപ്പുണരുന്നതെന്നു് കാമു ഈ നോവലിൽ വിവരിക്കുന്നു. സന്തോഷമെന്ന വാക്കിന്റെ പൂർണ്ണമായ രൂപം മരണമാണെന്നു് ആ അജ്ഞൻ കരുതുന്നു. 'ഏ ഹാപ്പി ഡത്തി'ലെ 'aesthetic motif' എന്നുപറയുന്ന അംഗങ്ങൾ മുഴുവൻ കാമുവിന്റെ തത്വശാസ്ത്രംതന്നെയാണ്. അന്യൻ, സിസിഫസ്പുരാണം, പ്ലേഗ്, കലാപകാരി, പതനം എന്നിവയിലൊന്നും പൂർണ്ണനായി കാമുവിനെ നമുക്ക് കാണാനാകുന്നതല്ലുള്ളതു്.



കാമുവിന്റെ അതിമനോഹരമായ ചിത്രത്തോടുകൂടിയ പുറംചട്ട

സന്തോഷകരമായ മരണത്തിൽ

സന്തോഷവാനായ ഒരു മനുഷ്യൻ എ

ചിത്രങ്ങളടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങൾ

1. മദനലീലകൾ: പൂർണ്ണചിത്രഗ്രന്ഥം. ലൈംഗികാവയവങ്ങളുടെ പ്രവർത്തനം വിവിധസംയോഗരീതികൾ മുതലായവ. വില 7 00
2. രാസരസം: മധുരിയ ആനന്ദലഹരിയുള്ളതാക്കാൻ സഹായിക്കേണ്ട സംയോഗരീതികൾ രഹസ്യങ്ങൾ ചിത്രങ്ങൾസഹിതം. വില 6 00
3. മദനസാമ്രാജ്യത്തിലെ മതിവിഭ്രമങ്ങൾ: ദമ്പതിമാരുടേയും കാലകാമുകന്മാരുടേയും ലൈംഗിക വിഭ്രാന്തികളുടെ സമാഹാരം. വില 6 00
4. സെക്സ് അററ്ലസ്: സ്ത്രീപുരുഷലൈംഗികാവയവങ്ങൾ. രതിമൈഥുനരീതികൾ ഫാമിലിപ്ലാനിംഗ് മുതലായ ചിത്രഗ്രന്ഥം. വില 5 00
5. സ്ത്രീപുരുഷശരീരശാസ്ത്രം: ലൈംഗികാവയവങ്ങളുടെ വളർച്ച പ്രവർത്തനം സംഭോഗരീതികൾ ചിത്രഗ്രന്ഥം. വില 5 00
6. രാസക്രീഡ: രതിമാഹാത്മ്യം ഉത്തമസംയോഗനിലകൾ കാമലീലകൾ എല്ലാം ചിത്രങ്ങൾ സഹിതം. വില 4 00
7. കാമശാസ്ത്രം: വാൽസ്യായനൻ മുതൽ ഹാവ്ലോക് എല്ലീസ്വരെ നിർദ്ദേശിച്ചിട്ടുള്ള കാമലീലകൾ. ചിത്രഗ്രന്ഥം വില 4 00
8. സ്ത്രീകളും പ്രസവരഹസ്യവും: ഗർഭോല്പാദനം മുതൽ പ്രസവംവരെയുള്ള രഹസ്യങ്ങൾ—ചിത്രഗ്രന്ഥം. വില 3 00
9. ഹണിമൂൺ: (രതിലീലകൾ) വിവാഹിതരാകാൻപോകുന്നവർ അറിഞ്ഞിരിക്കേണ്ട കാമലീലാരഹസ്യങ്ങൾ ചിത്രഗ്രന്ഥം. വില 2 00
10. വിവാഹജീവിതവും സംയോഗരീതികളും: ഒന്നും അറിയാൻ പാടില്ലാത്തവർ ഈ ചിത്രഗ്രന്ഥം വായിച്ചാൽ മതിയാകും. വില 2 00
11. കല്യാണരാത്രിയിലെകാമലീലകൾ: എന്നുമെന്നും ദാമ്പത്യജീവിതം പുതുമയുള്ളതാക്കാൻ ഈ ചിത്രഗ്രന്ഥം വായിക്കുക. വില 2 00
12. ശീഘ്രസ്ഖലനവും നിവാരണമാർഗ്ഗങ്ങളും: വില 1 00

വി. പി. ചെലവു പുറമേ കാററ്ലോഗ് സൗജന്യം.

F. P. A. I. Thariannagar (VIA) Thiruvalla, E. M. S. Kerala.

ഹസ്തരേഖാശാസ്ത്രം, ജാതകപ്രശ്നം, ഭാവിഫലം, ദ്രവ്യം, അപസ്മാരം, ഭൂതപ്രേതപിശാചുബാധാ ഉപദ്രവങ്ങൾ ഉദ്ദിഷ്ടകാര്യനിവൃത്തി, അനുഭവത്തിൽ മനസ്സിലാക്കാവുന്നതും, പരിപൂർണ്ണ ഫലം കൊടുക്കുന്നതുമാണ്. മറുപടിക്കു സ്റ്റാമ്പുസഹിതം അപേക്ഷിക്കുക:

നേരിട്ടുവരുന്നവർ—പരപ്പാഴൂർ റോഡിൽ ബസ്സ് ഇറങ്ങി വരിക. തൃശ്ശൂർ തൃപ്രയാർ ചേർപ്പുവഴി റോഡ്.

എന്നു്, എൻ. എസ്. ശങ്കരൻകുട്ടി,
ശ്രീ ചോററാനിക്കര ദേവീദർശനമഠം,
P. O. പഴവിൽ തൃശ്ശൂർ Dt.

നാവില്ല. കാമു ഈ നോവിലിലെ ഓരോ വാക്കിലും ജീവിക്കുന്നു. പീററർമെർസാൾട്ട് എന്നുപറയുന്നയാൾ കാമുതന്നെ.

കാലമാണ് 'ഹാപ്പിഡത്തിൽ' പ്രധാനഭാഗം അഭിനയിക്കുന്നത്. സെഗ്രൂസിനെ മെർസാൾട്ട് കൊല്ലുമ്പോൾ കാലത്തെ കൊല്ലുകയാണ് യഥാർത്ഥത്തിൽ. കാലത്തിന്റെ മരണത്തോടെ ജീവിതത്തിന്റെ വർണ്ണങ്ങൾ മുഴുവൻ മെർസാൾട്ടിനെ പൊതിയുന്നു. അസാധാരണ ആ അനുഭവത്തിൽനിന്നും സ്വതന്ത്രനാകുമ്പോൾ ഏകാന്തതയുടെ തുരുത്തുകളിൽ അലയുന്ന മെർസാൾട്ടിനെ നാം കാണുന്നു. പ്രകൃത്യുന്മുഖനായി, അതിന്റെ എല്ലാ സൗന്ദര്യഭാവങ്ങളുമായി ഇത്രയധികം ലയിച്ചുചേരുന്ന ഒരു കഥാപാത്രത്തെ ആധുനികസാഹിത്യത്തിലെ ഒരു കൃതികളും ഞാൻ കണ്ടിട്ടില്ല. മരണവുമായി മധുരമന്ദഹാസത്തോടെ അഭിമുഖം ഭാഷണം നടത്തുന്ന മെർസാൾട്ടിനെ ജീവിതത്തിലൊരിക്കലും മറക്കാൻ കഴിയില്ല. അവസാനത്തെ അദ്ധ്യായം ഗദ്യത്തിലെഴുതിയ അതിമനോഹരമായ കവിതയാണ്.

ലൂസിയെക്കൊട്ട് പീററർ മെർസാൾട്ട് പറയുന്നു—വലിയ ദുരിതം, വലിയ അനുതാപം എന്നിവയൊഴിച്ച് ജീവിതത്തിലെല്ലാം നമുക്ക് വിസ്മരിക്കേണ്ടിവരുന്നുവെന്നതാണ് ജീവിതത്തെ ദുഃഖകരമാക്കുന്ന സത്യവും, അനുതകരമായ കാഠിന്യവും. മധുരിക്കുന്ന എല്ലാ മാർഗ്ഗങ്ങളും നിമിഷങ്ങളുടെ സന്തതികളാണെന്ന് കാമു കരുതുന്നു. പ്രധാന കഥാപാത്രത്തെക്കൊണ്ട് ആവർത്തിച്ചുവർത്തിച്ച് പറയിപ്പിച്ച് കാമു തന്റെ തത്വശാസ്ത്രത്തെ ശക്തിമത്താക്കുന്നു. അനുപമമായ പ്രേമത്തിലാണ് തങ്ങളെന്ന് സ്വയം വിശ്വസിപ്പിക്കുന്ന കാമുകീകാമുകന്മാർ അന്യോന്യം വഞ്ചിക്കുകയാണെന്നു ചെയ്യുന്നത്. ആപേക്ഷികമായി ആരും സന്തോഷവാന്മാരല്ലെന്നാണ് മെർസാൾട്ടെന്ന കാമു പറയുന്നത്. നിങ്ങൾ സന്തോഷവാന്മാരോ അല്ലയോ എന്നതുമാത്രമേ പ്രശ്നമാവുന്നുള്ളൂ. മരണത്തിന് അക്കാര്യത്തിലൊന്നും ചെയ്യാനില്ല. സന്തോഷത്തിലെ ആകസ്മികസംഭവമെന്ന് മെർസാൾട്ട് കരുതുന്ന മരണത്തിന്റെ തണുത്ത കവിളുകളിൽ തലോടിക്കൊണ്ട് അവസാനത്തെ അദ്ധ്യായത്തിലെ അയാളുടെ ബോധാബോധമനസ്സുകളിലെ ചലനങ്ങൾ ഇങ്ങനെ പെടുപ്പിണയുന്നു—

"ഒരു മനുഷ്യൻ ശക്തനായോ ദുർബലനായോ ജനിക്കുന്നില്ല ശക്തിയും ബോധവും കാലക്രമത്തിൽ അവൻ നേടുകയാണ് ചെയ്യുന്നത്. വധിക്കുന്നതിലല്ല അവന്റെ ചുററുമാണുള്ളത്"

കാമുവിന്റെ ഭാഷയിലേക്ക് നമുക്ക് കടന്നുചെല്ലാം. മെർസാൾട്ടിന്റെ അന്ത്യനിമിഷങ്ങൾക്കു നമുക്കുകൂടി സാക്ഷികളാകാം.

മെർസാൾട്ട് തന്റെ കണ്ണുകളടച്ചു. ക്ഷീണം ഓരോ ഞരമ്പിലും വിഷപോലെ ഇഴഞ്ഞുകയറി ചുണ്ടുകൾ വരളുകയും വെളുക്കുകയും ചെയ്തു ശ്വാസോച്ഛ്വാസത്തിന്റെ ശബ്ദം രൂക്ഷതരമായി.

'ബെർണാഡ്' അയാൾ വിളിച്ചു.

'ഉവ്വ്' ഡോക്ടർ കാതുകൂർപ്പിച്ചുനിന്നു.

'ബോധക്ഷയത്തിൽ ഞാൻ മരിക്കാനാഗ്രഹിക്കുന്നില്ല ഡോക്ടർ ഏതു സംഭവിക്കുന്നു എന്നെനിക്കു കാണണം. ഞാൻ പറഞ്ഞതു മനസ്സിലായോ.' മാണത്തെ നേരിൽകാണണമെന്നാണ് മെർസാൾട്ട് പറഞ്ഞതു്: അതു മനസ്സിലാക്കിക്കൊണ്ട് ഡോക്ടർ ബെർണാഡ് 'ഉവ്വ്' എന്നു പറഞ്ഞു

പീററർ മെർസാൾട്ട് മരണത്തെ നേരിട്ടുകാണുന്നു. പ്രകൃതിയിലെ മധുരഭാവങ്ങളുമായി, വർണ്ണവിഭവങ്ങളുമായി ലയിച്ചുചേരുന്ന അനശ്വരനിമിഷങ്ങൾ വിചരിക്കയാണ് തുടർന്നുള്ള ജ്വാലകളിൽ ഉജ്ജ്വലമായഗദ്യത്തിലെഴുതിയകവിതകളിലൂടെ മരണഭയത്തിനെക്കാളുമിങ്ങനെ വിശേഷിപ്പിക്കുന്നു. മനുഷ്യനിൽ മരിക്കാതെകിടക്കുന്ന അനന്തമായ ബന്ധങ്ങളെ ന്യായീകരിക്കയാണ് മരണഭയം.

പീററർ മെർസാൾട്ടിന്റെ അവസാനത്തെ ദിവസം തണുത്ത ദിവസമായിരുന്നു് പക്ഷികളുടെ ശബ്ദങ്ങൾ അന്തരീക്ഷത്തിൽ നിറഞ്ഞുനില്ക്കുന്ന സൂര്യൻ വേഗത്തിലുണർന്നു ഭൂമിക്കുചുററും സ്വർണ്ണനിറം. മന്ദാനിലൻ ചൂളമടിച്ചുനടന്നു മെർസാൾട്ടിന്റെ ഓരോ രോമകൂപത്തിലും അതു് രോമാഞ്ചമുയർത്തി. പ്രപഞ്ചത്തിലെ എല്ലാ ചലനങ്ങളിലും താൻ നിറഞ്ഞുനി

ല്ലുന്നവെന്നവനു തോന്നി. പെട്ടെന്നവൻ മനസ്സിലാക്കി താൻ കിടക്കയിലാണിരിക്കുന്നതെന്നു്. ലൂസിയെന്റെ മുഖം തന്റെ മുഖത്തോടൊട്ടിയിരിക്കുന്നു. വളരെവേഗതയിലവൻ ശ്വാസോച്ഛ്വാസം ചെയ്തു. ഓരോ സെക്കൻറും മരണത്തിന്റെ മുഖത്തിൽ ഒരു വർണ്ണമായി അലിയുമ്പോൾ നിനക്കു സമയമായി നീ വന്നോളൂ എന്നു ക്ഷണിക്കുന്നതുപോലെതോന്നി. അവൻ ലൂസിയെ നെനോക്കി. ചുളലില്ലാതെ അവനു് പുഞ്ചിരിക്കാൻ കഴിഞ്ഞു. ആത്മാവിന്റെ അഗാധതയിൽ നിന്നായിരുന്നതു്. മെർസാൾട്ടിന്റെ ബീജം ആ ചിരിയുടെ സൃഷ്ടിക്കാവശ്യമില്ലായിരുന്നു. അവൻ ലൂയിയെന്നെ പിറകോട്ടു് തള്ളിമാററി ലൂയിയെന്റെ വീർത്തുചുകന്ന അധരപുടങ്ങളിൽ അവൻ നോക്കി. ലൂയിയുടെ മന്ദഹാസം. ആ മന്ദഹാസത്തിൽ താനൊരണ്ണവായി... ഒരു മിനിട്ടുകഴിഞ്ഞാൽ... ഒരു സെക്കൻറു് കഴിഞ്ഞാൽ... ഒന്നു് രണ്ടു് മൂന്നു്... ആ ശബ്ദം നിലച്ചു. അവൻ തന്റെ ആത്മാവിന്റെ ആഴാന്തത്തിൽ മെലയായി മധുരമന്ദഹസത്തോടെ ഒരു വർണ്ണരാജിപോലെ ഒഴുകിപ്പരക്കുന്നതു് നീർപൊടിഞ്ഞ നയനങ്ങളോടെ തുടുത്തു വീർത്ത അധരങ്ങൾ വിറപ്പിച്ചുകൊണ്ടു് ലൂയിയെൻ നോക്കിയിരുന്നു.

കാമുവിന്റെ സൃഷ്ടികളിൽ എന്തുകൊണ്ടോ എന്നെഏററവുമധികം മോഹിപ്പിച്ച സ്വാധീനിച്ച കൃതിയാണു് 'ഏ ഹാപ്പിഡത്ത്' ഇത്ര ഭാവഭദ്രമായി ഒരു കൃതി കാമുവിന്റേതായി ഞാൻ വേറെ കാണുന്നില്ല. അവസാനത്തെ അദ്ധ്യായം എത്ര യാവർത്തി വായിച്ചാലും മതിവരില്ല. കാമുഗദ്യത്തിലെഴുതിയ കവിതയാണു് ഈ നോവൽ. മരണത്തിന്റെ മനോഹരമായ മുഖം നേരിൽകാണാൻ ആധുനികസാഹിത്യത്തിലെ പ്രതിഭാശാലിയായ കാമുവുമായി നേരിട്ടുസംസാരിക്കാൻ 'ഏ ഹാപ്പി ഡത്ത്' വായിക്കുവാൻ ഞാൻ ശുപാർശചെയ്യുന്നു.

'A Happy Death' — ALBERT CAMU'S—Translated from the French. by Richard Howard—Publishers Hamish Haimilton, London.

...*... Price Rs 42.

(8-ൽനിന്നും തുടർച്ച)

"ശാശ്വതമായിരുപേരുമായ് പോററുന്നിതീശ്വരൻ നൽകംകിടാങ്ങളേയും"
"ഈശ്വരസങ്കൽപങ്ങൾക്കു വഴിപ്പെടാതാശ്വാസമെത്തുമനുഷ്യനുള്ളു."
"ആരറിയുന്നിതഖിലനിയന്താവിൻ
പ്രേരണതന്റെ രഹസ്യമെല്ലാം."
"ഹാ ഹാ ഭഗവൻജഗദീശ! നിന്തിരു-
മാഹാത്മ്യമാന്ന ഗുണങ്ങളാകം
സത്യവിശുദ്ധിയും സ്നേഹവും
തേജസ്സും-
മുത്തമജാതിയിലെന്നപോലെ,
അന്ത്യജന്മാരിലും കാണുകിലങ്ങേയ്ക്കു-
ണ്ടെന്തേയവർ തമ്മിൽ ഭേദമുള്ളു.
കില്ലില്ല, ധാതാവേ, നിന്റെ തൃക്ക-
ണ്ണിനു
തെല്ലുമ്ജ്ജാതിഭേദങ്ങളില്ല."

അങ്ങനെ സാവിത്രിചാത്തനെപരിണയിക്കാൻ തീരുമാനിക്കുന്ന ഓരോ അടിവെപ്പിലും ഈശ്വരനെ വിചാരിച്ചും ഈശ്വരഹിതമാണതെന്നു കരുതിയും ചിന്തിച്ചേ മുന്നോട്ടുപോകുന്നുള്ളു.

"അത്യാഹിതത്തിലുമിഷ്ടമില്ലാതുള്ള
ഹസ്തമൊന്നെൻ മെയ്യെസ്പർശിയാതെ
ഇത്രകാലം കാത്തൊരമ്പാർന്ന ലോ-
കൈക-
മിത്രമേ സർവ്വ ജഗൽപിതാവേ?
കേവലമിന്നിയെളിയമനോരഥം
കൈവരുവാൻ കേണിരന്നിടുന്നേൻ.
പാവമിപ്പെൺകിടാവായതും
വിഘ്നത്താ-
ലാവിലമാകായ്വാൻ
പ്രാർത്ഥിക്കുന്നേൻ"

അങ്ങേയററത്തെ നിസ്സഹായതയിൽനിന്നും, ഉലയാത്ത വിശ്വാസത്തിൽ നിന്നും, ഉടലെടുത്ത ഈ പ്രാർത്ഥന പുറത്തുവരുമ്പോഴേക്കും കണ്ണീർകണങ്ങൾ പൊടിഞ്ഞതുകണ്ടു കവിയ്ക്കുകൂടി മനസ്സലിഞ്ഞു.

'പ്രാർത്ഥിച്ചുകൊൾകമനസ്വിനി! നിന്നിഷ്ടം പുത്തിയാക്കീടട്ടേ സർവ്വശക്തൻ' എന്നാശീർവ്വദിക്കുകയും ചെയ്തു. ആ മനോരഥത്തെ അനുഗ്രഹിക്കാൻ കവിയ്ക്കുവേറെയുമുണ്ടു് ന്യായങ്ങൾ: കാളിദാസൻ ശാകന്തളത്തിൽ ദുഷ്യന്തനു നൽകുന്ന ഒരനുവാദപത്രമുണ്ടല്ലോ.

അസംശയം ക്ഷത്രിയപരിഗ്രഹക്ഷമാ-
യദാര്യമസ്യാമഭിലാഷി മേ മനഃ
സതാം ഹി സന്ദേഹപദേഷു വസ്തുഷു
പ്രമാണമന്തഃകരണ പ്രവൃത്തയഃ'

ആര്യന്മാർക്കു—(സജ്ജനങ്ങൾക്കു) അന്തഃകരണത്തിന്റെ നിയോഗമാണു് ധർമ്മപ്രമാണം— അതുകൊണ്ടു തന്റെ അഭിലാഷപാത്രമായ ശകുന്തളയെ നിസ്സംശയമായും പരിഗ്രഹിക്കാം. ഈ പ്രമാണത്തെ പിന്നീടുവന്ന പല ധർമ്മശാസ്ത്രകാരന്മാരും സ്വീകാര്യമായ ഒരു ധർമ്മതത്ത്വമായി ഉദ്ധരിച്ചുകാണാം. കുമാരകവിയും സാവിത്രിയോടു പറയുന്നതു് അതുതന്നെ. 'പാവനശീലയായ നിന്റെ അന്തരാത്മാവു കല്പിക്കുന്ന വഴിയിൽക്കൂടി സഞ്ചരിക്കുന്നതു് ഒട്ടും നിന്ദ്യമല്ല കാരണം, ആ അന്തഃകരണത്തിൽ ലോകനിയന്താവു് ഇരിപ്പുറപ്പിച്ചിരിക്കുന്നു.

സാവിത്രിക്കു് അന്തർജ്ജനപാരമ്പര്യമുള്ളതുകൊണ്ടു പ്രാർത്ഥന ദിനകൃത്യമാക്കിയവളാണെന്നാരെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ അവർക്കു തെററിപ്പോയിരിക്കുന്നു; ആശാൻ ആപദ്സന്ധിയിൽ ഈശ്വരോന്മുഖമാക്കി അവളുടെ ചിന്തയെ തിരിച്ചുവിട്ടുകയാണെന്നതിൽ സംശയിക്കേണ്ട.

'ഞാനൊന്നും പ്രാർത്ഥിച്ചറിവില്ല' എന്നും'

'ഒന്നാമതെല്ലാവിഭവവുമാന്ന ഞാ-
നൊന്നും കാണാഞ്ഞതാം പ്രാർത്ഥ്യ
മായ്'

എന്നും സാവിത്രിതന്നെ തുറന്നു പറയുന്നുണ്ടല്ലോ

'സത്യമാണായതെന്നാകിലതിന്നഹോ
ന്ത്യംതൊഴുതുഞാനീ പ്രാർത്ഥിക്കുന്നേൻ
'ഈശ്വരവാക്യങ്ങൾ പോലീ വിചാര
ണ ളാശ്വാസമേകുന്നിതുൾക്കാമ്പിങ്കൽ'

തുടങ്ങിയ വാക്യങ്ങളെല്ലാം വിട്ടുകൊണ്ടു പ്രാർത്ഥനയിലൂടെ ആത്മലയം സാധിക്കുന്ന ഒരപൂർവ്വ മുഹൂർത്തത്തിലേക്കു കടക്കുക. ചാത്തനെ കാത്തുകാത്തു, ചാത്തനെ വരിക്കാൻ തീരുമാനിച്ചുവിവരം ഉള്ളടക്കിക്കൊണ്ടു്, 'സന്ധ്യകഴിഞ്ഞിട്ടും ചാത്തനെ കാണാഞ്ഞതിൽ ഉൽക്കണ്ഠിതയായി സാവിത്രി പ്രാർത്ഥിക്കുന്ന ചിത്രം അത്യന്തസുന്ദരവും അനുഭവൈകവേദ്യവുമത്രേ.

"പ്രമദിയിതനുജഗൽപിതാവിൻ-
കഴൽത്താമരയുൾത്താരിൽ-
ത ങ്ങിനിന്നിതി.
ഓമൽമിഴികളുമൊട്ടു-
പൂട്ട്സന്ധ്യാനാമജപമായി-
നീരജാക്ഷി."

ആ ജപവേളയിൽ സ്ഥലകാലങ്ങളൊക്കെ മനസ്സിൽനിന്നു നിശ്ശേഷമായിരിക്കണമെന്നു് തുടർന്നുള്ള വർണ്ണനകളിൽനിന്നു സിദ്ധിക്കും. അതു, ആ ധ്യാനത്തിൽനിന്നുണരുമ്പോഴുക്കം ചാത്തന്റെ കാലൊച്ച കേൾക്കായി. പ്രാർത്ഥനയുടെ ഫലം അത്ര മഹത്താണു്. തുടർന്നങ്ങോട്ടുള്ള രംഗങ്ങൾ; ക്ഷേത്രസങ്കേതത്തിലെ ദേവാപാസനയ്ക്കുതുല്യം പരമവിശിഷ്ടമാകാൻ കവിയ്ക്കുകഴിഞ്ഞിരിക്കുന്നു ഉദ്ധരിച്ചാം വരുന്നിടുത്തോളം അത്രയധികമാണു് അവിടത്തെ ഈശ്വരാർപ്പിതമായ വിചാരഗതി. ചുരുക്കത്തിൽ, സാവിത്രി ചാത്തന്റെ ചാളയിൽപ്പെട്ടതും, ചാത്തനെ വരിക്കുന്നതും ഈശ്വരനിയോഗത്താലാണെന്നു ബോദ്ധ്യപ്പെടുത്തിയ കവി അടങ്ങുന്നുള്ളു. ഈശ്വരസ്പൃഷ്ടമായ ഇത്തരം സമാഗമങ്ങളെ വിഘ്നപ്പെടുത്തുന്നു എന്ന കാരണത്താലാണു്, ഈശ്വരഹിതത്തിന്നെതിരാണു് എന്നകാരണത്താലാണു്; ആശാൻ ജാതിധർമ്മത്തിനു ചോല്യം മുതിരുന്നതെന്നു ദുഃസ്ഥിതി വായിക്കുന്ന ഒരാൾക്കു തോന്നാ.

മററുകൃതികളിലുമുണ്ടു് സമാനമായ പല സന്ദർഭങ്ങളും. പ്രാർത്ഥനയുടെയും ഈശ്വരചിന്തയുടെയും അഭാവംകൊണ്ടല്ലേ, വാസവദത്തയ്ക്കുപോലും പ്രേമസാഫല്യം കൈവരാഞ്ഞതെന്നു ചോദിക്കത്തക്ക വിധം അത്രമാത്രം ആശാൻ പ്രതിഭയുടെ പ്രാണചൈതന്യമായി വർത്തിക്കുന്ന ഒന്നായ്ട്ടുണ്ടു് അസ്തിക്യബോധം സ്തോത്രകൃതികളിൽനിന്നുതുടങ്ങി അന്തിമദശവരെ വ്യാപിച്ചുനില്ക്കുന്ന ഒരു മാനസികാവസ്ഥയാണതു്. ആശാൻ നിത്യേനധ്യാനനിരതനായിരിക്കാറുണ്ടെന്നു ഭാര്യമതിയമ്മയുടെ പ്രസ്താവനകൂടി * നോക്കുമ്പോൾ ആശാനു പുനർജ്ജന്മമല്ല, അനസ്യൂതവികാസവും വളർച്ചയുമാണുണ്ടായിട്ടുള്ളതെന്നു വ്യക്തമാകും.

---

*. ആശാൻ സ്മൃതി. മദ്രാസ് 1966

—:—